AR
163

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. 53.

ജയന്തകൃതമായ

കേരളി

(ഷോഡശക്രിയാകാരികാ)

KĒRAḶI

BY

JAYANTA

(ṢOḌAS'AKRIYĀKĀRIKA)

Edited by

T. CHANDRASEKHARAN, M.A., L.T.,

Curator, Government Oriental Manuscripts Library, Madras.

AND

THE STAFF OF THE LIBRARY

Under the orders of the Government of Madras

1956

MADRAS GOVERNMENT ORIENTAL MANUSCRIPTS SERIES No. 53.

ജയന്തകൃതമായ

കേരളി

(ഷോഡശക്രിയാകാരിക)

KĒRALI

BY

JAYANTA

(ṢOḌAS'AKRIYĀKĀRIKA)

Edited by

T. CHANDRASEKHARAN, M.A., L.T.,
Curator, Government Oriental Manuscripts Library, Madras,

AND

THE STAFF OF THE LIBRARY

Under the orders of the Government of Madras

1956

Price Rs. 2-4-0

മുഖവുര

ആഭിജാത്യം, ആചാരം മുതലായ കാൎയ്യങ്ങളിൽ അത്യന്തം നിഷ്കൎഷയുള്ളവരാണ് നമ്പൂതിരിമാരെന്നു പറയപ്പെടുന്ന കേരളബ്രാഹ്മണർ. വേളി, ചൌളം, സമാവൎത്തം, സീമന്തം, ഉപനയനം മുതലായ ഷോഡശക്രിയകളിൽ ആചരിക്കേണ്ട ചടങ്ങുകളെപ്പററി അവർ മുൻകാലങ്ങളിൽ ചെയ്തുവെച്ചിട്ടുള്ള ഏൎപ്പാടുകൾ ഇന്നും നിലനിന്നുവരുന്നുണ്ട്. ഭാവിതലമുറകൾക്കു ആചാരദോഷമുണ്ടാകാൻ പാടില്ലെന്ന അഭിമാനം നിമിത്തം ബ്രാഹ്മണരുടെ ആചാരങ്ങളേയും ചടങ്ങുകളേയും പ്രതിപാദിക്കുന്ന അനവധി ഗ്രന്ഥങ്ങൾ അവർ എഴുതിവെച്ചിട്ടുമുണ്ട്. കേരളത്തിൽ വൈദികകൎമ്മപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങൾ സംസ്കൃതത്തിലും ഭാഷയിലും വിപുലമായ തോതിലുണ്ടെന്നുള്ള സംഗതി പ്രസ്താവ്യമാണ്. ആചാരത്തിൽ ശ്രദ്ധയും ഭക്തിയുമുള്ള ബ്രാഹ്മണരെ സംബന്ധിച്ചേടത്തോളം അവ പ്രധാന വിഷയങ്ങളുമാണ്.

അനേകം വിഷയങ്ങളിൽ നമ്പൂതിരിമാൎക്കു പരദേശബ്രാഹ്മണരുമായി വ്യത്യാസമുണ്ട്. ക്രിയകളിലും വ്യത്യാസങ്ങൾ കാണായ്കയില്ല; എങ്കിലും അവയെല്ലാം വേദമൂലങ്ങളാണെന്നുള്ളതിൽ സംശയമില്ല. ഈ ചടങ്ങുകളിൽ മിക്കവയും അനുഷ്ഠാനത്തിൽ എളുപ്പം തെററുപററാവുന്ന വിധത്തിലുള്ളവയാണ്; മാത്രമല്ല, ചില ചടങ്ങുകൾ വളരെ നിസ്സാരങ്ങളാണെന്നുപോലും ചിലൎക്കു തോന്നിയേക്കാം. തൽഫലമായി ചില ചടങ്ങുകളിൽ ചിലൎക്കു തെററു പററിപ്പോകാനും മററു ചിലർ മനഃപൂൎവ്വം ചില ചടങ്ങുകളെ ആചരിക്കാതിരിപ്പാനും അവകാശം വന്നു. അങ്ങിനെ ആചാരത്തിൽ തെററു പററിപ്പോയാൽ ചെയ്യേണ്ട പ്രായശ്ചിത്തവിധികളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും സംസ്കൃതത്തിലും ഭാഷയിലും ധാരാളമുണ്ടായിട്ടുണ്ട്. ദുഷ്കരങ്ങളെന്നോ നിസ്സാരങ്ങളെന്നോ വിചാരിച്ചു ചില ചടങ്ങുകളെ മനഃപൂൎവ്വം നിരാകരിക്കുന്നവൎക്ക് സമുദായത്തിൽ ആഭിജാത്യക്കുറവു സംഭവിക്കുന്നതാണ്. തന്നിമിത്തം അടുത്തകാലംവരേയും മലയാളബ്രാഹ്മണർ അവരുടെ ആചാരങ്ങളുടേയും ചടങ്ങുകളുടേയും അനുഷ്ഠാനത്തിൽ വേണ്ട നിഷ്കൎഷ പരിപാലിച്ചുപോന്നിരുന്നു.

ബോധായനമതാനുയായികളായ നമ്പൂതിരിമാരുടെ ഷോഡശക്രിയകളുടെ ചടങ്ങുകളാണ് പ്രകൃതഗ്രന്ഥമായ കേരളിയിലെ പ്രതിപാദ്യവിഷയങ്ങൾ.

ഗ്രന്ഥകൎത്താവ്

ഈ ഗ്രന്ഥത്തിന്റെ കൎത്താവ് ജയന്തൻ എന്നു പേരായ ഒരു നമ്പൂതിരിയാകുന്നു. അനേകം ശാസ്ത്രകാരന്മാരുടെ ജന്മഭൂമിയെന്നു പ്രസിദ്ധമായ പെരുമനം ഗ്രാമമാണ് അദ്ദേഹത്തിന്റെയും ജനനസ്ഥലം. കിരാങ്ങാട്ടുമനക്കൽ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ മകൻ നാരായണൻ നമ്പൂതിരിപ്പാടാണ് ഇദ്ദേഹത്തിന്റെ അച്ഛൻ. ഇദ്ദേഹത്തിന്റെ ഗുരുനാഥനു ശങ്കരൻ എന്നായിരുന്നു പേർ. ഈ സംഗതികൾക്കു പുറമെ മററു പല കാൎയ്യങ്ങളും കവിതന്നെ സ്വകൃതിയിൽ വിശദമാംവണ്ണം വൎണ്ണിച്ചിട്ടുണ്ട്. കേരളസാഹിത്യചരിത്രം 3-ാം ഭാഗം 211-ാം ഭാഗത്തിൽ "കിരാങ്ങാട്ടു ജയന്തൻ നമ്പൂതിരിപ്പാട് " എന്ന തലക്കെട്ടിൽ മഹാകവി ഉള്ളൂർ പ്രസ്തുത കവിയുടെ പിതാവായി നീലകണ്ഠൻ നമ്പൂതിരിയെ സ്ഥാപിക്കുന്നതിന്റെ ഔചിത്യം ചിന്ത്യമാണ്.

കേരളിയെക്കൂടാതെ ഈ കവിയുടെതന്നെ "ആശൌചകേരളി" യെന്നപേരിൽ വേറൊരു ഭാഷാഗ്രന്ഥവും "രസരത്നാകര"മെന്നപേരിൽ സംസ്കൃത ഭാഷയിൽ നിൎമ്മിതമായ ഒരു ഭാണവും മദിരാശി ഗവൎമ്മേണ്ട് ഓറിയന്റൽ ലൈബ്രറിയിൽ D. 39, R. 3307, എന്നീ നമ്പറുകളിൽ ഉണ്ട്. നാരായണനാണ് ജയന്തന്റെ പിതാവെന്നുള്ള സംഗതി രസരത്നാകരഭാണത്തിന്റെ ആരംഭത്തിൽ വളരെ വ്യക്തമാക്കിയിട്ടുണ്ട്. ജയന്തന്റെ കൃതികളെപ്പററി തന്റെ സാഹിത്യചരിത്രം3-ാം ഭാഗം 212-ാം പേജിൽ പ്രസ്താവിക്കുന്നേടത്തു ഉള്ളൂരവർകൾ ഈ കൃതിയെപ്പററി ഒന്നുംതന്നെ പറഞ്ഞു കാണുന്നില്ല

"കേരളി"യിലെ ഭാഷയ്ക്കു പറയത്തക്ക പഴക്കമൊന്നും കാണുന്നില്ല. ആശൌചകേരളിയിൽനിന്നു ചില വരികളുദ്ധരിച്ച് വടക്കുംകൂറവർകൾ അതിലെ ഭാഷ നവീനമാണെന്നു തന്റെ കേരളസംസ്കൃതസാഹിത്യചരിത്രം മൂന്നാം ഭാഗം 397-ാം പേജിൽ കാണിച്ച അഭിപ്രായംതന്നെ ഈ കൃതിയെപ്പററിയും പറയാവുന്നതാണ്. ഒരേ

കവിയുടെ ഭാഷയിൽ ഏകകാലനിർമ്മിതങ്ങളാണല്ലോ "കേരളിയും" "ആശൌചകേരളി"യും. ജയന്തൻ നമ്പൂതിരിയുടെ കാലം കൊല്ലവർഷം 9-ാം ശതകമാവാൻ ന്യായമുണ്ടെന്നാണ് ഉള്ളൂരവർകളുടെ അഭിപ്രായം. രസരത്നാകരഭാണം താൻ നിർമ്മിച്ചതു വഞ്ചിമഹാരാജാവായ രാജരാജന്റെ ആജ്ഞകൊണ്ടാണെന്നു കവി പറയുന്നുണ്ട്. വഞ്ചി രാജപരമ്പരയിൽ ഈ പേരിലുള്ള രാജാവാരാണെന്നാരാഞ്ഞറിയുന്നതു് കവിയുടെ കാലത്തെപ്പറ്റി തിട്ടമായൊരഭിപ്രായം പറവാൻ സാധകമാകും. രാജരാജനെന്നു പേരായ ഒരു മാടഭൂപന്റെ നിർദ്ദേശപ്രകാരം മഴമംഗലത്തു നാരായണൻ നമ്പൂതിരിപ്പാട് നിർമ്മിച്ചിട്ടുള്ള മഹിഷമംഗലം ഭാണത്തിൽനിന്നു് ഉള്ളൂരവർകൾ (സാഹിത്യചരിത്രം 2-ാം ഭാഗം 295-ാം പേജ്) ചില വരികളുദ്ധരിക്കുന്നുണ്ട്. ഈ കൃതിക്കു രസരത്നാകരഭാണവുമായി ചിലേടത്തെല്ലാം സാമ്യവുമുണ്ട്. രണ്ടു ഭാണവും രാജരാജന്റെ നിർദ്ദേശപ്രകാരം നിർമ്മിതങ്ങളാണ്. എന്നാൽ വഞ്ചി ഭൂപാലനും മാടഭൂപാലനുമെന്ന ഭേദം ഈ രാജരാജന്മാരിൽ കാണുന്നു. മഴമംഗലത്തിന്റെ കാലം കൊല്ലവർഷം 700 നും 770-നും ഇടയിലാകാമെന്നു ഉള്ളൂരവർകൾ സാമാന്യമായി നിർണ്ണയിച്ചിട്ടുണ്ട്. ജയന്തന്റെ കാലം ഭാഷാരീതിയെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ അത്രയ്ക്കു പഴക്കമുള്ളതായി തോന്നുന്നില്ല.

"കാരിക കണ്ടും പണ്ടെ
ഗുരുചരണസരോജസേവകൊണ്ടുമിതു്.
വാരി വലിച്ചു ചമച്ചാൽ
പോരികയെന്നോക്കൊലാ മഹാജനമേ."

മേൽ കാണിച്ച പദ്യത്തിൽ അനുസ്മൃതമായ "കാരിക" എന്ന ഗ്രന്ഥം "സ്മാർത്തകാരിക" എന്ന പേരിൽ അറിയപ്പെടുന്നതായിരിക്കാം. സ്മാർത്തകാരികയിലും വിവാഹാദിച്ചടങ്ങുകളെയാണല്ലോ പ്രതിപാദിക്കുന്നതു്. ഈ ഗ്രന്ഥം മഹിഷമംഗലം പണ്ഡിതന്മാരുടേതാണെന്നു വിശ്വസിക്കുന്നതായാൽ കേരളീകർത്താവിനു അവരുടെ അനന്തിരവസ്ഥാനം കല്പിക്കുന്നതിൽ വലിയ തെറ്റില്ലെന്നു വരാം. അതുകൊണ്ടു് കവി കൊല്ലവർഷം 8-ാം ശതകക്കാരനാണെന്നു സാമാന്യനിർണ്ണയം ഉചിതമാവാനവകാശമുണ്ടു്.

അഷ്ടാംഗഹൃദയം ഉത്തരസ്ഥാനത്തിനു പുലാമന്തോൾ മൂസ്സത്വർകൾ എഴുതിയിട്ടുള്ള വ്യാഖ്യാനത്തിനു വെറും കൈരളിയെന്നു പേർ പറഞ്ഞുവരുന്നുണ്ടല്ലോ. അതുപോലെ ഈ ഭാഷാഗ്രന്ഥത്തിനും കേരളിയെന്ന പേർ കർത്തൃകൃതമാണ്. പൂർവ്വാപരഷോഡശക്രിയകളെ കാരികാരൂപത്തിൽ പ്രതിപാദിക്കുന്നതുകൊണ്ടു ഷോഡശക്രിയാകാരികയെന്ന അന്വർത്ഥനാമധേയത്തിലാണ് ഈ ഗ്രന്ഥം അറിയപ്പെടുന്നതു്. ഈ ഗ്രന്ഥത്തിനുതന്നെ ബോധായനസ്മാർത്തപ്രയോഗം എന്നൊരു പേരു കൂടിയുണ്ടെന്നു് ഉള്ളൂർ അദ്ദേഹത്തിന്റെ കേരളസാഹിത്യചരിത്രത്തിൽ പറയുന്നുണ്ടു്.

ഷോഡശക്രിയാകാരിക എന്നപേരിൽ D. 26-ാം നമ്പറിൽ ഗവർമ്മേണ്ടു്ഓറിയന്റൽമാനുസ്ക്രിപ്ട്സ്ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഒരു കടലാസ്സ് കയ്യെഴുത്തുപ്രതിയാണ് ഈ പ്രസിദ്ധീകരണത്തിനു മൂലമായതു്. 1921-22ൽ ഒരു വാസുദേവൻ നമ്പൂതിരിയുടെ കൈവശമുണ്ടായിരുന്ന ഗ്രന്ഥത്തിന്റെ പകർപ്പാണിതു്. മുദ്രണത്തിനു തയ്യാറാക്കിയ പകർപ്പ് D. 27-ാം നമ്പറായി ഇതേ പേരിൽ തന്നെ ടി ലൈബ്രറിയിലുള്ള മറ്റൊരു ഗ്രന്ഥവുമായി ഒത്തുനോക്കി കഴിയുന്ന പാഠഭേദങ്ങളും മറ്റും കൊടുത്തിട്ടുണ്ടു്. രണ്ടു പ്രതികളിലും അക്ഷരപ്പിഴകൾ ധാരാളമുണ്ടായിരുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ചതിന്നു് ശ്രീ. എ. ഗോപാലമേനവനോടും ശ്രീ എം. പി. മുകുന്ദനോടും ഞാൻ കൃതജ്ഞനാണു്.

ടി. ചന്ദ്രശേഖരൻ,
ക്യൂറേറ്റർ
ഗവർമ്മേണ്ടു് ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ്, ലൈബ്രറി
മദ്രാസ് - 5.

INTRODUCTION

Vedic literature in Kerala occupies an important position. Many books are written in Sanskrit and Malayalam pertaining to Vedic Laws and its observance. Most of them are indebted to Nambūtiris for their existance. Kerala brahmins were very ritualists and were well versed in Sanskrit and Malayalam. They have written a lot of ritual works in both the languages. Persons with faith and reverence in proper discharge of their religious rites will find such works immensly useful to safeguard their interest.

The present edition Kēraḷi describes the religious ceremonies of Nambūtiris in accordance with Bodhāyana School. This is based on a paper manuscript preserved in the Govt. Oriental Mss. Library, Madras under No. D. 26 with title Soḍaśakriyākārika. (The name Kēraḷi is given to this publications, because the author himself has named it such.) This was copied for this Library in 1921-22 from a Ms. belonging to one Vāsudevan Nambūtiri of Malabar. The press copy was collated with another Ms. preserved in the same Library under D. No. 27. This manuscript was copied in 1918-19 from a manuscript of Chirakkal Rāja of Malabar. Thedifferent readings are given in the foot note.

The author of this work is Jayantan Nambūtiri, son of one Narayanan Nambūtiri of Kirangattumana in Perumanam Grāmam. The author refers to his ancestors and the knowledge of ritual art hereditary in the family. He also pays his tribute to his teacher whose name as mentioned in this work is Saṅkara. Jayanta's paternity is attributed to Nilakanthan Nambūtiri by Mahākav Ullūr in his Kerala Sāhitya Caritam. The verses from Kēraḷī quoted by him to establish the statement are to be considered.

There are two works of the same author in the Government Oriental Manuscripts Library under the titles, *Asaucavidhi* and Rasaratnākarabhāṇam, written in Malayalam and Sanskrit respectively. The former bears the No. D. 39 and the later R. 3307. It is also clear from Rasaratnākaram that Jayantan is the son of Nārāyaṇan.

The language of Kēraḷi is not old. Eighth centuary of the Kollam Era can be roughly said as the period of this work and its author. In Rasaratnākaram the author is mentioning one Vañcibhūpāla by name Rāja Rāja and says that he wrote the Bhāṇam at the instance of that king. This work is similar to one Mahiṣamaṅgalabhāṇam whose author is one Mazhamangalam Nārāyaṇan Nambūtiri. Here also the author stated that he composed the work at the instance of one Mātabhūpa by name Rāja Rāja. The above fact also will throw some light in the history of Jayantan Nambūtiri, the author of the present edition.

My thanks are due to Sri A. Gopala Menon and M. P. Mukundan, Pandits of this library for the help rendered by them in editing this work.

Govt. Oriental
Manuscripts Library,
Madras.
28-2-1956.

T. CHANDRASEKHARAN,
Curator.

കൈരളി

—:*:—

കൊമ്പും തുമ്പിക്കയ്യും
ചെമ്പഞ്ഞി[1]നിറംപഴിക്കുമുടൽവടിവും
സംപ്രതികോലും കോലം
സമ്പദമരുളീടുകമ്പിൽ മമ വചസാം.

പനിമതിനെറിനിറമാളും
തന്മൊഴിമകളെങ്ങൾനാവിൽ നടമിടുക.
കനിവിലിടക്കുന്നിചെഴും
പനിമലമകളും നമുക്കു തരിക വരം.

ബോധായനനെ വന്ദിച്ചു ഷോഡശക്രിയ ഭാഷയാ
ആധാസ്യാമീഹ ബാലപ്രബോധായ ചെറുതേഷ ഞാൻ.

കാരികകണ്ടും പണ്ടെ
ഗുരുചരണസരോജസേവകൊണ്ടുമിതു്
വാരിവലിച്ചു ചമച്ചാൽ
പോരികയെന്നോക്ലാ മഹാജനമെ.

ഗുരുമുഖമില്ലാതെപോ-
കരുതൊന്നിനുമെന്നുകണ്ടു ചെറുതിവിടെ
പറയാതെയുണ്ടാമെ-
ന്നറികതിനെയറിഞ്ഞുകൊൾക ഗുരുവചസാം.

സാമാന്യമുള്ളവറെറക്കൊണ്ടാമെല്ലോ പറവാൻ നടെ
പ്രമാദിയാതെ ചെയ്യേല്ലാം ക്ഷമയോടെ യഥാവലെ.

ഈററനുടുത്തൊരു കർമ്മം
ചെയ്‌വീലെങ്കിലുമിതുണ്ടൊരാചാരം
സംസ്കാരാദികൾ പിണ്ഡ[2]
ത്തോളവുമഥ ജാതകർമ്മമീറനൊടെ.

---

1. നിറമഴിക്കു   2. പിണ്ഡം തൊട്ടഥ

വേളി ചൌളം ചമാവർത്തം സീമന്തമുപനീതിയും
ഗോദാനവുമിവാറിനും നാന്ദി നാലിൽ കുറയ്യൊല്ലാ.
ദേവകൾക്കും പിതൃക്കൾക്കുമൊപ്പിച്ചിരിരിവക്കു്
മററുമൊന്നിനുമോരോന്നിൽ കുറയ[1]ച്ചെയ്യിതില്ല പോൽ
തന്നോരുടൽപിറന്നോരെ വിശെ്വദേവകളാക്കുക
തൻഗോത്രമല്ലയാതോരെ പ്പിതൃക്കളെയുമാക്കുക.
ക്രിയ മറെറാരുവക്കാകിൽ വലത്തവരെ [2]വെച്ചുടൻ
തമ്മിൽ പലകമേൽ പുല്ലും തുടർന്നിട്ടു തുടങ്ങുക.
പ്രായശ്ചിത്തം ചെയ്തു വേണാം തന്നെ നാന്ദീമുഖക്രിയ
പ്രധാനനാന്ദികർമ്മത്തിന്നാവശ്യവുമില്ലയ്യൊല്ലാ.
നക്ഷത്രഹോമമായുഷ്യചരുവും ഗ്രഹശാന്തിയും
മുട്ടാതെ ചെയ്തു പോരുന്ന കർമ്മമൌപാസനാദിയും
നാന്ദീമുഖം തുടങ്ങുന്നാൾ ചെയ്യാൽ പോരുമിവററിനെ.
പിണ്ഡത്തിനും സപിണ്ഡിക്കും പ്രായശ്ചിത്തമില്ലയ്യൊല്ലാ
അക്കർമ്മദേവതേച്ചൊല്ലി ച്ചെയ്ക പുണ്യാഹവും പുനഃ
പ്രഥമാന്തമതെച്ചൊല്ലി “പ്രീയതാ” മെന്നു ചൊല്ലുക
ഇങ്ങിനെ ചെയ്ക കർമ്മത്തിന്നൊരു ദേവതയായിടിൽ.
എങ്ങിനെ കർമ്മമൊന്നിന്നു പല ദേവതയായിടിൽ?
അക്കർമ്മത്തിനുടെ [3]പേരേ ആദിയായ്ക്കൊണ്ടു ചൊല്ലുക
പലവായ് ദേവതാശബ്ദം “പ്രീയന്താ”മെന്നു ശേഷവും.
രണ്ടാകിൽ പേർ സമാസിച്ചാൽ “പ്രീയേതാ”മെന്നു ചൊല്ലുക
വിശേഷണവിശേഷ്യങ്ങൾ സമാസിക്കയുമില്ല താൻ
ഇരട്ടപ്പെട്ടിരിക്കേണം പുണ്യാഹത്തിന്നു കൂട്ടുവോർ.
അവരും ചൊല്ലുകവണ്ണം പ്രജാപതിയൊഴിഞ്ഞതു്
സ്രുവത്തിന്നു കരിങ്ങാലി വിധിച്ചതു പലാശുമാം
ജുഹു വേണ്ടാതടത്തെല്ലാം ചിലേടത്തു ചെമ്പുമാം

---

1. ചെയ്‌വുമില്ലതു്.   2. വെച്ചഥ
3. പേരങ്ങാദി

ജുഹുവിന്നു പലാശത്രെ പലേടത്തും വിധിച്ചതു്.
ഉപാകർമ്മത്തിന്നും മററും പ്ലാശിലത്തൊത്തുകൊണ്ടുമാം
ഗ്രഹശാന്ത്യാദികൾക്കെല്ലാം സ്രുവം ജുഹുവു ചെമ്പുമാം.
ചെമ്പുകൊണ്ടേവ കാണുന്നു പൂവട്ടകയുമോടവും
പുല്ലു ദർഭയൊഴിഞ്ഞേതും കൊള്ളൂവീലൊരിടത്തുമെ.
എല്ലാക്രിയക്കും സാമാന്യം പ്ലാശിൻചമത കൊൾവിതു്
പിതൃക്രിയക്കു സാമാന്യമത്തിച്ചമത കൊൾവിതു്
നീളം പിടി മുളം [1]കണ്ടു ക്രുട്ടച്ചമത കൊള്ളുക,
[2]മൂന്നാം പരിധിയമ്പോളം നീളം മറേറവ കയ്യോളം
മൂന്നും കയ്യോളവും കൊള്ളാം നീളമഗ്രം മുറിക്കൊലാ.
രണ്ടു ധൂപസമിധക്കും പോമന്നുയാജവുമൊന്നു പോം
മൂവേഴിലാറും പോയിട്ടു ഹോമിപ്പാൻ പതിനഞ്ചുളാം.
വടക്കുനോക്കിപ്പുണ്യാഹം [3]ദാനമാം നാന്ദികർമ്മവും
കിഴക്കുനോക്കി മറെറല്ലാം തെക്കു നോക്കിപ്പിതൃക്രിയ.
തെക്കു നോക്കീട്ടു ചെയ്യുന്ന കർമ്മത്തിന്നെള്ളു ക്രുട്ടുക
തെക്കുന്നു തൊട്ടഗ്നി[4]കോണാം പൂവിന്നു ചെറുപൂളയും
ഹോമം കിഴക്കു നോക്കീട്ടെ ചെയ്ക പൈതൃകമാകിലും.
പിതൃകർമ്മത്തിലുണ്ണുന്നോർ വടക്കോട്ടായിരിപ്പിതു്
ദേവക്രിയയിലുണ്ണുന്നോർ കിഴക്കോട്ടുമിരിപ്പിതു്
ക്ഷണിക്കുമ്പോൾ കിഴക്കോട്ടായെല്ലാരെയുമിരുത്തുക.[5]
അവരോടൊന്നു വേണ്ടുമ്പോൾ താനങ്ങവരെ നോക്കിയും
ഋഷികർമ്മത്തിന്നും പ്രേതമെട്ടപ്പാനും നിവീതമെ.
പിതൃക്രിയക്കിടത്തിട്ടു വലത്തിട്ടിതൊഴിഞ്ഞവ
അഭിവാദ്യം വലത്തിട്ടിട്ടെല്ലാടത്തും വിധിച്ചതു്.
ഇടത്തിട്ടതി(നി)ടത്തെക്കാൽ പടിഞ്ഞിട്ടങ്ങിരിക്കയും
വലത്തേക്കാൽ പടിഞ്ഞിട്ടു് പലേടത്തുമിരിപ്പിതു്.

1. കൊണ്ടു
2. പിന്നെ
3. ദാനവും
4. കോണം
5. ഇരുത്തുവു

ഉണ്ണുമ്പോഴിതിലെല്ലാരുമിടങ്കാൽ പടിയിന്നതു്
കയ്യു രണ്ടും മുഴങ്ങാൽക്കങ്ങക[1]മായ്ക്കൊണ്ടിരിക്കയും
ദേവക്രിയ വലത്തുടങ്ങിടത്തൂട്ടു പിതൃക്രിയാ
ശുദ്ധമായ് ചെയ്ക കർമ്മങ്ങളന്നേരമുരിയാടൊലാ.

കയ്യിൽവലംകൈ കൊണ്ടേ
കർമ്മം തുണവേണ്ടിടത്തിടങ്കയ്യാം,
പെരുവിരൽ മോതിരവിരലെ-
ന്നിവ പല കർമ്മങ്ങളിൽ പ്രധാന[2]മതിൽ.

പെരുവിരലനുദേശിപ്പാൻ
മറേറതിന്മേൽ പവിത്രമിട്ടു,
നഖമൊരിടത്തും പററാ
തട്ടുക തട്ടുകിലശുദ്ധമദ്രവ്യം.

കിഴക്കു തല കിഴക്കു പടിഞ്ഞാറായവററിന്നു്
ഹുതശേഷം ശാഖയൊന്നേ പടിഞ്ഞാറഗ്രമായ് വരൂ.
തെൻവടക്കായവററിന്നു വടക്കു തലയാവിതു്
പിതൃക്രിയക്കു വേണ്ടുന്നതൊക്കെത്തെക്കഗ്രമായ് വരൂ.

കളവത്തുനിരൃതിയിൽവേണം
കളഞ്ഞാൽകൈകഴുകണംകളഞ്ഞാലും
മേൽതൊട്ടാലും രുദ്ര-
ക്രിയചെയ്താലും ഹവിസ്സു [3]തൊട്ടാലും.
ഒരു പശുവിൻതോലോളം
ചാണകനീർകൊണ്ടു [4]ചതുരമായ് കഴുകി
ശകലവുമിട്ടുവടക്കെ
പുല്ലിട്ടു കമുഴ്ത്തിയേക്കു പാത്രങ്ങൾ.

അപ്പുല്ലിൽ ക്രൂടെ വെക്കേണം പ്രധാനം കർമ്മസാധനം
പ്രണീതയ്ക്കു കുറുംപുല്ലിട്ടതിൽ കിണ്ണം കമിഴ്ത്തുക.

1. മായിട്ടിരിക്കയും
2. മിതിൽ
3. തൊടുവാനും
4. ചതുശ്രമായ്മെഴുകി

ബ്രഹ്മന്ന തെക്ക കുറുമ്പു-
ല്ലിടുക നിലത്തെന്നിയെ പുറത്തുവരെ
ഹുതശേഷത്തിന്ന ചൊല്ലിയ
ശാഖ കിഴക്കിട്ടുകൊൾക തുണ്ടാകിൽ.

ഓരോന്നേ പിതൃകർമ്മത്തിലീരണ്ടായ് ദേവകർമ്മണി
ചാതിക്ക മാനുഷദ്രവ്യമൊക്കക്കൂടിയൊരിക്കലെ.

എല്ലാം കമുഴ്ത്തിച്ചാതിപ്പൂ മലത്തീട്ടു തളിപ്പിതു്
വേളിക്കും ഗ്രഹശാന്തിക്കമൌപാസനമിടേണ്ടിലും

[1]ന്തക്കഞ്ചാന്തിന്നമായുഷ്യചരുദത്തിവയേഴിന്നും
ജീവബ്രഹ്മനെ വെക്കേണം കൂച്ചും മററുള്ളവററിന്ന്.

ഉപസ്ഥാനം പലേടത്തും [2]തൊഴതെ ചെയ്തുകൊള്ളുക
ഉദ്ദേശിപ്പാൻ വലംകയ്യാൽ തന്നെ [3]തൊഴതു കാണ്മിതു്.

കാച്ചുന്നേരമവററിന്മേൽ ജ്വാലയൊട്ടൊട്ടു തട്ടുവു
കുഴിയുള്ളവയെല്ലാമെ കമുഴ്ത്തിക്കൊണ്ടു കാച്ചുക.

[4]നെയ്യോമിപ്പാൻ സ്രുവംകൊണ്ടു ജുഹുകൊണ്ടു [5]ഹവിസ്സിനെ
മേക്ഷണം കൂട്ടിയും പിന്നെ വെറുംകൈ കൊണ്ടുമുണ്ടതു്.

പ്രാജാപത്യങ്ങൾമനം
കൊണ്ടുനിനച്ചാൽ [6]മറിച്ചുവീഴാതെ
സ്വാഹായെന്നതുകേൾക്കെ-
ച്ചൊല്ലീട്ടോമിക്ക ഹോമമന്ത്രമിതെ.

കോരിയോമിക്കുമന്നേരമിററുവീഴുന്ന തുള്ളികൾ
പരിധിക്കു പുറം [7]വേണം പൂവട്ടകയിലെന്നിയെ.

നാലുകൂടെ യവദിച്ചിട്ടു പകപഹോമം [8]വിധിച്ചിതു്
ഒരു സ്രുവം നൈ ജുഹുവിൽ വീഴ്ത്തിക്കെകഴുകീട്ടഥ

1. നൂല്ലും
2. വന്ദിച്ചേ
3. വന്ദിച്ചു
4. നെയ്യൊഴിപ്പാൻ
5. ഹവിസ്സിനും
6. മുറിച്ചുവീരാതെ
7. വേണ്ടു
8. വിധിച്ചതു്

കിഴക്കുന്നും പടിഞ്ഞാറു നിന്നുമോരോന്നവിസ്സിനാൽ
അംഗുഷ്ഠപരിമാണം കൊണ്ടുരുട്ടിയതിൽ വെപ്പിതു്.

ക്രമത്താലൊരുസ്രുവം കൊണ്ടഭിഘാരിക്ക രണ്ടിനും
ഹവിസ്സിലൊന്നുപസ്തരിച്ചഗ്നിതന്നിലുമൊന്നഥ.

തന്റേ തന്റേ മന്ത്രവും ചൊല്ലി ഹോമം
ചെയ്യാൽ മേലേ പിന്നെ നൈകൊണ്ടുമൊന്നു്
ഉദ്ദേശത്യാഗത്തെയും ചെയ്തൊട്ടുക്കം
മന്ത്രത്താലാജ്യാഹുതീ ചെയ്ക പിന്നെ.

പുരോനുവാക്യയും പിന്നെയാജ്യയും രണ്ടു മന്ത്രവും
പുരോനുവാക്യം മുന്നേതു് പിന്നെച്ചൊൽവതു യാജ്യയാം.

സ്വരങ്ങളങ്കാരാദി കകാരാദികൾ വ്യഞ്ജനം
ഒടുക്കത്തെ സ്വരത്തോടുള്ളക്ഷരം പോൽ ടിയായതു്.

പുരോനു വാക്യം ചൊല്ലീട്ടങ്ങതിന്റെ ടി കളഞ്ഞതിൽ
പ്രണവം കൊണ്ടു കൂട്ടേണം യാജ്യയോടിടവീക്കോലാം.

മന്ത്രമൊന്നാകിലതിനെത്തന്നെ കൊള്ളുക രണ്ടിനും
ഭൂർഭുവഃസ്വവരോമെന്നു കൂട്ടു ഗായത്രിയായിടിൽ.

തന്റെ ത്ന്റെ ദേവതെക്കൊണ്ടുദ്ദേശത്യാഗമേതിനും
ചതുർത്ഥ്യന്തമതിൻ പേർ ചൊന്നിദം ന മമ എന്നതു്

മററു വേണ്ടുന്നടത്തെല്ലാമുദ്ദേശത്യാഗമിങ്ങിനെ
കർമ്മദേവത താനത്രെ പകപത്തിന്നുള്ള ദേവത.

പലവാകിലവററിൻ പേർ വെവ്വേറെ ച്ചൊല്ലി വേണമെ
സമാസിക്കിൽ സമാസിച്ച വചനം കൊണ്ടു ചൊല്ലുക.

പകപം പലവയുണ്ടാകിൽ പിന്നെ യെല്ലാററിനും നടെ
പടിഞ്ഞാറവദിച്ചിട്ടു കിഴക്കുന്നവദിപ്പിതു്.

സ്വിഷ്ടകൃത്തിന്നുപസ്തീര്യ്യ വടക്കന്നൊന്നുരുട്ടുക
പകപത്തേക്കാളതൊട്ടേറെ വലുതായവദിക്കയും,

രണ്ടുകൂടെയഭിഘാരിക്ക പിന്നെ വേണ്ടാ ഹവിസ്സിലെ
പകപം കണക്കെച്ചെയ്യേണം മറെറല്ലാം സ്വിഷ്ടകൃത്തിനും

ഈശാന്തകോണിലോമിപ്പൂ സ്വിഷ്ടകൃത്തു യഥാവലെ.
[1]പ്രകാവാവർത്തിക്കപസ്തീര്യ [2]നടുവീന്നവദിപ്പിതു്
പിന്നെ മററവരെപ്പോലെ മററെല്ലാമവദിപ്പിതു്.
സ്വിഷ്ടകൃത്തിന്നിരണ്ടൂടെ വടക്കിന്നവദിക്കിലാം
സ്വിഷ്ടകൃത്തിന്നൊന്നിലേററം ഹവിസ്സാലരുതായ്കയാൽ
മൂന്നുടെയഭിഘാരിക്കെന്നുണ്ടൂ മററൊരു പക്ഷവും.
ചതുർഗ്ഗൃഹീതം ചെയ്യുമ്പോൾ അഞ്ചുവട്ടംഗ്രഹിക്കവർ
വടക്കെപ്പുറമെ വേണം ഹുതശേഷമിടേണ്ടുകിൽ
വേളിതൊട്ടു വയറേറാമത്തോളവും "ഹുത"മെന്നു പേർ.
ചൌളം കഴിവൊളം പിന്നെ "പ്രഹുതം" പേർ തുടങ്ങിയാൽ
ഉപനീതി സമാവർത്തം വ്രതമെന്നവ "യാഹുതം"
ഹുതശേഷം പ്രഹുതത്തിന്നാഹുതത്തിന്നുമുണ്ടതു്
പ്രഹുതത്തിന്നരയാലിലാഹുതസ്യ പലാശില
ചൌളത്തിന്നത്തി ചാന്തിന്നു് ക്രുവളക്കുഴ കൊള്ളുക.
ഹുതശേഷത്തെയങ്ങിട്ടാൽ പ്രാശിക്കേണമതാഹുതെ
മന്ത്രം മേലിലിനിച്ചൊല്ലാമതിന്നതിന്ന് വേണ്ടതു്.
ആഘാരവാനെങ്കിലല്ലോ ഹുതശേഷാദി വേണ്ടുവു
ഇവയാഘാരവാൻ കാണാം മേലിലിന്നും വിശേഷവും.
കർമ്മങ്ങളിൽ പ്രധാനത്തെ മുഹൂർത്തം കൊണ്ടു ചെയ്‌വതു്
[3]ആയോളം ദാനവും ചെയ്തു് വിധിപ്പിക്ക മുഹൂർത്തവും.
ദർവ്വീഹോമങ്ങളത്രെല്ലോ സർവ്വഹോമത്തിനും മുതൽ
എന്നാലവററെ മുല്പാടു ചൊന്നാലും പിഴയായ്‌വരാ

നടുവേ പിടിമുളമാത്രം
ചതുരം വരുമാറു കണ്ടു ശകലേന
കുത്തുക മൂന്നു കിഴക്കോ-
ട്ടഥ തെക്കുമവണ്ണമെ വടക്കുമപി.

---

1. പഞ്ചാവർത്തി   2. നടുവെയ
3. ആവോളം

കുത്തിയെടുത്തു തളിച്ച-
ശ്ശകലമെടുത്തും കളഞ്ഞു കൈകഴുക
മണലിട്ടു പരത്തിയതിൽ
കുത്തിയപോലെ വരയ്ക്കു മൂന്നു നടെ.

പിന്നെ വടക്കോട്ടു നടെ
നടുവിൽ പശ്ചാൽ കിഴക്കുമപി കീറി
നീരവിടെത്തെറിയാതെ
പൂളു തെളിച്ചതു കളഞ്ഞു കൈ കഴുകി;
വേദിയരില്ലത്തെത്തി
വ്യാഹൃതി കൊണ്ടിട്ടുടൻ നുറുങ്ങിടുക;
[1]വീയിയെരിച്ചതു കണ്ടാൽ
പുൽക്കൂട്ടീട്ടുടകം പിടിച്ചുഴകിൽ,

ജുഷ്ടോപസ്ഥാനം ചെ-
യ്തുപ്പുല്ലവിടെക്കളഞ്ഞു കൈ കഴുകി
തീക്കു തലോടി വിളാക്കുക
ചുഴലവുമീശാന്തകോണിലാദിയതു്.

തെക്കേവ മേലാക വടക്കുകീഴായ്
നന്നാലു പുൽകൊണ്ടു [2]പരിസ്തരിച്ചു്
പിന്നെക്കിഴക്കേവ തുടങ്ങി നാലും
ക്രമേണ തൊട്ടിട്ടഥ നീർ [3]വിളാകി,

സ്രുവവും ജുഹുവും പുല്ലും പൂവട്ടകയുമോടവും
കൊളുത്തിക്കാട്ടുവാൻ പുല്ലും കൂട്ടച്ചമതയും ഹവിഃ
പ്രണീതയുമിതീരണ്ടുകൂട്ടി ച്ചാതിച്ചു കൊള്ളുക.
ചുട്ടച്ചാൺ കൊണ്ടളന്നിട്ടു് രണ്ടു പുല്ലു മുറിച്ചതു്
മുക്കൽ നീർ കൂട്ടി മേല്പട്ടങ്ങുഴികംഗുളി രണ്ടിനാൽ
പിരിച്ചു നടുവിൽ [4]കെട്ടാം മററു കെട്ടു പവിത്രവും.

---

1. വീശി   2. പരിസ്തരിച്ചാൽ
3. വിളാകു   4. കെട്ടാമററകെട്ടുപവിത്രവും

ഓടം തളിച്ചു തൻമുന്നിൽ വെച്ചുകൊണ്ടു തളിച്ചതിൽ
വടക്കു തലയായ് വെക്ക പവിത്രം നീരു വീഴ്ത്തുക.

പവിത്രത്തിൻ തല രണ്ടും കൈകൊണ്ടംഗുലി രണ്ടിനാൽ
പിടിച്ചിട്ടു കിഴക്കോട്ടു വിട്ടു മുക്കലെരിക്ക നീർ.

പവിത്രം കൈപ്പിടിച്ചിട്ടു തന്നാലെ കൊണ്ടു തന്നിലെ
മുക്കൽ തളിച്ചു ചമതയഴിച്ചെല്ലാം മലർത്തുക.

[1]ഹവിസ്സോട്ടു തുറന്നേച്ചു പവിത്രം കൈപിടിച്ചഥ
മുക്കൽനീർ മുടിയും മാറു കിഴക്കോട്ടു [2]തളിക്കവെ.

പിന്നെ പ്രണീതക്കിണ്ണംതൻ മുന്നിലാമ്മാറു വെച്ചതിൽ
വടക്കു തലയാമ്മാറു വച്ചേപ്പിതു പവിത്രവും.

പൂവ്വും ചന്ദനവും കൂട്ടി രണ്ടു കൈകൊണ്ടുമാദരാൽ
കൂച്ചും തീക്കുവടക്കേതെക്കൊണ്ടു തെക്കെപ്പുറത്തു്

കുറുമ്പുല്ലിൽവെച്ചു കയ്യുമതിലെ കൊണ്ടു പോന്നഥ
ബ്രഹ്മനെ ഭൂർഭുവാദ്യേന തൊഴുതീട്ടുപതിഷ്ഠതാം.

കിണ്ണംനിറച്ചു പുൽകീഴും മേലും കൂട്ടീട്ടെടുത്തതു്
വലംകയ്യിൽ വരും മാറു നെററിയോളമുയർത്തുക.

പിന്നെ ബ്രഹ്മനെ നോക്കി
പൃഥിവിയെ മനസാ നിനച്ചു വെക്കതിനെ.
മെല്ലെയെടുത്തു പവിത്രം
പൂവട്ടക മുന്നിൽ വെച്ചു വെക്കതിലെ.

പുല്ലിന്നകത്തു തെക്കോട്ടു് വെച്ചുകൊൾക ഹവിസ്സിനെ
പൂവട്ടകയിൽ നൈ വീത്തി വടക്കെപ്പുൽക്കകത്തുടൻ

കനലാൽ [3]മുന്നിറക്കിക്കൊണ്ടതിന്മേൽ വെക്ക നെയ്യതു്.
പുൽകൊളുത്തിയതിൽകാട്ടി രണ്ടു പുൽത്തല നല്ലവ

മുറിച്ചു കഴുകിത്തോർത്തി നെയ്യിലങ്ങിട്ടു കൊള്ളുക.
ഇരണ്ടു വിരൽ നീളം പോലതിനെന്നുണ്ടു കേൾപ്പിതു്.

---

1. ഹവിസ്സോട്ടുതുടർന്നേച്ചു 2. തളിപ്പിതു്
3. മൂന്നിറക്കി

പിന്നെയപ്പുൽകൊളുത്തീട്ടു തീക്കു കൂടാതവാറുടൻ[1]
നെയ്യും ഹവിസ്സിനും കൂടി മുക്കൽപര്യഗ്നി ചെയ്യതു്

തിയ്യിലിട്ടേക്ക കെട്ടകിലഴിച്ചിട്ടു തളിച്ചിട്ടു.
നെയ്യിഴച്ചു വടക്കോട്ടങ്ങിറക്കിക്കനൽ കൂട്ടുക

കയ്യുംകഴുകി നൈ മുന്നിൽ വെച്ചു മുന്നേക്കണക്കിനെ
ഇഴച്ചിഴച്ചരിക്കേണം പടിഞ്ഞാറതൊട്ടക്കവും

പവിത്രത്തെയഴിച്ചിട്ടു [2]തളിച്ചിട്ടേക്ക തീയിലെ.
തുടയ്ക്കും പുല്ലിടം കയ്യിൽ,വലങ്കയ്യിൽ സ്രുവം ജുഹു

കൈകൊണ്ടു കൂടവെ കാച്ചി കൈപകർന്നു തുടപ്പിതു്
ചുഴന്നകത്തു പൂമാറു മേപ്പട്ടു തല കൊണ്ടകം

തുടയ്ക്കു മുക്കൽ പുറവും തല[3]കൊണ്ടു തുടപ്പിതു്,
തണ്ടുകീഴ്പട്ടു കടകൊണ്ടതും മുക്കൽ തുടപ്പിതു്,

നീർതളിച്ചു സ്രുവം കാച്ചീട്ടവ്വണ്ണം ജുഹുവും പുനഃ.
എങ്ങാനും മേക്ഷണം വേണ്ടിൽ ജുഹുപോലെ തുടയ്ക്കതും.

[4]തുടച്ചു പുൽകെട്ടഴിച്ചു തളിച്ചിടുക തിയ്യിലെ
ഇടം കൈ കൊണ്ടു തൊട്ടിട്ടു പസ്തരിച്ചു ഹവിസ്സിനെ

എടുത്തിട്ടു [5]വടക്കോട്ടു തട്ടിക്കേണം പുറത്തതു്.
പുറത്തു തെക്കു വെച്ചിട്ടു കൈവിടാതെയൊരുസ്രുവം.

കൂടേണ്ടവരുണ്ടാകിൽ
കൂടി വലത്തങ്ങിരുന്നു പുൽ തുടരു
പരിധികൾ നെടിയതു മുന്നിൽ
തെക്കഥ മേലെ വടക്കു കീഴേയും.

വെപ്പിതു തമ്മിൽ തൊടുമാ-
റാരാധിക്കഥ കിഴക്കു സൂര്യനെയും
ചമതകൾ തമ്മിൽ തലതൊട്ടു
രണ്ടകമെ കുത്തിയിടുക വെവ്വേറെ.

---

1. വാല്ലടൻ 2. തളിച്ചിടുക
3. കൊണ്ടേ 4. തുടച്ചു
5. വടക്കൂടെ

പ്ലാകിച്ചന്ദനവുംപൂ-
വാരാധിച്ചിടയിടെ വിളാകിയഥ
[1]ഫണിപതി പൂജിച്ചാത്മാ-
രാധന ചെയ്തഥ വിളക്ക ഗണപതിയും;

ബ്രഹ്മൻ പ്രണീത തീയ്യും
കൂടുന്നവർതാനുമെന്നിവാരാദ്ധ്യ
അദിതേന്വാദിയൊരോന്നെ

ചൊല്ലിത്തെക്കാദിയായ് ക്രമത്താലെ

നീളെ വിളാകുക നാലാ-
മതിനീശാനാദി ചുററു കൂടേണം
ചമത നനച്ചതിനാലൊ-
ന്നക്കിണ്ണത്തിന്മെൽ വെക്കന്ത്യയാജം.

സ്വാഹായെന്നതു ഹോമിച്ചു വടക്കോട്ടു പരത്തുക.
സ്രുവം കൊണ്ടഥ നൈ കോരി യോമിക്കേണം യഥാവലെ.

കോരി വടക്കെപ്പരിധി-
ക്കൂട്ടിൽ തട്ടിച്ചുടൻ പ്രജാപതയെ
മനസാ ചൊല്ലി സ്വാഹാ-
യെന്നഗ്നിയിൽനീളെയഗ്നികോണോളം.

ഇന്ദ്രായ തെക്കതട്ടി-
ച്ചതുമെല്ലെച്ചൊല്ലി[2]യീശകോണോളം.
അഗ്നിക്കീശാന്തമ്മേൽ
സോമന്നഥ തെ[3] കിഴക്കമോരോന്ന്.

ആഘാരം നടേത്തേവ രണ്ടും പിന്നേവ ചക്ഷുഷി
യുക്താദി പിന്നെപ്പന്ത്രണ്ടുമിത്രോടം "മുഖ"മെന്നു പേർ.

വിധിച്ചവണ്ണമെ പക്വം ചെയ്താജ്യാഹുതി ചെയ്തിതു്
അതിന്നതിനു വേണ്ടുന്ന മന്ത്രം മേലറിയാമിനി.

ഹവ്യവാഹാദിമന്ത്രങ്ങളീരണ്ടും സ്വിഷ്ടകൃത്തിനാം
അഗ്നയെ സ്വിഷ്ടകൃതെ എന്നുദ്ദേശത്യാഗവുംപുനഃ

1. ഗണപതി
2. യജ്ഞ
3 തെർ

പിന്നെ ജ്ജുഹുവിൽ നീർവീത്തി തെക്കോട്ടു പരിധിക്കകം
നീളെക്കിഴക്ക നോക്കീട്ട് വീത്തിക്കൈകെഴകീടുക.

ജുഹുവും കഴകിക്കാച്ചിപ്പിന്നെയും നീരു വീത്തുക
വടക്കപുറമെ വീത്തി ഹവിസ്സങ്ങു കടത്തുക.

കൈകഴകിയനുയാജവു-
മിട്ടുതളിച്ചിടുക കെട്ടുപുല്ലുമഥ.
ചിത്തഞ്ചാദിപതിമ്മൂ
ന്നോമിക്ക ജയങ്ങളെന്നവററിനു പേർ.

അഗ്നിർഭൂതാനാ മെ-
ന്നഭ്യാതാനങ്ങളുണ്ടു പതിനെട്ടു
അവയോമിക്കയെവററിൽ
പത്തും നാലും കഴിഞ്ഞു കൈകഴുക്കു.

ഒടുക്കത്തെ[1]ക്കിടത്തീട്ടു ഹോമിച്ചിട്ടു വലത്തിടു
രാഷ്ട്രഭൃത്തുകളും പിന്നെ[2]ഋതാഷാളെന്നുതൊട്ടവ.
അമാത്യാഹുതിയദ്ദേവാ എന്നുതൊട്ടവയും പുനഃ
പ്രജാപതേഃ പ്രാജാപത്യം മനോയാശ്ചാദിപത്തഥ.
[3]ആഭീരാദിയിലഞ്ചാമതോമമീശാന്തഃകാടിയിൽ
പിന്നെക്കോരി നനക്കേണം ക്രമത്താൽ പരിധിത്രയം.
മുന്നിലേതഥ തെക്കേതും പിന്നെക്കൈകെഴകീട്ടഥ
വടക്കേതും നനച്ചിട്ടു പരിസ്തരണമൂരുക.

മുമ്മൂന്നുരിത്തലയും
നടുവും കടയും നനക്ക[4]നെയ്യിലതു്
ഒന്നൊഴിയെത്തലകഴിയെ
ക്കത്തിച്ചഗ്രം കിഴക്ക വീഴാതെ.

എപ്പേരും വെന്തുക്കൂടും മാറുയത്തിത്തീയിലിട്ടഥ
വലംകൈകൊണ്ടു മറേറതും കത്തിച്ചവണ്ണമെ ഇട്ടു.

1. ത്തിടങ്ങീട്ടു
2. യുതാഷാഡെന്നു
3. യാദിയിൽ
4. നെയ്യിലഥ

പരിധിപടിഞ്ഞാറേതി
ട്ടഥ രണ്ടുമെടുത്തിരണ്ടുകൈകൊണ്ടും
രണ്ടും കൂടെ വലംകൈ
കൊണ്ടിട്ടഥ കോരിവാക്ക നെയ്യതിലെ.

ദർഭാഗ്രത്തോടുകൂടീട്ടു വലംകൈകൊണ്ടുകോരിയാൽ
പൂവട്ടകയിടം കൈകൊണ്ടെടുത്തിട്ടൊക്കെവാർപ്പിതു്
സ്രുവത്തിൽവീണവീഴേണമെന്നും നിയമമുണ്ടതു്.
മുപ്പത്തൊന്നുസ്രുവം നെയ്യിൽ കുറയാതെയിരിക്കതു്
സ്രുവംകൊണ്ടുതൊട്ടു ശാഖാ ഹുതശേഷമിടേണ്ടുകിൽ.
മന്ത്രംചൊല്ലി വിളാകീട്ടങ്ങാരാധിക്ക യഥാവലെ.
തനിക്കും കൂടിയുള്ളോർക്കും ഭസ്മത്താൽ കുറിയിട്ടഥ
പ്രണീതകീഴെപ്പുല്ലോടെ മുമ്പിൽവെച്ചു[1]നിറച്ചതു്
വലത്തുടകുറുമ്പൂൽകൈക്കൊണ്ടീരണ്ടുടെ വീത്തുക
കിഴക്കുമുതലായ് നാലുദിക്കിലും തന്നിലും ക്രമാൽ
തന്നെനോക്കിക്കമുത്തീട്ടു് മലത്തീട്ടതിരുന്നെടം.
തനിക്കും കൂടിയുള്ളോർക്കും [2]നീരുതൊട്ടുതളിപ്പിതു്
ബ്രഹ്മദക്ഷിണയും ചെയ്തിട്ടഴിച്ചേക്കണ്ടുകൂർച്ചവും
ബ്രാഹ്മണർക്കുപശുദ്ദാനം ചെയ്തു ചോറുകൊടുപ്പിതു്.
ഗണേശപൂജയും കൂട്ടിത്തീയും പൂളിട്ടെരിപ്പിതു്
ലോകാഗ്നിയാക്കിയാക്കേണം മുക്കലെങ്ങോട്ടുവീയുക.
ആഘാരവാനെന്നദർവ്വീഹോമത്തിന്റെ ചടങ്ങിതു്
വേളിതൊട്ടുള്ള പലവും മിക്കവാറുമിവണ്ണമെ.

— :*: —

1. നിറച്ചഥ
2. മന്നീർ

ദർവ്വീഹോമം

—(:ഠ:)—

ആപൂർവ്വദർവ്വീഹോമത്തെ ചൊല്ലുന്നേനിതു ഞാനിനി
താലിപാകാദിപലവും മിക്കവാറിതുകൊണ്ടുപോൽ.

മണൽകീറുകതീമന്ത്രം
ജുഷ്ടോപസ്ഥാനവും പ്രണീതയപിബ്രഹ്മൻ
കൂടച്ചമതയുമിവവേ-
ണ്ടാവേണമിതിനുചാൺചമത.

കത്തിത്തളിച്ചുതീയിട്ടുതലോടീട്ടു വിളാകുക
പരിസ്തരിച്ചു ചാതിച്ചിട്ടെല്ലാം പ്രോക്ഷിച്ചുകൊള്ളുക.

ഹവിസ്സും നെയ്യുമുണ്ടാക്കിസ്രുവം ജുഹു തുടച്ചഥ
ഹവിസ്സങ്ങഭിഘാരിച്ചാൽ കൂടിക്കൊള്ളുക കൂടുവോർ.

പ്ലാകിച്ചന്ദനവും പൂവുമാരാധിച്ചു വിളാകുക
ഗണേശപരനെയും പൂജിച്ചാത്മാരാധന ചെയ്യഥ.

എല്ലാമർദ്ദിച്ചുവന്ദിച്ചു മന്ത്രംചൊല്ലി വിളാകിയാൽ
നെയ്യിൽ മുക്കിച്ചാൺചമതയിട്ടാൽ ചക്ഷുഷിചെയ്യഥ.

പകപം തുടങ്ങിച്ചെയ്തിട്ടു ഹവിസ്സങ്ങു കടത്തിയാൽ
മനോജ്യോതിതുടങ്ങീട്ടു പത്തേ[1]പോരുസ്രുവാഹുതി.

കോരിവാക്തുടങ്ങീട്ടു കുറിയിട്ടുമുടിപ്പിതു്.
ചടങ്ങുദക്ഷിണാംചെയ്തു സമർപ്പിക്ക ഗണേശപരം.

— :*: —

1. പോരഥം

നാന്ദീ മുഖക്രിയ

—൦—

എല്ലാം നാന്ദീമുഖം മുമ്പായെല്ലോ കമ്മങ്ങൾ വേണ്ടുവു
എന്നാലതിനെയാകട്ടെ ചൊല്ലുവൻ മുമ്പിനാലിനി

നാന്ദിമുഖക്രിയചെയ്യാൻ
തലനാളെതിരെ വിധിച്ചതെന്നുമതം
ദാനവുമാമതുപക്ഷെ
പുണ്യാഹത്തിന്നു ചെന്നിരിന്നു നടെ.

പിതൃകമ്മത്തിൽക്കൂടാ
നാന്ദിമുഖത്തിങ്കലുള്ള പിതൃകർമ്മം.
സ്വധയില്ലെങ്ങും നാന്ദീ-
മുഖശബ്ദം പിതൃപദസ്യമുമ്പിൽ വരും.

നാന്ദീമുഖശബ്ദത്തിനു
പിതൃശബ്ദത്തിൻ വിഭക്തികൊള്ളുവിതു്
ക്രിയപലവും [1]തന്നാലെ
വെറുതെ രണ്ടാമതുണ്ടൊരിക്കലിതിൽ.

തൂഷ്ണീമെന്നതിനെച്ചൊല്ലു സൂക്ഷിക്കതു മറക്കൊലാ
പിതാമഹാദി[2]യീലെങ്ങും പിതൃക്കളെവരല്ലപോൽ.
എള്ളിന്നു യവവുംകൊൾക തയിർകൊൾക ഹവിസ്സിനു്
സ്രുവവും ജുഹുവും വേണ്ടാവേണം പ്ലാവിലമേക്ഷണം.
പൃഷൽസ്ഥാലി പൃഷദാജ്യം [3]സ്ഥാലിയും പിതൃകവ്യവും
കത്തിത്തളിച്ചുതീയിട്ടിട്ടുപൂവ്വം കൊണ്ടുചെയ്യിതു്.
ഇതിന്നുവേണ്ടും ദ്രവ്യങ്ങൾ ചാതിച്ചിട്ടു തളിച്ചഥ
ചുട്ടെച്ചാൺ കൊണ്ടളന്നിട്ടീരണ്ടുപുല്ലുമറിച്ചഥ.

1 വന്നാലെ
2, യല്ലെങ്ങും
3, ഹവ്യവും

പൃഷസ്ഥാലിയിൽ വെച്ചിട്ടു തയിർ വീഴ്ത്തു ഹവിസ്സതു്.
അകത്തുവെച്ചുനെയ്യോട്ടുക്കൂടിപ്പയ്യഗ്നി[1]പെണ്ണുക
നെയ്യിറക്കിയരിച്ചിട്ടു കൂട്ടുവൂ പൃഷദാജ്യവും.
പൃഷദാജ്യസ്ഥാലി മുമ്പിൽവെച്ചു നൈ പാതി വീഴ്ത്തുക
മുന്നെപ്പോലെ മുറിച്ചിട്ടീ രണ്ടുപുല്ലതിൽ വെച്ചഥ.
തളിച്ചു തൈരിലെപ്പുല്ലു കളഞ്ഞു കൈ നനച്ചഥ
അത്തൈരും നെയ്യിലെ വീഴ്ത്തിശ്ശേഷം നെയ്യൊക്കെ വീഴ്ത്തുക.
ഒന്നിനെക്കൊണ്ടടച്ചതിന്മേൽ വെച്ചേക്ക പിലാവില.
പിന്നെ സ്രുവം ജുഹുപോലെ മേക്ഷണത്തെത്തുടപ്പിതു്.
വിശ്വേദേവകളായ് പിന്നെ രണ്ടുപേരെ ക്ഷണിപ്പിതു്
പവിത്രത്തോടുകൂടാതെ രണ്ടു കാതും [3]പിടിച്ചതു്.
വലംകൈമേൽ വരുംമാറു കൈപിണച്ചു യഥാവലെ
അവൻ കാൽ മേൽ മുഴങ്കാൽ കീഴ്കീഴ്നോക്കിത്തടവീടുക.
മുൽപാടുള്ളഭിവാദ്യത്തിൽ മന്ത്രമുണ്ടഭിവാദയെ.
എന്നാൽ തൻപേരുടൻകൂട്ടിശ്ശർമ്മനാമാഹമസ്മി ഭോഃ.
അവൻറെ തലയിൽതൊട്ടു മറ്റേവൻ സ്വസ്തി ചൊല്ലുക
ആയുഷ്മാൻ ഭവയെന്നിട്ടു സൌഖ്യ എന്നു വിളിച്ചഥ.
പേർകൂട്ടി പ്ലുതമായ്ചൊല്ലു ശർമ്മൻ എന്നങ്ങകാരവും
നിന്നുകൈകഴകിപ്പിന്നെ താൻ പവിത്രവുമിട്ടഥ.
മറ്റേവനും കൈകഴകിക്കൈ പിടിച്ചിട്ടു ചൊല്ലുക
നാന്ദീമുഖപദംകൂട്ടി ശ്രാദ്ധെ എന്നതു ചൊല്ലിയാൽ.
വിശ്വേഭ്യോദേവേഭ്യഃക്ഷണഃ ക്രിയതാമെന്നു ചൊല്ലുക
ഓം തഥാ എന്നു മറ്റേവൻ ചൊന്നാൻ കാൽകഴകിച്ചഥ
കയ്യും പിടിച്ചു പ്രാപ്നോതുഭവാനെന്നിട്ടിരിത്തുവൂ.
അപ്പോഴവൻ പ്രാപ്നവാൻ നീ എന്നുചൊല്ലിയിരിപ്പിതു്
താനിരിന്നിട്ടു നീരോടു ചന്ദനം പൂവ്വു് ധൂപവും.

1. പെണ്ണുക = ചെയ്യുക
2. നൈ
3. പിടിച്ചഥ

ദീപമാല്യാംഗുളീയങ്ങളിവയെല്ലാം[1] കൊടുപ്പിത്തു്
ഉപസ്തരിച്ചവിസ്സിട്ടിട്ടുപസ്തീര്യാനദേശനം.

അവരുടെ പെരുവിരൽ കഴുകി
ച്ചോററിൽ തൊടുവിച്ചു വിടുകയത്തു്
വിശ്വേഭ്യോദേവേഭ്യഃ
സ്വാഹാ എന്നതിനു മന്ത്രമെങ്ങുമിത്തു്.

തീക്കണ്ണീശാന്തകോണത്തു് കൂട്ടിക്കൊൾക യവോദകം
വെള്ളിവട്ടക ചെമ്പോടം രണ്ടുകുത്തു പിലാവില.

കുറുമ്പുല്ലക്ഷതം പൂവ്വു ചന്ദനം തേൻ യവം മണൽ
ഈരണ്ടായിട്ടു ചാതിച്ചാൽ പ്രോക്ഷിക്കേണം യഥാവലെ.

വെക്ക പവിത്രം വെള്ളി-
ക്കിണ്ണത്തിൽ ഈശകോടിയിൽ തലയാം
പൂവ്വും ചന്ദനമക്ഷതം
മിവകിണ്ടിയിലിട്ടെടുക്ക കിണ്ടിയത്തു്.

വലംകൈമേൽവരെ കൈകൊണ്ടാ“[2]മത്ത്വാഗന്തു”ചൊല്ലുക
[3]ഗൃഹ്ണാമി എന്നൊരിക്കാലെ നീർവീത്തീട്ടു നിറക്കുതു്.

പവിത്രം [4]വാങ്ങി“യവോസി”യെന്നിട്ടതിലിട്ടു യവം
പവിത്രം വെച്ചു തേൻവീത്തു[5] മധുവാതാദിമുക്കലും.

[6]കരടിട്ടതു [7]“സോമസ്യ ത്വിഷി”ചൊല്ലിയളക്കുക
കൈമുക്കാതെയെടുത്തിട്ടു് വലംകയ്യാൽ [8]തളിക്കതു്.

“അവേഷ്ട്വാ” എന്ന മന്ത്രത്താൽ കളഞ്ഞാൽ കൈ നനപ്പിത്തു്
വലത്തൂടതിനെത്തൊട്ടു “ശംനോദേവി” ജപിപ്പിത്തു്.

---

1. യെട്ടും
2. ആമ ആഗച്ഛന്തു എന്ന മന്ത്രം
3. അർഘ്യംഗൃഹ്ണാമി എന്ന മന്ത്രം
4. യവോസിധാന്യരാജോസി എന്ന മന്ത്രം
5. മധുവാതാദി മൂന്നു മന്ത്രം
6. കരട് = ദർഭയുടെ ഏകദേശം
7. സോമസ്യത്വിഷിരസി എന്ന മന്ത്രം
8. തളിച്ചഥ

പൂജിക്ക ചന്ദനം പൂവ്വ് ധൂപദീപങ്ങൾ കൊണ്ടത്തു്
അരികെ മെഴുകിപ്പുല്ലും പൂവ്വും ചന്ദനമക്ഷതം.

മണലും കൂട്ടിയിട്ടൊട്ടു വടക്കോട്ടതിൽ നീക്കുക
മൂടിപ്ലാവിലയും മേലെവെച്ചാരാധിച്ചുകൊള്ളുക.

ദേവകൾക്കു വടക്കോട്ടു പിതൃക്കളെയിരുത്തുവാൻ
പലകവെച്ചക്ഷതവും മണലും കൂട്ടിവാരിയാൽ

“അപഹതാ” എന്നുചൊല്ലി വടക്കോട്ടു് വിതക്കതു്.
കയ്യിൽ നീർകൊണ്ടു “ദിശതാ”മെന്നു ചൊല്ലിത്തളിപ്പിത്തു്.

കുറുമ്പുല്ലക്ഷതം പൂവ്വും ചന്ദനം കൂട്ടിവാരിയാൽ
ഈശാന്തകോണിൽ [1]നിന്നിങ്ങോട്ടാവാഹിക്ക പിതൃക്കളെ.

“ആയാത” എന്നതിൻ മന്ത്രം രണ്ടേടത്തും പകുത്തിടു
വിശ്വദേവകൾക്കപ്പോലെ പിതൃക്കളെയിരുത്തുവൂ.

ക്ഷണിക്കുമ്പോൾ “പിതൃഭ്യ” എന്നതിനെ ഭേദമുള്ളൂവൂ
നീർകൊടുത്തു പവിത്രത്തെ കൊടുത്താൽ നീർ കൊടുപ്പിത്തു്.

പിന്നെ പ്ലാവിലയാലൊന്നിൽ കോരിക്കൊൾക യവോദകം
മറേറതുകൊണ്ടടച്ചിട്ടു മന്ത്രം ചൊല്ലിക്കൊടുപ്പിത്തു്.

“നാന്ദീമുഖാഃ പിതരഃപ്രീയന്താ”മെന്നിതു മന്ത്രവും
പിന്നെ നീരും കൊടുത്തിട്ടു മറേറവനുമവണ്ണമെ.

വസ്ത്രാദികൾ കൊടുത്തിട്ടു കൊടുപ്പിതു യവോദകം
തൊഴുത“ശൌകരിഷ്യാമി” എന്നു ചൊൽകവരോടഥ.

“കുരുഷ്വ” എന്നങ്ങവരും ചൊന്നാലോമം [2]തുടങ്ങുക
ചന്ദനാരാധനംതൊട്ടു മന്ത്രം ചൊല്ലി [3]വിളാകിയാൽ.

ചാൺ ചമതയുമിട്ടു പിലാ-
വിലയിൽ പൃഷദാജ്യമൊട്ടു കോരിയത്തു്
മേക്ഷണയും കൂട്ടിക്കൊ-
ണ്ടോമിക്കതിനുള്ള മന്ത്രവും ചൊല്ലാം.

---

1. നിന്നങ്ങോ
2. തുടങ്ങുവൂ
3. വിളാകുക

“നാന്ദീമുഖേഭ്യഃ പിതൃഭ്യഃസ്വാഹാ”എന്നതു മന്ത്രവും
“അഗ്നയെസ്വിഷ്ടകൃതെ” എന്നഥ സ്വിഷ്ടകൃദ്ധോമവും.

അട്ടത്തവണ്ണമുദ്ദേശത്യാഗവും ചെയ്ക രണ്ടിനും
മേക്ഷണം തളിച്ചുതീയിലിട്ടു കൈകഴകീടുക.

എടുത്തുകൊള്ളു ചെറിയോരിലക്കീ-
റവുപസ്തരിച്ചിട്ടു ഹവിസ്സുമിട്ടാൽ.
ഉപസ്തരിച്ചപ്പ്ൃഷദാജ്യശേഷം
നറുങ്ങക്കൂട്ടിട്ടതുകൊണ്ടു ചെന്നു്.

ഇല കൂടെക്കറുമ്പുല്ലിൽ വെച്ചുമേൽ പുല്ലുമിട്ടതു്
വലം കൈമേൽ വരെത്തൊട്ടു പൃഥിവീമന്ത്രമോതുക.

പുല്ലു തളിച്ചുകളഞ്ഞ-
ക്കയ്യുംകഴകീട്ടു ചെറുവിരൽക്കടയാൽ
നീക്കുക രണ്ടേടത്തും
[1]കൂടീട്ടനദേശമോമമന്ത്രത്താൽ.

പിന്നെക്കടുക്കനീർ വീത്തു വിശ്വദേവകളാദിയായ്[2]
“പ്രാണെനിവിഷ്ട” എന്നഞ്ചും തൊഴുതിട്ടു ജപിപ്പിതു്.

ഈശാന്തന്മേൽനോക്കി
ബ്രാഹ്മണിതന്മാരുതൊട്ടു ചൊല്ലുവിതു്
അവരുണ്ടെഴുനീല്ക്കോളം
നേക്കാതെ നിന്നനിലയിൽ നിന്നഴകിൽ.

കയ്യും കഴകിയഞ്ചോത്തുമവർ കേൾക്ക ജപിപ്പിതു്.
“കൃണുഷ്വപന്ദ്രം വ ആശുമ്മമാഗ്നേഗ്നേർമ്മനസ്വ” എന്നിവ.

പരികമ്മി വിളമ്പീട്ടു മൃഷ്ടമായവരുൺമിതു്
ഇടംകൈകൊണ്ടില പിടിച്ചേതുമൊന്നരിയാതൊലാ.

അവരുണ്ടാലിങ്ങനോക്കിത്തിരിഞ്ഞു തൊഴുതിട്ടഥ
മധുവാതാദിമൂന്നൃക്കും ജപിപ്പിതുയഥാവലെ.

സമ്പന്നമെന്നവൻകേട്ടാൽ സു കൂട്ടീട്ടവർ ചൊല്ലുക
ദേവകൾക്കും പിതൃക്കൾക്കും പിന്നെ വീത്തുകടുക്കനീർ.

---

1. കൂറിട്ടനദേശ 2. ളാദിതഃ

പിതൃക്കളെയെച്ചിലോടെ തട്ടാതെ മെഴകീട്ടതിൽ
ഒരു പൂവിതളാരാധിച്ചവിടെ നീർകൊടുത്തഥ.

ചോറും ചന്ദവവും പൂവും നിരുംക്കൂട്ടീട്ടു തൂകുക
മേലെ നീരു കൊടുത്തിട്ടു മറേറടത്തുമവണ്ണമെ.

പിന്നെക്കമ്പിളിൽ നീർവീത്തി പൂവും ചന്ദനമിട്ടതിൽ
നിന്നിരണ്ടിമ്മലും വിത്തിയെച്ചിലും കളയിപ്പിതു്.

മുന്നേപ്പോലെ കൊടുക്കേണം പിതൃക്കൾക്ക യവോദകം
പവിത്രത്തെയഴിച്ചിട്ടങ്ങതും കൂടിപ്പിടിച്ചഥ.

പ്രണീതപോലേമാജ്ജിച്ചു തളിക്കയതിരിപ്പിലെ.

പിലാവിലയഴിച്ചേച്ചിട്ടൊക്ക ദക്ഷിണചെയ്യിതു്.
“അക്ഷയ്യമസ്ത്വ”ന്നിവർ ചൊൽക“സ്ത്വക്ഷയ്യ”മെന്നവർ

വെറുതെയഭിവാദ്യംചെയ്കവരും വെറുതെതൊടു.
ഇരുന്നു“മധുമനിഷ്യേ” എന്ന മന്ത്രം ജപിപ്പിതു്

പിന്നെ പിതൃക്കളുണ്ടേടം മെഴകിപ്പുല്ലുമിട്ടതിൽ.
തൈർക്കൂട്ടിയോമമന്ത്രത്താൽ തൂകു മുന്നേക്കണക്കിനെ

അമ്മന്ത്രംകൊണ്ടവററിന്മേൽ വീത്തേണം പൃഷദാജ്യവും

ഇടപ്പോക്കവാരാതവണ്ണം തിരിഞ്ഞാൽ
പിതൃക്കൾക്ക തെക്കെക്കിഴക്കും തിരിഞ്ഞു്.
വലങ്കാൽ മുഴങ്ങാൽ നിലത്തങ്ങു കുത്തി
ട്ടിടങ്കാലിയത്തങ്ങു കുത്തീട്ടിരുന്നാൽ.

കിണ്ടിനീരിലിട്ടുവ്യയവങ്ങളും
പൂവുചന്ദനവുമക്ഷതം ഫലം.
പുല്ലുകീഴമപിമേൽ വലത്തുകൈ-
കൊണ്ടടച്ചതുമെടുത്തു കൊള്ളുക.

യവോദകം കൊടുക്കുന്ന മന്ത്രത്താൽ മുക്കൽ വീത്തുക
പ്രീയന്താമെന്നുമുമ്പായ് ചൊന്നവരേററു തളിക്കതു്.

താനെഴുന്നീററവരെയും കൈ പിടിച്ചു[1]ങ്ങെടുക്കയും
“പ്രസിദന്തുഭവന്ത” എന്നങ്ങവരോടങ്ങിരപ്പിതു്.

---

1. ങ്ങെടുപ്പിതു്

“പ്രസന്നാഃസ്ത” എന്നു ചൊല്ലുതെളിഞ്ഞിട്ടവരും പുനഃ
എല്ലാം വലത്തുവെച്ചിട്ടു നിലം വീണെഴുനീററഥ.

“ദാതാരോനോവിവർദ്ധന്താ”മെന്നിരക്ക യഥാവലെ
“ദാതാരോവോ വിവർദ്ധന്താ”മെന്നെല്ലാമെ[1]കൊടുക്കവർ.

“ശേഷൈഃകിംക്രിയതാ”മെന്നു കേൾക്കേണമവരോടഥ.
“ഇഷ്ടൈഃസഹോപഭുജ്യന്താ”മെന്നു ചൊന്നവർ പോവിതു

ആദരിച്ചൊട്ടുവിൽ ചൊന്നാൽ പോന്നുതീക്ക വടക്കഥ
ഇരുന്നു മെഴുകിപ്പുല്ലിട്ടൊക്കവെ പൃഷദാജ്യവും.

കോരിയോമിച്ചു മന്ത്രത്താൽ പുല്ലിൽ വീത്തി മുടിപ്പിതു്
ഇലയും കുത്തഴിച്ചേച്ചിട്ടോമശേഷം മുടിപ്പിതു്.

ദാനമാകിൽ വിളക്കും വെച്ചഥ വിഘ്നേശപൂജയും
ഈരണ്ടു വകയായ് ദാനം മന്ത്രം നാന്ദിമുഖാദിപോൽ.

പ്രായശ്ചിത്താദിദാനങ്ങൾക്കെല്ലാമോം തൽസദെന്നിതെ.
മന്ത്രം ചടങ്ങിനാലുള്ളതെല്ലാററിനുമിതെ പുനഃ.

പുണ്യാഹം ക്രിയ ചെയ്യുന്നാൾ മെഴുകിപ്പുല്ലുമിട്ടതിൽ
പാത്രങ്ങളെക്കമുത്തിട്ടു മേലേയുമൊരു പുല്ലിടു.

കിഴക്കോട്ടായി[2]രിക്കേണ്ടൂ കൂട്ടുന്നവർകൾ നാൽവരും
അവർ(കൾ?)ക്കും വേണ്ടുവൊന്നെല്ലോ കയ്യും നീരും പവിത്രവു.

അവക്കിരിപ്പാനോരോ പുൽ കൊടുത്താൽ കൈ തുടച്ചഥ
പുല്ലു മുമ്മൂന്നുമോരോന്നുമോരോർത്തക്കേ കൊടുപ്പിതു്.

നീരും ചന്ദനവും നീരും പൂവ്വുംനീരക്ഷതം ച നീർ
ഈ രണ്ടൂടെ കൊടുക്കേണമോരോരിക്കൽ ഫലം ച നീർ.

പുൽ തളിച്ചു കളഞ്ഞിട്ടു കൈ നനച്ചഥ പാത്രവും
തന്നെനോക്കി മലത്തീട്ടു തളിച്ചതു തുടപ്പിതു്.

കൂർച്ചം ചന്ദനവും പൂവ്വുനീരുമക്ഷതമെന്നിവ
രണ്ടു [3]കൈകൊണ്ടിട്ടു നീരും വിഴ്ത്തി മേൽപുല്ലുമങ്ങിടു.

1. കൊടുത്തവർ
2. യിരിക്കേണം
3. കയ്യാലിട്ടു

കിണ്ണത്തിൽ കുറയക്കോരിത്തന്നിലെ വെച്ചു് പുല്ലിടു
കഴുകി ഫലവും പൊന്നുമിട്ടർച്ചിക്ക യഥാവലെ.

കലശത്തിന്നു ചാർത്തേണം ചന്ദനം പൂവ്വുമക്ഷതം
ഗണേശന്നു നിവേദിച്ചിട്ടാത്മാരാധന [1]ചെയ്‌വിതു്.

എല്ലാമർച്ചിച്ചുകൊണ്ടെല്ലാം കൂട്ടിത്താനുമെടുത്തഥ
കലശത്തെയെടുത്തും കൊണ്ടെല്ലാരും നിന്നുകൊള്ളുക.

“ഓം മനസ്സതുടങ്ങീട്ടു ചൊല്ലിക്കേണമതിങ്ങനെ.
നടയത്തേതിവൻ ചൊല്ലൂ രണ്ടാമതവർ [2]ചൊല്ലുക.

മൂന്നാം വാക്യമിവൻ ചൊല്ലൂ നാലാമതവർ [3]ചൊല്ലുക
ശാന്തിതൊട്ടഞ്ചുമവരുമിവൻ ചൊന്നതു ചൊല്ലുക.

പിന്നെ പ്രണവവും കൂട്ടിവേണ്ടും ദേവത ചൊല്ലിയാൽ
നടെയത്തതിനെപ്പോലെ പുണ്യാഹാദികൾ ചൊല്ലുക.

വാരംവാരം ക്രമത്താലെ ചൊല്ലേണമവ മൂന്നരു
സ്വസ്ത്യൃദ്ധികളുമവ്വണ്ണം ചൊന്നെല്ലാരുമിരുന്നഥ.

ഓരോരോരോളുക്ക ചൊല്ലീട്ടു പുല്ലുകൊണ്ടു യഥാവലെ
എല്ലാരും കൂടയക്കമ്മമുടയോൾക്കു തളിപ്പിതു്.

“ശതം ജീവാദി” രണ്ടൃക്കുകൊണ്ടക്ഷതവുമങ്ങിടു
കമ്മം താനുടയോനാകിലതുവേണ്ടാ തനിക്കുതാൻ.

പാത്രത്തിലൊട്ടുനീർ വീത്തിപിന്നെ കൂർച്ചമഴിപ്പിതു്
രണ്ടാംകൂട്ടുകനീർവീത്തിയാരാധിക്ക ഗണേശനെ

കൂർച്ചം പലകമേൽ പുല്ലും കൂട്ടുഃവോൾക്കു പവിത്രവും.
ചിലക്കില്ലവിടെക്കൂർച്ചം തലയുള്ളവ മൂന്നുപുൽ

ഇരുന്നാൽ വെറുതെ മുക്കൽ തളിക്കുംമാറുമുണ്ടതു്.
[4]ചിലയേടത്തതും കാണാമരപ്പുണ്യാഹമെന്നു പേർ

ഉത്തം തുടങ്ങിച്ചൊല്ലുന്നു ഗൃഹ്യത്തിലതുകൊണ്ടു ഞാൻ.

— :o: —

1. ചെയ്തഥ
2. ചൊല്ലുവു
3. ചെല്ലുവു
4. ചിലേടത്തതുവും

വേളിച്ചടങ്ങ്

—: * :—

വേളിമുന്നിട്ടുചൊല്ലുന്നേൻ ബാലഭാഷകൾ കൊണ്ടിതു്
വേളിക്കായിനിയുണ്ടുനല്ലൊരു മുഹൂർത്തംകൊണ്ടു തൻെറ ഗുരുൻ
കമ്പിട്ടമ്പൊടുപാർത്തു നല്ല ശകുനം [1]ബന്ധുക്കളോർത്തങ്ങിനെ
മംഗല്യം മരുവുന്ന മങ്കയരെത്തുക്കം മാറുനമന്ത്രവും.
ചൊല്ലി[2]പ്പായിയകത്തു പൂവിത്തുവലംകാൽകൊണ്ടു കന്യാപുരെ
ഉണ്ണേണം പകലായിടിൽ [3]പകലെടോ, രാവുൺക രാവായിടിൽ.
പെണ്ണും താനുമതങ്ങിളക്കവിടയുണ്മാനാന്ദീമുഖം കൊള്ളുവോർ
[4]ചെന്നാൽതാനവർകൊണ്ടരും പലകമേൽമുററത്തിരിപ്പൂ [5]കൊട്ടു-
ക്കുന്നോർവന്നെത്തുപെട്ടിരുന്നിരുവരും കൈതൊട്ടു ചൊല്ലീടുക.

കളിച്ചുവോംക്കെന്നു കൊടുപ്പവൻ ചൊ-
[6]ന്നോതിന്നതാമെന്നു തെളിഞ്ഞു [7]ചൊല്ലുക.
കളിച്ചു ചൊന്നിട്ടു പുറത്തിരുന്നേ
തുടങ്ങുവൂതാനഥ പുണ്ണിയാഹം.
ഗണപതിയെ നിവേദ്യ നാന്ദിചെയ്യാൻ
തുനിവതുപണ്ടുനടെ കഴിഞ്ഞിലാകാ.
പുനരവിടെ വിവാഹദേവതാ എ-
ന്നഴകൊടുമുമ്പിൽ വിധിച്ച പുണ്ണിയാഹം.
മെഴുകിദ്യാവാപൃഥിവിക-
ളെന്നാക്കി വരയ്ക്കു, രണ്ടു പെൺരൂപം.
അവിടെപ്പുല്ലു വിരിച്ചാൽ
[8]തുവ്വടന്നമിട്ടു ചടങ്ങിതെങ്ങുമിതെ.

---

1. ബന്ധുക്കളോർത്തങ്ങിനെ 2. ച്ചൊല്ലി
3. പകലതോ 4. ചൊന്നാൽ
5. കൊടുക്കുന്നോൻ 6. ല്ലതി
7. ചൊല്ലി 8. തുവ്വടാന്നം

തെ സൂനവാദി രണ്ടും തം കൊണ്ടാരാധിക്ക ചന്ദനം
പൂവ്വാരാധിക്ക മന്ത്രത്താൽ ചോറും നീർ തയിർ നെയ്യിവ
നാലും കൂട്ടീട്ടു മന്ത്രത്താൽ തുകിയർച്ചിച്ചു കൊള്ളുക.
അരപ്പുണ്യാഹവും ചെയ്ക തുകിയേടത്തതിങ്ങിനെ
നൂലും കരിമ്പടത്തിൻെറ നൂലും കൂട്ടിപ്പിരിച്ചതു്.
കൌതുകം പുണ്ണിയാഹത്തിലതുമങ്ങിട്ടു കൊള്ളുക
"ദ്യാവാപൃഥിവീപ്രീയേതാ"മെന്നു ദേവത ചൊല്ലുക.
മന്ത്രം ചൊല്ലി വലംകൈമേൽ കെട്ടിക്കൊള്ളുക കൌതുകം
പ്രൃതോദമാം മുളം ദണ്ഡും മന്ത്രം ചൊല്ലിപ്പിടിപ്പിതു്.
വലംകാൽ കൊണ്ടകം പൂംപോൾ മംഗലങ്ങൾ ജപിപ്പിതു്
മുററത്തു ചെന്നാൽ വേണ്ടുന്ന മംഗലക്രിയ ചെയ്കഥ.
പെൺ കൊടുക്കുന്നവൻ ചെന്നിട്ടഭിവാദ്യാദി ചെയ്‌വിതു്.
തൊടീക്ക പെണ്ണിനെക്കൊണ്ടു താനുടുക്കുന്ന ചേലകൾ
താൻ തൊട്ടങ്ങു കൊടുക്കേണം പെണ്ണിൻെറ മന്ത്രകോടിയും.
സ്വാമാദി മന്ത്രം ചൊല്ലീട്ടു് മന്ത്രകോടിയുടുക്കതാൻ
കാലും കഴുകിയാചമ്യ മന്ത്രത്താലുത്തരീയവും
അപ്പോഴെക്കു പുറത്തൂടെ പുണ്യാഹത്തൊടു കൂടവെ
നാന്ദികമ്മത്തെയും ചെയ്തു പുണ്യാഹം ചെയ്ക പെണ്ണിനും.
പിന്നെ മംഗലസൂത്രത്തെയിട്ടു മംഗലദേവത
എന്നരപ്പുണ്ണിയാഹം ചെയ്തമ്മ പോക്കൽ കൊടുപ്പിതു്.
അമ്മ വേണ്ടും ചടങ്ങെല്ലാം കഴിഞ്ഞാലായിരത്തിരി
[2]കൊളുത്തിച്ചുമുഹൂർത്തത്താൽ കെട്ടു മംഗലസൂത്രവും.
മന്ത്രക്കോടിയുടുപ്പിച്ചാൽ കാലും കഴുകി മൂടിയാൽ
[3]കൊടുപ്പൂമാലകണ്ണാടിയമ്പുമങ്ങവൾ കയ്യിലെ
അവനപ്പോളകം പുക്കുകിഴക്കും[4] നോക്കി നില്പിതു്.
ആയിരത്തിരികൈക്കൊണ്ടോൾ [5]പെണ്ണിനും ശകുനം വരും

---

1. തെസൂനവാദിനാലാദി നാലന്തംകൊണ്ടാരാധിക്കചന്ദനവും
2. കൊളുത്തിച്ചാൽ 3. കൊടുക്ക
4. കിഴക്കേ 5. പെണ്ണിനു

അപ്പോൾക്കൂടി പിടിക്കുന്നോൻ പെണ്ണിനെ കൊണ്ടുചെന്നഥ.
വേൾക്കുന്നവനുടെ മുമ്പിൽ പടിഞ്ഞാറോട്ടു നിർത്തുക
വേൾക്കുന്നവനുടെ കയ്യിൽ പെണ്ണു മാലയിട്ടു നടെ
തൊടാതെയവനേററങ്ങു ചൂടിക്കൊൾക യഥാവലെ.
പെണ്ണിന്നിടത്തു ഭാഗത്തു ചെന്നു നില്ക്ക കൊടുപ്പവൻ
വലത്തുനിന്നു കാണുന്നു അതുവും[1] പിഴയല്ലിപോൽ.
പൂവ്വും ചന്ദനവും നീരും കൂട്ടിക്കൊണ്ടു കൊടുപ്പവൻ
സഹധർമ്മാദിയും ചൊല്ലിപ്പെണ്ണിൻെറ കയ്യിൽ വീത്തുക.
പെണ്ണവൻ കയ്യിലന്നീരെ വീത്തു മൂന്നുടെയിങ്ങനെ.
ഇരുന്നുദാനവും ചെയ്തു നിന്നിട്ടു മുഖദർശനം
"അഭ്രാതൃഘ്നി്യാദി" മന്ത്രത്താൽ മുഖത്തവളെ നോക്കുക.
"അഘോരചക്ഷു" ചൊല്ലേണ്ടുമവൾ നോക്കിയിരിക്കവെ
മുടിയിന്നടിയോളവുമ-
ങ്ങുടൽ നടുവെ പുല്ലുകൊണ്ടു കീഴ്നോക്കി.
ഇദമഹമന്നവളെയുഴി-
[2]ഞ്ഞപ്പുല്ലുകളെക്കളഞ്ഞു കൈകഴകി.
[3]ഇടപ്പാകെന്നിയെചെന്നു വലത്തെപ്പെണ്ണിരിപ്പിതു്.
തൊടാതെ താനിരുന്നിട്ടു ദാനംചെയ്യേണമാവൊളം
ഇരുപേരുംനിന്നുകൊണ്ടാൽ പെണ്ണിൻെറ കൈപിടിക്കവൻ.
അംഗുഷ്ഠവിരൽക്കൂട്ടൊല്ലാ രോമം തന്നിലെതുക്കൊലാ
ഉള്ളംകൈതമ്മിലേക്കേണം മന്ത്രം "മിത്രോസി"യെന്നിതു്.
കൈവിടാതെ നടക്കേണം കിഴക്കോട്ടുവളേഴടി
ഏഴും വലത്തുകാൽകൊണ്ടേ ഏകമാദികൾ മന്ത്രവും.
ഏഴാം ചുവടുവെച്ചേടം തൊട്ടുചൊൽക "സഖാസി"യും
അവിടം നടുവാംമാറുമെഴകിത്തിയ്യിടേണ്ടുവൂ.
പുൽത്തുടർന്നുതുടങ്ങീട്ടു ദാനം ചെയ്തിട്ടുതിയ്യിടു

1. പിഴയല്ല
2. പുല്ലുകലെ
3. ഇടപ്പോക്കെന്നിയെ

ആഘാരവാനായോമത്തിലെല്ലാം ജുഹ്വയൊഴിഞ്ഞതും.
ചാതിക്കൊരമ്മിയും കല്ലും ഹവിസ്സിന്നഥ ലാജവും
ജീവബ്രഹ്മനെവെപ്പൂ പുൽത്തുടന്നുപകന്നിട്ടു.
മുഖം മൂടിച്ചിരിവരും നിന്നുള്ളൊന്നിച്ചുകൊള്ളുക
തൻകയ്യവൻവലംകയ്യക്കു പുറമെ കൊണ്ടുചെന്നഥ.
പെണ്ണിൻെറ മാറുതൊട്ടിട്ടു ചൊല്ലൂ മന്ത്രം "മമാദി"യും
"മാതെ" എന്നിവ ഏഴ്ലുക്കും തൊഴുതിട്ടുജപിപ്പിതു്.
വലത്തെച്ചെവികൊണ്ടെല്ലാമവൾ കേൾക്ക യഥാവലെ
വിരലഞ്ചും കൂട്ടിയവൾ കൈമലത്തീട്ടുകാട്ടിയാൽ.
"ഗൃഹ്ണാമി" എന്ന മന്ത്രത്താൽ കൈകമുഴ്ത്തിപ്പിടിപ്പിതു്.
കൈവിടാതെ "പരിതപാഗ്നെ" എന്നുതീക്കുവലത്തിട്ടു
ബ്രഹ്മൻെറയകമെചെന്നു പുൽത്തുടന്നിട്ടിരുന്നഥ.
"അഗ്നേശദ്ധം" തുടങ്ങീട്ടു പതിനൊന്നു സ്രുവാഹുതി
ഏഴനീററു വടക്കോട്ടു് ചെന്നമ്മിക്കല്ലോടുകൂടവെ.
വലംകാൽപിടിച്ചു ചവിട്ടിക്കേണെ "മാതിഷ്ഠമന്ത്രവും"
ലാജഹോമത്തിനായ്ക്കൊണ്ടു തീക്കുനേർചെന്നുനില്പിതു്.
പെണ്ണിൻകുടന്നകൊണ്ടല്ലോ ലാജഹോമം വിധിച്ചതു്
കൈനനച്ചു തുടച്ചിട്ടുപസ്തരിക്ക കുടന്നയിൽ.
പെണ്ണിന്നുടപ്പിറന്നോൻതാൻ ചാന്നോർതാൻ തീക്കുതെക്കഥ
ഇരുന്നിട്ടു പവിത്രം പൂണ്ടവദിപ്പിതു ലാജവും.
അഭിഘാരാദിയും ചെയ്തു രണ്ടുകൈകൊണ്ടുമാദരാൽ
പിടിച്ചുകൊണ്ടി "യംനാരീ"യാവർത്തിച്ചതുമന്ത്രവും.
ഹോമം കുടന്നചോത്തിട്ടേ ഉദ്ദേശത്യാഗമഗ്നയെ
വെറുതെ കൈപിടിച്ചിട്ടു "തുഭ്യമഗ്രെ പ്രദക്ഷിണം".
മന്ത്രത്താലമ്മി ചവിട്ടിച്ചിട്ടു "പരാദ്ധാദി"മന്ത്രവും[1]
കൈപിടിച്ചുപുനഃ പത്നീമെന്നു പിന്നെ പ്രദക്ഷിണം.

1. ലാജവും

പിന്നെയമ്മി ചവിട്ടിച്ചു ലാജവും ചെയ്തിരുന്നഥ
ലാജദക്ഷിണയും ചെയ്തിട്ടവധിപ്പിച്ചുകൊണ്ടഥ.
സ്വിഷ്ടകൃത്തും ചെയ്തു " വിശ്വാഉത " എന്നു വലത്തിട്ട
ഇരുന്നുപുൽ തുടസ്സിട്ടു ഹോമശേഷം മുടിപ്പിതു്.
പ്രണീതമുമ്പിലും വെച്ചാൽ അരണംചെയ്തുമാർജ്ജയേൽ
വറണ്ടചാൺചമതമേലത്തീയായതനത്തൊടെ.
"അയം തേ യോനി" മന്ത്രത്താൽ കാച്ചിക്കൊൾക യഥാവലെ
ഒരു മന്ത്രത്തിനെ മുക്കൽ കാച്ചുമ്പോൾ ജ്വാല തട്ടവു
പുല്ലുകൊണ്ടുപൊതിഞ്ഞിട്ടു താൻകെട്ടിക്കൊണ്ടുപോവിതു്.
കൊടുത്തവൻെറ മടിയിൽപെണ്ണു ചെന്നങ്ങിരിപ്പിതു്
കൈപിടിച്ചിട്ടു " ഏ വധ്വാ " എന്നു ചൊല്ലിയടുത്തഥ.
" പൂഷാത്വേതെ " മന്ത്രവും ചൊന്നെന്തോളത്തിൽ കിടത്തുക
വഴിയിന്നുജപിക്കേണം " സുഗംപന്ഥാന "മെന്നിതു്.
" യാഔഷധയ " എന്നെല്ലാമതിൽ ചൊന്നതു കാണ്മിതു്
" ഭദ്രാൽഗൃഹാ "നെന്നില്ലത്തു വലങ്കാൽവെച്ചുചൊല്ലുക.
ഔപാസനവുമിട്ടേക്കാമപ്പൊഴന്തിക്കുമാമതു്
കുത്തിത്തളിച്ചിട്ടു തീയ്യുമന്വാരബ്ധവുമിട്ടഥ.
കാച്ചിക്കൊണ്ടന്നുചമത മന്ത്രത്താലതിലങ്ങിട്ട
" ജുജ്ജുഹ്വാനാദി "നാലന്തം " സ്വാഹാ "യെന്നതൊഴിഞ്ഞിട്ട
" ഇഹഗാവ " എന്നുചൊല്ലിക്കാളത്തോലിലിരുന്നഥ
" നീലലോഹിത "മന്ത്രംകൊണ്ടന്തിക്കങ്ങുപതിഷ്ഠതാം.
നക്ഷത്രംകൊണ്ടുമന്നേരം മുററത്തങ്ങുപുറപ്പെട്ടു
" ധ്രുവോസി "യെന്ന മന്ത്രത്താൽ ധ്രുവനെക്കാട്ടുവൂ നടെ.
അരുന്ധതിയേയും കാട്ടു മന്ത്രം സപ്തർഷയഃ പുനഃ

പിന്നെത്തോലിലിരുന്നി-
ട്ടത്തിക്കുഴനടുവിൽ നാട്ടിവെച്ചതിനെ
നൂലും ചന്ദനവും പൂ-
വെന്നിവകൊണ്ടങ്ങലങ്കരിക്കഴകിൽ

"അഗ്നെവ്രതാദി "യെച്ചൊല്ലി വ്രതം ദീക്ഷിച്ചുകൊള്ളുക.
വിരിച്ചതിൻെറ കീഴിട്ടു തുവൽമേൽ കുഴവെപ്പിതു്
വിരിച്ചതിലിരിക്കേണം പത്നിയും യജമാനനും.
കാലും കഴുകിയാചമ്യ നാന്ദികർമ്മം തുടങ്ങുക
പുണ്യാഹത്തിനു ചൊല്ലേണ്ടു" മോ "മൌപാസനദേവതം
പുൽതുടസ്സങ്ങിരുന്നിട്ടു തലോടീട്ടു വിളാക്കുക
പരിസ്തരിച്ചു ചന്ദനാദ്യാരാധിച്ചു വിളാക്കുക.
നെല്ലുംപൎയ്യഗ്നിചെയ്തിട്ടു മന്ത്രം ചൊല്ലി വിളാകിയാൽ
അന്തിക്കഗ്നിക്കെതിരവെ സൂൎയ്യനും മുമ്പിൽ വേണ്ടുവൂ
പ്രജാപതിക്കുരണ്ടാമതുദ്ദേശിപ്പതവണ്ണമെ.[1]
മുമ്പിലേതു കുറച്ചിട്ടു പിന്നെത്തൊട്ടേറെ വേണ്ടുവൂ
നടെയത്തേതുനടുവെ പിന്നെത്തൊട്ടങ്ങുനീങ്ങിയും.
മന്ത്രത്താൽ പിന്നെയും [2]വ്ലാകിയാരാധിച്ചു മുടിപ്പിതു്
മൂന്നുനാളിലുമന്തിക്കുമെതിരേയുമിവണ്ണമെ
ഔപാസനം താലിപാകം പിന്നെയാഗ്രയണത്തിനും
തുടങ്ങുന്നാളൊഴിഞ്ഞില്ല നാന്ദിപുണ്യാഹമെന്നിവ.
വൈശ്വദേവമിതിൽ കൂട്ടമുപാകർമ്മാദിയും പുനഃ
അഷ്ടകാ പിതൃയജ്ഞാദൌ നാന്ദിപുണ്യാഹമില്ല താൻ.
മന്ത്രക്കോടികളും ദണ്ഡും ശരവും മൂന്നു നാളിലും
കൈകൊണ്ടലങ്കരിക്കേണം വിരിച്ചതിലിരിക്കയും.
ബ്രഹ്മചൎയ്യവുമിന്നാളിൽ കൂടിരണ്ടുടെയോമവും
ഉപ്പുകൂട്ടായ്കയും മററും കട്ടിന്മേൽ കിടവായ്കയും
അവൻ കുളിക്കയും പിന്നെ മറേറവൾ കുളിയായ്കിലും
നാലാന്നാളെതിരെയോമം ചെയ്താലാട വിഴപ്പിതു്.
മന്ത്രക്കോടി നനച്ചിട്ടുവെവ്വേറെ സംഗ്രഹിപ്പിതു്
മററുമീയുള്ള സംഭാരമെല്ലാമെ സംഗ്രഹിപ്പിതു്.[3]

---

1. ഉദ്ദേശത്യാഗമുണ്ടതിൽ 2. വ്ലാകി = പരിഷേചനം എന്നൎത്ഥം
3. മെല്ലാം സൂക്ഷിച്ചുവെപ്പിതു്

ശേഷത്തിന്നു പൊഴുതുള്ള-
    ന്നന്തിക്കൌപാസനത്തെ വേട്ടുപുനഃ
പുടവകൾ ദണ്ഡും ശരവും
    പകരാതെ പൂണ്ടുകൊണ്ടു നാന്ദിമുഖം.

“ ഓമഗ്നിഃപുത്രവാ ”നെന്നു പുണ്യാഹത്തിന്നു ദേവത
ഉപസ്ഥാനം തുടങ്ങീട്ടു ചെയ്‌വിതഗ്നിമുഖത്തോളം.

മിന്ദ്രാഹുതികളുംചെയ്തു “ യസ്ത്വാ”രണ്ടൃക്കുകൊണ്ടഥ
പകാമാജ്യാഹുതിക്ക“ഗ്നെ പ്രായശ്ചിത്താദി”നാലഥ.

ഹോമശേഷം കോരിവാത്താൽ ശേഷിപ്പിച്ചേക്ക നെയ്യതിൽ
പതിയെത്തീക്കുനേർവെച്ചു മൂർദ്ധാവിൽ പൊന്നു വെച്ചതിൽ.

ശേഷം നെയ്കൊണ്ടഞ്ചു സ്രുവം പിന്നിൽ നിന്നിട്ടുഹോമവും
വ്യാഹൃതിപ്രണവം മന്ത്രംവാർത്താൽ പൊൻവാങ്ങിവെച്ചിതു്[1]

[2]കൈപിടിച്ചി“ ട്ടരിയമ്ണോ”യെന്നുതീക്കുപ്രദക്ഷിണം[3]
പണ്ടത്തോലിലിരുന്നത്തിക്കുഴയും വെച്ചുകൊണ്ടഥ

“ അഗ്നേവ്രതാദി ”യെച്ചൊല്ലി വ്രതത്തെയഴിവൂ പുനഃ
അവ“ ന്തൂർജപൃഥിവ്യാ ” എന്നത്തിക്കുഴയെടുപ്പിതു്.

“ പ്രജയാതപാസ ”മെന്നിട്ടു പതികയ്യിൽ [4]കൊടുപ്പിതു്
പതിവാങ്ങുംപൊഴുതിവൻ ചൊല്ലുമന്ത്രം “ പ്രജാപതി ”.

അതുപതികൊടുക്കുമ്പോൾ ചൊല്ലു “ പശുഭി ”യുള്ളതും
“ [5]പ്രജാവാൻ പശുമാ ”നെന്ന മന്ത്രത്താൽ പിന്നെ വാങ്ങവൂ

കളയാതെയിരിക്കട്ടെ കുഴയും തുവലും പുനഃ
പതിയങ്ങേയകത്തും[6] പോം ദാനം ചെയ്ക മുഹൂർത്തവും.

    അഴകിലടിച്ചുതളിച്ചോ-
        രറയിലിട്ടു കട്ടിൽ മെത്ത തലയണയും.

1. യേപ്പിതു്
2. അയ്മ്ണോ അഗ്നിം പരിയത്തുക്ഷിപ്രം എന്ന മന്ത്രം
3. അഗ്നിമെന്നു തീക്കൽ വലത്തിട്ടു
4. കൊടുക്കതു്
5. പ്രജാവാൻ പശുമാൻ ഭവതി എന്ന മന്ത്രം
6. അകത്തുമ്പോൾ

    വെക്ക കിഴക്കുതലക്കായ്
        വെൺപുടവ വിരിച്ചുകൊൾക മേൽവിരിയും.

    നിറപറതെളിയിൽ വിളക്കും
        വയ്ക്കുല്ലാദിക്കിലഷ്ടമംഗലവും
    ചന്ദനമകിൽ നന്മാലകൾ
        കൊണ്ടകമതലങ്കരിക്ക മണമിയലും

ധൂപദ്രവ്യങ്ങളെക്കൊണ്ടു ധൂപിക്ക [1]പരിചായകം
തലക്കൽവെക്കവെള്ളരി വാൽക്കണ്ണാടി നിറക്കുടം

നന്നായലങ്കരിച്ചിട്ടു മംഗലസ്ത്രീകൾ പെണ്ണിനെ
തെളിവിൽ കൊണ്ടുമലരെ കിടത്തിയവർ പോവിതു്.

    കട്ടിൽക്കിങ്ങുവടക്കെ-
        ത്താഴത്തൊരുപലകമേലിരുന്നനടെ
    തൊഴുതു കിഴക്കുതിരിഞ്ഞു
        ചൊൽവി“[2]തുദീർഷ്വാ ”യെന്നു നാലന്തം

“ പ്രജാവതിസ്ത്രീയാ ”മെന്നു കട്ടിന്മേൽ ചെന്നിരിപ്പിതു്.
യോനികീറുകമേൽനോക്കി “ പ്രജായൈ ”യെന്നു മന്ത്രവും

    ചെറുവിരൽകൊണ്ടതുവേണ്ടു
        കൈ കഴുക്കു കണ്ണുനീരവൾക്കു വരും .
    കൈകൊണ്ടതിനെ“ജ്ജീവാ”
        മെന്നു തുടച്ചുകളഞ്ഞു കൈകഴുക്കു

“ വിഷ്ണുര്യോനിം ” തുടങ്ങീട്ടു [3]പത്തന്തത്തെ ജപിപ്പിതു്
“ അമൂഹ ”മെന്നു തഴുക്കു പിന്നെ കൈകഴുകീട്ടുവൂ.

തന്മാറുതൊട്ടു“ ഹംഗർഭം ” ജപിച്ചാൽ കൈനനച്ചഥ
“ തപാംപൂഷ”ന്നെന്നുപൊഴുതുംകൊണ്ടാൽ പോയിക്കുളിക്കവർ

1. പരിചാരകം
2. ഉദീർഷ്വാതോ വിശ്വാവസോ. ഉദീർഷ്വാതഃ പതിവതീ എന്ന രണ്ടു മന്ത്രം
3. പരാന്തത്തെ

" പ്രജാപതിപ്രീയതാ "മെന്നു പ്രണ്യാഹവും പുനഃ.
ചോററിന്നരപ്പുണ്ണിയാഹം ദേവതാ അന്നദേവത
അച്ചോറുണ്ണിതു ഭർത്താവു പതിവേണം വിളമ്പുവാൻ.
പതിയന്നേതുടങ്ങീട്ടങ്ങവന്റെയെച്ചിലുണ്ണിതു്

അവർ പന്ത്രണ്ടു നാളേക്കു രണ്ടകത്തു കിടക്കൊലാ
അന്തണന്മാർ കാലമില്ലായ്കിൽ പഞ്ചമേനികഴിഞ്ഞുമാം
എല്ലാമൌപാസനം വേട്ടുവേണമത്തിയ്യിൽ വേണ്ടതു്.
താലീപാകവുമുണ്ടാകിലതും ചെയ്തിട്ടുവേണമെ

കൃഷ്ണപ്രതിപദത്തുന്നാളന്നാഗ്രയണമായിടിൽ
അന്നേതാഗ്രയണം ചെയ്താൽ താലീപാകമിളക്കൊലാ.
പിറെറന്നാൾ പഞ്ചമേനിക്കു പകരാതെയുടുത്തഥ
കൌതുകം ശരവും ദണ്ഡും പൂണ്ടത്തീക്കുഴയും പുനഃ

[1]എരുത്തുതോലും കൈക്കൊണ്ടു കിഴക്കോട്ടു പുറപ്പെട്ടു.
വടക്കാകിലുമാമത്തിക്കടെച്ചെന്നു വലത്തിട്ടു
പടിഞ്ഞാറിരുന്നത്തീമ്മേൽ നീർവീത്തിന്നുചുററുവൂ.[2]
" [3]യഥാതപ "മെന്നുചൊല്ലീട്ടു ചന്ദനം ചാർത്തുവൂ നടെ

" യഥാതപ "മെന്നു ചൊല്ലീട്ടു പൂവും ചാർത്തിടുവൂ പുനഃ
കടക്കൽമെഴുകി[4]പ്പൂവിട്ടാരാധിക്ക യഥാവലെ.
ത്രിവൃതാന്നമിട്ടു പിന്നെ " ഊർജസ്വാ "നെന്നു മന്ത്രവും.
" ഉദുംബരപ്രീയതാ "മെന്നരപ്പുണ്യാഹമുണ്ടിതിൽ

മുഴങ്കാലോളവും നീരിലിറങ്ങീട്ടങ്ങു നില്പിതു്.
അവൻ കിഴക്കുനോക്കീട്ടും പെൺ പടിഞ്ഞാറുനോക്കിയും
പെണ്ണിന്റെയുത്തരീയത്തെ കിഴക്കു കരയാസ്സുരെ.
പിടിച്ചിരുവരുംകൂടി മീൻകോരിക്കൊണ്ടുകൊൾവിതു്[5]

1. എരുത്തുതോൽ: പശുവിൻ തോൽ
2. വീത്തു
3. ശുഭമായെന്നു
4. പുല്ലിട്ടാരാധിക്ക
5. കോരംപിതു്

ബ്രഹ്മചാരിയെ നോക്കീട്ടു " ബ്രഹ്മചാരിൻ കി " മെന്നിതു്
" [1]പുത്രാംശ്ചാദിമ "മന്ത്രം കൊണ്ടവൻ ചൊല്ലുവിതുത്തരം
മീനെ വാരിബകങ്ങൾക്കു ബലിയെന്നു നിറച്ചഥ
അത്തിക്കടെയിട്ടു മന്ത്രം " ദീർഘായുത്വായവർച്ചസെ ".

കൌതുകവും പുടവകളും
വീഴ്ത്തത്തിക്കൊമ്പിലിട്ടു കാൽ കഴുകി
പണ്ടെ വ്രതദീക്ഷയിലു-
ള്ളത്തിക്കുഴുതുവലുമിവകൾ നീരിലിട്ടു.

തമ്മിൽ തേച്ചുകുളിപ്പി-
ച്ചന്യോന്യമലങ്കരിച്ചു നീർ തെററു.
പിൻനോക്കി വലങ്കാൽ കൊ-
ണ്ടുതുവേണ്ടു "പ്രതിയുതാദി" മന്ത്രത്താൽ.

—: * :—

ആഗ്നേയസ്ഥാലീപാകച്ചടങ്ങു്

അകത്തുപോയുടൻ പിന്നെ ചെയ്ക നാന്ദീമുഖം പുനഃ
" ഓമഗ്നിപ്രീയതാ"മെന്നു പുണ്യാഹം പിന്നെ ഹോമവും
" അഗ്നിർമൂർദ്ധാഭുവോ"രണ്ടുകൊണ്ടും ചെയ്തിതു പകപവും.
ആജ്യാഹുതികൾ " ഭൂസ്വാഹാ " എന്നു തൊട്ടോമശേഷവും

അന്നു,രാ,മെത്തമേൽ ചെന്നീ രണ്ടുപേരുമിരുന്നഥ
അലങ്കരിപ്പിതന്യോന്യം പിന്നെ നൽ ചാന്തു തേപ്പിതു്.
പിന്നെത്തൊഴുതുപസ്ഥാനം ചെയ്വൂ മന്ത്രം സുമംഗലീ
വെളുത്ത പൂവ്വു ചൂടേണം "തന്നോ"മെന്നിട്ടവൾക്കവർ

ദശമേഹനി നാൾമുമ്പെ വൈശ്വദേവം തുടങ്ങുക.
നാന്ദിപുണ്യാഹ" മോം വിശ്വദേവാ" എന്നഥ ഹോമവും
വൈശ്വദേവത്തിനായ് മററും ഹവിചാതിച്ചുകൊള്ളുക[2]
" വിശ്വദേവാ[3]വിശ്വദേവാ "യെന്നു പകപം കഴിഞ്ഞഥ.

1. പുത്രാൻ പശൂംശ്ചപശ്യാമി എന്ന മന്ത്രം
2. കൂടവെ
3. ഋതാവൃധ

ഉപസ്തരിച്ചോരിലയിൽ വൈശ്വദേവഹവിസ്സിനാൽ
ഇട്ടാലുപസ്തരിച്ചിട്ടീ രണ്ടുകൂറായ് പകുപ്പിതു്.

വലത്തെക്കൂറു ഹോമിപ്പാൻ ഇടത്തെക്കൂറു തൂകുവാൻ
പര്യഗ്നിചെയ്തുകൊള്ളേണ്ടു ഹോമിക്കേണ്ടതുമിക്കതും.

വൈശ്വദേവത്തിനത്തീയ്യാലൊട്ടു നീക്കി വടക്കതു്
കൈകൊണ്ടു വാരി ഹോമിപ്പൂ പിന്നെ "ദേവേഭ്യ" എന്നതിൽ.

നിലത്തു തൂകുവാൻ നീരും ചന്ദനം പൂ കൊടുപ്പിതു്
ധൂപദീപങ്ങളെക്കൊണ്ടു പത്തി പൂജിപ്പിതസ്ഥലം.

നീർകൊടുത്തിട്ടു തൂകേണ്ടു തൂകിയാലും കൊടുക്ക നീർ
ഹവിസ്സുവാരി നീർക്കൂട്ടി തൂകീട്ടർച്ചിച്ചുകൊള്ളുക.

"പിതൃഭ്യ" എന്നിടത്തിട്ടു തീക്ക [1]തെക്കുടെ തൂകുക
വലത്തിട്ടു വടക്കെ നീർതൊട്ടു "ഭൂതേഭ്യ" എന്നഥ.

കൈകൊണ്ടൊരിക്കലെ വാരി "അഗ്നയെ" എന്നുതൊട്ടവ
ഈശാന്തമ്മേലൊട്ടക്കത്തേതിരുപത്തഞ്ചു ഹോമവും.

"ധർമ്മായ" എന്നു തീക്കന്റെ തെമ്പടിഞ്ഞാറു തൂകുക
വായുകോണിലധർമ്മായ തെങ്കിഴക്കന്റെ കദ്രുവെ.

ഈശാന്തകോണിൽ [2]"സർവ്വേഭ്യ" എന്നും തൂകുവതിങ്ങനെ
ദണ്ഡുപോലെ കിഴക്കോട്ടു നീളെത്തീക്ക വടക്കഥ.

അചലാദികളിരുപത്തൊ-
ന്നതിനരികെ വടക്കലൂഖലാദികളും.
അതിന്നുവടക്കെവാസ്തോ-
ഷ്പതിതൊട്ടീശാന്തകോണിൽ മുതൽവട്ടം.

രുദ്രന്നു തൂകിയാലെങ്ങും പിന്നെക്കൈകഴുകീടുക.
ബ്രഹ്മന്നു നടുവെ തൂകി വൃത്തദണ്ഡിന്നിടെ പുനഃ

പിത്രാദികളിടത്തിട്ടു തൂകിപ്പിന്നെ വലത്തിടും.
കൈനനച്ചു വടക്കൂട്ടു "നമോരുദ്രായ" തൂകുവൂ

---

1. തെക്കോട്ടു
2. സർപ്പേഭ്യ

ദിക്കഞ്ചിലും കിഴക്കാദി പ്രാച്യാദികളുമഞ്ചുള
തെങ്കിഴക്ക തുടങ്ങീട്ടു യമായാദികളും കോണിലും

രക്ഷോഭാഗം കഴിഞ്ഞാലുമങ്ങു കൈകഴുകീടുക.
"യെഭൂതാ"യെന്നു നടുവെ വിശേഷിച്ചുണ്ടു രാപ്പകൽ

ഈശാന്തമ്മേൽ "നമോരുദ്ര"മില കൂട്ടീട്ടു തൂകുവൂ.
[1]"അഹിഭോ" എന്നു ചൊല്ലിപ്പിൻ നോക്കീട്ടൊട്ടൊട്ടു നീങ്ങുവൂ

ദശപ്രണവഗായത്രിപ്രാണായാമം ച മൂന്നുരു.
ഗായത്രിയും ജപിക്കേണമതുപത്തിൽ കുറയ്യൊലാ

നീർക്കൂട്ടിട്ടുകം പിടിച്ചു "ഗ്നിമീളെ" തുടങ്ങിയാൽ
നാലുവേദാദിയും പിന്നെ ഓത്തു രണ്ടും ജപിപ്പിതു്

"അഗ്നിർമൂർദ്ധാ"നടെ പിന്നെ "യദ്ദേവാ" നീർ തളിച്ചഥ.
ആജ്യാഹുതിക"ളിഷ്ടേഭ്യ" എന്നുതൊട്ടവയെട്ടുള[2]

സ്വിഷ്ടകൃത്തു തുടങ്ങീട്ടു ഹോമശേഷം മുടിപ്പിതു.
"ശ്വഭ്യ" എന്നു തുടങ്ങീട്ടു പുറത്തൂട്ടുന്നു തൂകുക

അതിഥിയില്ലെന്നിയെ നിത്യം വൈശ്വദേവമിരാപ്പകൽ[3]
വെയ്ക്കുന്നടുപ്പിൽ മുഖ്യംപോൽ വേറെ തീയ്യിട്ടുമാമതു്

വല്ലാകിയാരാദ്ധ്യ വെറുതെ ഹവി പര്യഗ്നിചെയ്തഥ.
മന്ത്രം ചൊല്ലി വിളാകീട്ടു വൈശ്വദേവം തുടങ്ങുവൂ

"ദേവേഭ്യ" എന്നു തൊട്ടെല്ലാമവിടെച്ചെയ്തുകൊള്ളുക.
[4]മന്ത്രം ചൊല്ലി വിളാകീട്ടതാരാധിച്ചു മുടിപ്പതു്.

—: * :—

---

1. അധീഹിഭോ എന്നു ചൊല്ലിപ്പിൻ നോക്കീട്ടൊട്ടു നീങ്ങുവൂ
2. എട്ടഥ
3. മിളക്കൊലാ
4. "ദശമേഹനി" എന്നു മുതൽ മന്ത്രംചൊല്ലി-മുടിപ്പിതു് എന്നു വരെ വൈശ്വദേവച്ചടങ്ങാകുന്നു.

പ്രണവവ്യാഹൃതീ മുമ്പെ ചിലർ ചെയ്യിതുമുണ്ടുപോൽ
വ്യാഹൃതിപ്രണവം പിന്നെ ചെയ്യുന്നോർ മുട്ടവിങ്കലും.[1]

ആഴമുള്ളൊരു നീരിൽപോയ് ചരതിച്ചു കളിച്ചഥ
ബൌധായനീയസ്നാനത്തിന്നായ്ക്കൊണ്ടുകരെ[2] നിന്നഥ.

"ഹിരണ്യശൃംഗ"മെന്നൃക്കു രണ്ടും തൊഴുതു ചൊല്ലുക
"സുമിത്രാ" എന്നിറങ്ങീട്ടു നീർകോരുക കുടന്നയിൽ

"ദുർമ്മിത്രാ" എന്നു ചൊല്ലീട്ടു കളയൂ കരയൂട്ടതു്.
"യദപാ" എന്നുനീർ മൂന്നു ചുഴററിയഥമെല്ലവെ

മുങ്ങിപ്പൊങ്ങിയുപസ്ഥാനമതിൽ മന്ത്രം "നമ്മാഗായെ"
മുഴങ്കാലോളവും [3]നീരിൽ നിന്നിട്ടു പിതൃതർപ്പണം.

"ആഗച്ഛന്തു" തുടങ്ങീട്ടു മൂന്നുമേന്മേലിയന്നതു്[4]
"ആപഃ പുനന്തു"മന്ത്രത്താൽ നീർ ജപിച്ചു [5]കുടിപ്പിതു്.

പവിത്രമിട്ടു പുൽക്കൂട്ടി നീർകൊണ്ടേ കോരിയാട്ടുക
"ദധിക്രാവിണ്ണയ"ന്നാദി "നവോനവ"യൊടുക്കമാം.

"ഋതം ച സത്യ"മെന്നുള്ള മൂന്നൃക്കാലഘമർഷണം
സപ്തശുദ്ധികളെക്കൊണ്ടു കോരിയാട്ടു യഥാവലെ.

ഈറൻ വീഴ്ത്തുപസ്ഥാനം ചെയ്തുതർപ്പിച്ചുകൊള്ളുക
പേരും തർപ്പണവും കൂടെക്കൂട്ടിത്തർപ്പിച്ചുകൊള്ളുക.

കിഴക്കുതാൻ വടക്കുതാൻ നോക്കിപ്പുല്ലിലിരുന്നഥ.[6]
പവിത്രമിട്ടുതൊഴുതാൽ ബ്രഹ്മയജ്ഞേന ചൊല്ലുക

പിന്നെ മന്ത്രം "വിദ്യുദസി" ചൊല്ലിക്കൈകഴുകീട്ടഥ.
"ഭൂർഭുചാദി"കളെക്കൊണ്ടങ്ങാചമിക്ക യഥാവലെ

ദശപ്രണവഗായത്രി പ്രാണായാമം ച മൂന്നുരു.
ഗായത്രിയും ജപിക്കേണമതു പത്തിൽ കുറക്കൊലാ

1. മുടിവിക്കിലും
2. കൊണ്ടുകരനിന്നഥ
3. മന്നീററിൽ
4. ഉയർന്നതു്
5. കുടിച്ചഥ
6. പുല്ലിട്ടിരുന്നഥ

"അനൃതാസത്യ"മന്ത്രത്താൽ ബ്രഹ്മാഞ്ജലി പിടിച്ചഥ.
"ഭൂർഭുവഃസുവരോ"മെന്നു നീർകോരീട്ടു ജപിപ്പിതു്

വ്യാഹൃതിവേറിട്ടോരോ-
ന്നോരോപാദത്തിലാദിയിൽ കൂട്ടു.
പിന്നെയുമവ്വണ്ണമൊരോ-
ന്നോരോ അന്തത്തിലാദിയിൽ കൂട്ടു.

മൂന്നാം വ്യാഹൃതി മൂന്നാമതൊന്നായ് ചൊൽവതിനാദിയാം
നടയത്തേതു[1]പച്ഛംപോലദ്ധ്ച്ഛം പിന്നെയുള്ളതു്.

മൂന്നാമതു് "നവാ"നെന്നന്നിതു ഗായത്രീമുമ്പിനാൽ
വേദാദിയും പാദമന്ത്രം "ഭദ്രം നോ" അപിനാലഥ.

[2]"പ്രച്ഛ"മൊന്നും ജപിക്കേണം ഓത്തൊന്നാകിലുമാമതു്
കയ്യിലെ നീരുടെ ധാരാനീരിലെ നീളെ വീഴവൂ.[3]

പിന്നെജ്ജപിപ്പൂ "തച്ഛംമ്മയോരാവൃണീമഹ" എന്നിതു്
പിന്നെ മുക്കൽ ജപിക്കേണം "നമോബ്രഹ്മണ" എന്നതും.

"അനൃതാൽ സത്യമുപഗാ"മെന്നു കയ്യും തുറപ്പിതു്
"ഘൃണിഃ സൂര്യാ"ദിചൊല്ലീട്ടു നോക്കൂ ആദിത്യനെപ്പുനഃ.

തളിച്ചുകൊൾംവിതന്നീരെ തൻമുഖത്തു യഥാവലെ
[4]പിന്നെക്കൈകഴുക്കൂ "വൃഷ്ടിരസി"യെന്നതു മന്ത്രവും

"യാജ്ഞികിദ്ദേവതാ"യെന്നും നാലും കാണ്ഡഋഷി അഞ്ചതും.

"ബ്രഹ്മാണമഗ്നിമെന്നേഴ" മൃഗേപദാദികളെട്ടതും
ഇച്ചൊല്ലിയവ നാലാരും "സർവ്വാഃ സമ്മിതദേവതാഃ"

"സർവ്വാസ്വാദ്ധ്യായദേവതാ" എന്നും തർപ്പിച്ചുകൊള്ളുക
ശക്തിക്കും തക്കതേതേനും ദാനവും വേണ്ടുവൊന്നുപോൽ

ബൌധായനീയസ്നാനം ച സ്വാദ്ധ്യായവുമിവണ്ണമെ
നിത്യം വേണ്ടും തല്ലെന്നാളെശ്ശേഷമോത്തു ജപിപ്പിതും

1. പച്ഛം = പാദശഃ
2. പ്രച്ഛം = പ്രശ്നം
3. നീളെ വെള്ളത്തിൽ വീഴവൂ
4. പിന്നെ മന്ത്രം വൃഷ്ടിരസി ചൊല്ലിക്കൈകഴുകീട്ടവൂ

ഗൃഹസ്ഥൻ പഞ്ചയജ്ഞങ്ങൾ ചെയ്യേണമവമുട്ടൊലാ.
ബൌധായനീയസ്നാനം ചെയ്താചമ്യദശമെ ഹനി

പിതൃകർമ്മങ്ങളിൽക്കൂട ദശമെഹനിമിക്കതും
ഇലനാലും വെലിപ്പുല്ലുമപൂപമരിമാംസവും.

യുസ്ഥാലിയും വപാസ്ഥാലി ജൂഹൂവിന്നത്തിമേക്ഷണം
പിതൃകവ്യം ചരുസ്ഥാലി വിശേഷിച്ചിവയുണ്ടിതിൽ.

പ്രണീതവെച്ചിടത്തിട്ടിട്ടരിതന്മുൻമ്പിൽ വെച്ചതു്
രണ്ടുകൈകൊണ്ടിടത്തൂട്ട പുല്ലുകൊണ്ടരിതൊട്ടഥ.

ഉപാകരിപ്പാൻ ചൊല്ലേണം "പിതൃഭ്യസ്ത്വാദി"മന്ത്രവും
"പിതൃഭ്യസ്ത്വാദി" മറേറതുകൊണ്ടുപിന്നൊത്തളിച്ചിതു്.[1]

ചരുസ്ഥാലീൽപവിത്രം വെച്ചതിൽ നീർവീഴ്ത്തുവൂ നടെ
പവിത്രം വാങ്ങിയത്തീമ്മേൽ വെച്ചാൽ വെക്ക പവിത്രവും.

ഒരിക്കൽ കഴകിത്തന്നിൽ [2]അരിയിട്ട പവിത്രവും
പൂവട്ടകയിൽ വെച്ചേപ്പൂ ഒട്ടുവെന്തു തുടങ്ങിയാൽ

ഘടാജ്യത്താൽ വപാസ്ഥാലീലുപസ്തീര്യ ഹവിസ്സിലും.
വപവാങ്ങിയകത്തൂട്ടു വെച്ചാൽ കഞ്ഞി കൊഴത്തതു്.

"യുസ്ഥാലി"യിലുപസ്തീര്യ കോരിക്കൊള്ളുക "യുസ്സതു്"
അപൂപം മാംസവും "യുസ്സം" ഹവിസ്സും വപ കവ്യവും.

നെയ്യോട്ടുകൂടിപ്പര്യഗ്നി ചെയ്യേണമിവയാറിനും
തെക്കുവെച്ചഭിഘാരിപ്പൂ നടെ വപയപൂപവും

ഹവിസ്സും കവ്യവും മാംസം "യുസ്സു"മിച്ചൊന്നവണ്ണമെ
പിന്നെ നാന്ദീമുഖംപോലെ വിശെപദേവകളെക്ഷണം

മന്ത്രം നാന്ദീമുഖത്തിന്നു പകരം ഉശമെഽഹനി.
ഇരുത്തിയനുദേശിച്ചാലിടത്തിട്ടു യഥാവലെ

തീക്കന്നികോണിലാമ്മാരു കൂട്ടിക്കൊള്ളുക തിലോദകം
വെള്ളിവട്ടക ചെമ്പോടം ചന്ദനം ചെറുപൂളയും

1. തളിക്കതു്   2. അരിച്ചിട്ടു

എള്ളും മണൽ കുറുമ്പുല്ലും തേനും പൈതൃകമായിവ.
ചാതിക്കേണമിടത്തൂട്ടു കുത്തി രണ്ടുപിലാവില

പ്രോക്ഷിച്ചാൽ തെൻകിഴക്കഗ്രംവരെ വെയ്ക്കൂ പവിത്രവും.
"ആമ ആഗന്തു"തൊട്ടെല്ലാം നാന്ദീകർമ്മം കണക്കിനെ

നാന്ദീമുഖം പദം വേണ്ടാ[1]നാന്ദീമുഖമൊഴിഞ്ഞിതിൽ.
പിതാമഹാദി ശബ്ദത്തെ വേണ്ടുമേടത്തു കൂട്ടുവൂ

സ്വധയും വേണമെ പിന്നെ ഇടത്തൂടതിളക്കുവൂ
"തിലോസി" എന്നെള്ളിടുവാൻ മന്ത്രം യവവുമല്ലതു്

തിലോദകത്തെയും കൂട്ടി സ്ഥലശുദ്ധി തുടങ്ങുവൂ.
അച്ഛൻ മുത്തച്ഛനും നാലാമച്ഛനെന്നിവർ മൂവരെ

വടക്കുനോക്കി വെക്കേണമന്നുള്ളവരെ വെക്കൊലാ.
അച്ഛൻ പിതൃക്കൾ മുത്തച്ഛൻ പിതാമഹനമായ്വരും

പ്രപിതാമഹനാം നാലാമച്ഛൻ പരിപിതാമഹൻ.
അഞ്ചാമതാറാമച്ഛൻപോൽ പിതുഃ പരിപിതാമഹൻ

മത്തുണ്ടാകിലതും കൂടിക്കൂടിക്കടിയിരുത്തുവൂ
ഇവററിൽ മൂന്നുവകയും വെക്കവേണ്ടു മരിച്ചതു്

പേരുള്ളേടത്തെ മന്ത്രത്തിലീവിശേഷങ്ങൾ കാണ്മതു്.
പേരൊഴിച്ചുള്ള മന്ത്രത്തിൽ എല്ലാം പിത്രാദിമൂന്നുമേ

പിത്രാദിമന്ത്രം ചൊല്ലുമ്പോൾ പലവാമ്മാരു ചൊല്ലുവൂ.
പടിഞ്ഞാറു തുടങ്ങീട്ടു പിത്രാദികളെ വെപ്പിതു

സ്ഥലശുദ്ധി കഴിഞ്ഞാവാഹിപ്പാൻ ദിക്കഗ്നികോണതിൽ.
ദശമെഹനി മന്ത്രത്താൽ ക്ഷണിച്ചെല്ലാമിരുത്തുക

പിത്രാദികൾക്കു പേർക്കൂട്ടി ഇടത്തിട്ടു തിലോദകം.
കൊടുക്ക വസ്ത്രാദിയേഴും രണ്ടാമതു തിലോദകം

"അഗ്നൌകരിഷ്യാമി" എന്നു വലത്തിട്ടിട്ടുചൊല്ലുക.
"കുരുഷ്വ" എന്നതെല്ലാരും ചൊല്ലിയാൽ പതി കൂട്ടുവൂ

1. നാന്ദീകർമ്മം

പുൽത്തുടന്നിട്ടിരുന്നിട്ടു ഹോമശേഷം തുടങ്ങവൂ.
മുഖം മൂടിച്ചിടത്തിട്ടു വേണ്ടും പഞ്ചസ്രുവാഹുതി

"യാഃ പ്രാചി"തൊട്ടവററിന്നുദ്ദേശത്യാഗമുണ്ടുപോൽ.
വപമേക്ഷണാഗ്രം കൂട്ടി മൂന്നായോമിച്ചുകൂട്ടുക

സോമായപിതൃമന്ത്രങ്ങൾ മൂന്നുണ്ടതിന്നുമുട്ടിമേൽ
അട പാതിന്നുരുക്കീട്ടതൊന്നു മൂന്നു നുറുക്കുക.

ദേവകൾക്കും പിതൃക്കൾക്കും മറെറ മുറി നുറുക്കുക
വപാമന്ത്രങ്ങളെക്കൊണ്ടു അടയോമിക്കിവണ്ണമെ.

ദേവകൾക്കു വലത്തിട്ടു മറെറവററാലൊരോന്നഥ
കയ്യിൽ കൊടുത്തിടത്തിട്ടു പിതൃക്കൾക്കിലയിൽ പുനഃ.

ഉപസ്തരിച്ചെള്ളുമിട്ടാലതിൽ വെച്ചെച്ചുപോരിക
ചാതിച്ചയിലയാലൊന്നു മുമ്പിലെ വെച്ചുകൊണ്ടതിൽ.

സ്രുവംകൊണ്ടന്നുപസ്തീര്യ ഹവിസ്സെപ്പേരുമിട്ടതിൽ[1]
കവ്യത്താൽ മാംസവും യൂസ്സം നെയ്യും കൂട്ടിക്കലന്നഥ.

മേക്ഷണം കൂട്ടിവാരിക്കൊണ്ടോമിപ്പിതു യഥാവലെ
"പിതൃഭ്യ" എന്നതൊട്ടുള്ള മന്ത്രം പന്തീരിരണ്ടുള്ള.

"അഗ്നയെകവ്യ"മന്ത്രത്താൽ സ്വിഷ്ടകൃത്തഗ്നികോണിലും
ഉദ്ദേശിപ്പരിവററിന്നും സ്വിഷ്ടകൃത്തിനിളക്കൊലാ.

ഹോമത്തിന്നേ പതിവേണ്ടൂ എന്നാൽ പോകണ്ട പതിയും
ഉപസ്തരിച്ചെള്ളുമിട്ടു ചാതിച്ച ഇലയൊന്നിലെ.

കവ്യത്താലിട്ടു ഹോമിച്ചു [2]ശേഷത്താലൊട്ടുകൂട്ടുവൂ
"പൃഥിവീ"മന്ത്രവും ചൊല്ലിക്കയ്യും കഴകിനില്ക്കുവൂ.

എല്ലാക്കും പിതൃതീർത്ഥത്താൽ ഓരോരിക്കൽ വിധിച്ചതു്
[3]മാതാമഹനെയും വേണ്ടിൽ മന്ത്രമെന്നിയൊരുത്തനെ.

വെച്ചു മറെറാരു കവ്യത്താൽ ഒടുക്കത്തു വിളമ്പുക
ദേവകൾക്കു വലത്തിട്ടു നടെ വീത്തു കുടുക്ക നീർ

1. മിട്ടഥ
2. ശേഷത്താലെട്ടു്
3. മാതാമഹൻ ചിലക്കില്ല

മറെറല്ലാക്കുമിടത്തിട്ടും പ്രാണാഹുതി ജപിച്ചഥ
വലത്തിട്ടു മാറുതൊട്ടു പിന്നെ [1]"ബ്രഹ്മാണി" ചൊല്ലുക.

ഈശാനകോണിൽ നോക്കീട്ട് നിന്നോത്തുകൾ ജപിപ്പിതു്
"കൃണുഷ്വസോമായോശന്തസ്ത്വാ[2]" മൂന്നും മുമ്പിനാലിവ.

" ഇന്ദ്രാവൃത്രം വൈശ്വദേവേനാഗ്നയെ " എന്നു മൂന്നഥ
നാചികേതങ്ങളും പക്ഷെ ത്രിസുവർണ്ണങ്ങളും പുനഃ.

അവരുണ്ടാലിടത്തിട്ടിട്ടങ്ങു നോക്കിത്തിരിഞ്ഞഥ.
" മധുവാതാദി " മൂന്നൃക്കും ചൊല്ലിസ്വദിതവും പുനഃ

അവർ "സുസ്വദിതം" ചൊല്ലു വലത്തിട്ടു കുടുക്ക നീർ.
ദേവകൾക്കങ്ങിടത്തിട്ടു പിതൃക്കൾക്കന്നശേഷവും

സംക്ഷാളനം വലത്തൂടമിടത്തൂടെ തിലോദകം
ദേവകൾക്കു വലത്തിട്ടു പിന്നെ ദക്ഷിണ ചെയ്തഥ.

മറെറല്ലാക്കുമിടത്തിട്ടു മക്ഷയ്യമഭിവാദ്യവും
" സ്വധാസ്തു "വെന്നിടത്തിട്ടു നിന്നാൽ തൊഴുതുചൊല്ലുക.

അപരസ്തു" സ്വധാ "യെന്നാൽ എടുപ്പിതു പിതൃക്കളെ
വലത്തിട്ടെഴുനീല്പിപ്പൂ വിശ്വേദേവകളെപ്പുനഃ.

ഇടത്തിട്ടവരോടെല്ലാം " പ്രസീദന്തു " തുടങ്ങിയാൽ
അനുയാത്ര കഴിഞ്ഞിട്ടു തീക്കൽച്ചെന്നങ്ങിരിപ്പിതു്

എല്ലാരുമെഴുനീററാകിൽ "അനുവാരബ്ധം" പകന്നിട്ടു.
കൈകൊണ്ടു മേക്ഷണംകൂട്ടി ഹോമശേഷത്തെ വാരുവൂ

" യന്മെ മാതാദി " മന്ത്രത്താൽ മൂന്നോമിച്ചു മുടിപ്പിതു്.
[3]മന്ത്രം പിതൃക്കൾ കേൾക്കേണമുദ്ദേശിക്കയുമുണ്ടിതിൽ

തളിച്ചു മേക്ഷണം തിയ്യിലിട്ടാൽ പോവിതു പതിയും
തീക്കുതെക്കൂട്ടുമെഴുകിത്തെക്കുനോക്കിത്തിരിഞ്ഞഥ.

മണലിട്ടു പുൽവിരിച്ചിട്ടാരാധിക്ക യഥാവലെ
നീരും ചന്ദനവും പൂവും മുമ്മൂന്നുടെ കൊടുപ്പിതു്.

1. ബ്രഹ്മണി ചൊല്ലിയാൽ
2. വോമായേശന്തസ്ത്വാ
3. പിതൃക്കൾ കേൾക്കെയമ്മന്ത്രം

എല്ലാം കൂട്ടിക്കടക്കന്നെ തുടങ്ങീട്ടു യഥാവലെ
പിതൃാദികളെയാവാഹിച്ചാരാധിക്കവിടെപ്പുനഃ.

നീർകൊടുപ്പിതു പുല്ലിന്മേൽ പിണ്ഡം വെയ്ക്കുന്നിടത്തഥ
"ഏതത്തെ" തറയന്നിട്ടു പിതൃപിണ്ഡത്തെ വെപ്പിതു്.

അവന്നവന്ന പണ്ടുള്ള പേർ കൂട്ടിച്ചൊൽക മന്ത്രവും
പിണ്ഡം തന്മേൽ കൊടുക്കേണം നീരുമീവണ്ണമെ പുനഃ.

പിതാമഹാദിയും വെച്ചു പടിഞ്ഞാറോട്ടു ലേപനം
നിലത്തും പുല്ലിലുംകൂടി നീർ തുടങ്ങിക്കൊടുക്കതിൽ.

ചോറും നീരും കൂട്ടിവാരി വടക്കന്നാദിയായത്തും
" യെ നഃ പതിത " മന്ത്രത്താൽ തെക്കോട്ടാമ്മാറുതേപ്പിതു്.

[1]മേലേവരണ്ടിനെക്കൊണ്ടും തെക്കതെക്കങ്ങിവണ്ണമെ
നീരും ചന്ദനവും പൂവ്വുമെല്ലും കമ്പിളിലാക്കവു.

" യെസമാനായെ [2]തപജാതാ " എന്ന രണ്ടൃക്കകൊണ്ടതു്
പിണ്ഡങ്ങളിൽ ക്രമത്താലെ വലത്തൂട്ടങ്ങ വീത്തുക.

അഗ്നികോണാദിയായ് ചുററും നീർ തുടങ്ങിക്കൊടുത്തതിൽ
" പിതൃഭ്യഃസ്വധാദി "മന്ത്രംകൊണ്ടു പിണ്ഡങ്ങൾ വെച്ചഥ.

നീരും കൊടുത്തു കവ്യത്താൽ കൂടിയിട്ടൊരു കമ്പിളിൽ
നീർവീത്തിയതിടത്തൂട്ടു തലോടുമ്പോൾ ജപിപ്പിതു്.

[3]"ഊൎദ്ധ്വം വഹന്തീരമൃതം ഘൃത"മെന്നതു മന്ത്രവും
ഇടത്തൂടതു മൂന്നുടെ പിണ്ഡം ചുഴലെ വീത്തുക.

തലക്കൽ നീർകൊടുത്തിട്ടു വടക്കോട്ടു തിരിഞ്ഞഥ
തെക്കെ തിരിഞ്ഞു മൂന്നുടെ നീർ തുടങ്ങിക്കൊടുപ്പിതു്.

ദാനം ചെയ്തു ദപസിച്ചേച്ചു[4] പിണ്ഡം മുററത്തു വെപ്പിതു്
തീക്ക മുമ്പിലിരുന്നനപാരമ്പുമിട്ടഥ പാത്രികം.[5]

എല്ലാമീരണ്ടു കൂട്ടീട്ടു വടക്കങ്ങ കടത്തുക
വലത്തിട്ടിട്ടന്ത്യയാജമിട്ടു ഹോമം മുടിപ്പിതു്.

1. മേലെ മന്ത്രമിരണ്ടിന്നും
2. സജാതാ
3. ഊൎജ്ജം
4. ച്ചേപ്പു
5. പാതികം

ശരദണ്ഡങ്ങൾ കൈക്കൊണ്ടു പത്നിയും യജമാനനും
പ്ലാക്കൽ ചെന്നു വലം വെച്ചു നീരൊഴുക്കിത്തുടങ്ങിയാൽ.

അടുത്തവണ്ണമെ തൃക്ക മന്ത്രമില്ലവയൊന്നിനും
"ഓം ചിത്രിയാണി പ്രീയന്താ"മെന്നരപ്പുണ്ണ്യാഹവും.

അമ്പൂദണ്ഡും ബ്രാഹ്മണന്നു കൊടുപ്പൂ ദക്ഷിണാമപി
ചടങ്ങു കാട്ടിയോനെല്ലാം വേണ്ടും ദക്ഷിണ ചെയ്യിതു്.

പിലാവിനെ വലത്തും വെച്ചങ്ങകത്തോട്ടു പോവിതു്
വെളുത്തവാവിൻ പിറെറന്നാൾ തുടങ്ങുതാലിപാകവും

അന്നുതാൻ തലനാളെതാൻ അനപാരംഭണി ചെയ്യിതു്.
അതു നാന്ദീമുഖം ചെയ്തു തുടങ്ങു പുണ്ണ്യാഹവും

ചൊല്ലി ഞായമിതിദ്ദൎശ പൂൎണ്ണമാസാദി ദേവത.
മുഖം മുടിഞ്ഞാൽ പകപത്തിന്ന"ഗ്നാവിഷ്ണുമഹീ"ദപയം

"പ്രണോദേവീ"ദപയം കൊള്ളു രണ്ടാം പകപസ്യ മന്ത്രവും.
പകപം മൂന്നു കഴിഞ്ഞാൽ നെയ്യോമം വ്യാഹൃതികൊണ്ടഥ

സപിഷ്ടകൃത്താദിയോമത്തെ മുടിച്ചാൽ മെഴുകീട്ടതിൽ.
താലീപാകമപൂൎവ്വം കൊണ്ടു"ഗ്നിർമൂൎദ്ധാ ഭുവോ"ദപയം

പകപം വ്യാഹൃതി നെയ്യോമം മേലെ പ്രതിപദത്തിലും.
താലീപാകം പ്രതിപദം തോറുംചെയ്യിതു മുട്ടൊലാ

പിന്നെയാഗ്രയണത്തിന്നു മനപാരംഭണി ചെയ്‌വിതു്.
അന്നാ"ഗ്രയണദേവതാ" എന്നു പുണ്യാഹദേവതാ

അപൂൎവ്വമായാഗ്രയണം പത്നി കൂടിയിരുന്നഥ.
പരിസ്തരിച്ചാൽ [1]പുസ്തരി ഹവിസ്സത്തീയിൽ വെക്കയും

ആഘാരവും കൂടിവേണം പകപം മൂന്നണ്ടിതിങ്കലും.
"ഇന്ദ്രാഗ്നീരോചനാ" എന്നു രണ്ടിരിക്കും നടേതിന്നു്

"വിശേപദേവാ വിശേപദേവാ" എന്നു രണ്ടാമതിന്നുമാം
"ദ്യാവാന"[2]മെന്നു രണ്ടൃക്കം മൂന്നാം പകപത്തിൽ മന്ത്രവും

1. പുത്തരി
2. മെന്നും

ചതുർഗ്ഗൃഹീതം ചെയ്തിട്ടു ജുഹൂകൊണ്ടാജ്യഹോമവും.
"ശതായുധായ" എന്നാദിയഞ്ചു മന്ത്രമവററിനും

ഉദ്ദേശത്യാഗവും വേണമോമശേഷം മുടിപ്പിതു്.
വൈശ്വദേവം ചെയ്തുശേഷം പ്രാശിപ്പൂ പത്നി കൂടവെ

"ഭദ്രാന്ന" എന്ന മന്ത്രത്തെ ജപിച്ചിട്ടു കൊടുക്കണു്.[1]
തീക്കു മുമ്പിലിരുന്നിട്ടു ഹവിസ്സാൽ താനരുട്ടിയാൽ

"ഭദ്രാന്ന" എന്ന മന്ത്രത്താൽ പ്രാശിക്കേണവൾ കൂടവെ
കാലും കഴുകി വന്നിട്ടു മാറുതൊട്ടു ജപിക്കിലാം.

മുന്നെപ്പൂജിച്ചു വിഘ്നേശപൂജ പിന്നെ മുടിപ്പതു്
ആണ്ടിൽ പുത്തിരിയുണ്ണേണ്ടു രണ്ടുപേരുമിവണ്ണമെ.

കറുത്ത വാവുതോറുംപോൽ പാർവ്വണം വേണ്ടുവൂ പുനഃ
ദശമെഹനിയെപ്പോലെയുപസ്ഥാനം തുടങ്ങിയാൽ

ക്ഷണിപ്പാൻ "പാർവ്വണശ്രാദ്ധെ" എന്നു കൂട്ടി ക്ഷണിച്ചഥ.
പ്പാക്കൽ പോകയൊഴിഞ്ഞുള്ളതെല്ലാമെ ചെയ്തുകൂട്ടുക

മാസിശ്രാദ്ധം കന്നിമാസെ കൃഷ്ണപക്ഷത്രയോദശി.
"മാസിശ്രാദ്ധെ" എന്നതിങ്കൽ ക്ഷണമെന്നേ വിശേഷവും

പിന്നെ അഷ്ടക ചെയ്യേണം കുംഭഞായററിലഷ്ടമി.
ക്ഷണിപ്പാ"നഷ്ടകാശ്രാദ്ധെ" എന്നു മന്ത്രമതിൽ പുനഃ

വപാഹോമം കഴിഞ്ഞാലുണ്ടഷ്ടകാഹോമമുണ്ടിതിൽ.
"ഇയമേവേതി"യെന്നോത്തുമുണ്ടുകൊണ്ടും സ്രുവാഹുതി

"സംവത്സരസ്യപ്രതിമാ"മെന്ന്യക്കം പതിനേഴിലും
"രാത്രിയൈ" എന്നതുദ്ദേശത്യാഗം ചെയ്കിലുമാം പുനഃ

ദശമെഹനിയെപ്പോലെ മറെറല്ലാമിവ മൂന്നിനും
ബൌധായനീയസ്നാനം ചെയ്കിവയും വേണ്ടുവൂ പുനഃ.

ഓരോരുത്തരെ ഊട്ടീട്ടും കാണുന്നു പാർവ്വണാദികൾ
ദേവകൾക്കു വിളമ്പുന്നതന്നദേശനമങ്ങട.

ആവാഹിച്ചാൽ പിതൃക്കൾക്കു പുൽ പകുത്തിട്ടിടുന്നതും
"പിതാമഹാദി" മന്ത്രത്തിൽ ചേർത്തു കൂട്ടി ക്ഷണിക്കയും.

---

1. ജപിച്ചിട്ടു കൊടുക്കണം

തിലോദകം പിന്നെയട വിളമ്പുകന്നദേശനം
അന്നാസംക്ഷാളനം പിണ്ഡം കണക്കേതും കുറക്കൊലാ.

പിതൃയജ്ഞം ചെയ്തുവേണം പാർവ്വണം ചെയ്തുകൊള്ളുവാൻ
പിതൃയജ്ഞമില്ലച്ചീടിൽ പ്രായശ്ചിത്തവുമുണ്ടു പോൽ.

[1]അവ്വണ്ണമിതു ചൊല്ലുന്നേൻ പിതൃയജ്ഞച്ചടങ്ങിനെ
ബൌധായനീയസ്നാനം ചെയ്തുവിസ്സത്തീയിൽ വെപ്പിതു്.

പരിസ്തരിച്ചാൽ വെയ്ക്കിലാം മുമ്പെ വെയ്ക്കിലുമാമതു്
ഇടത്തിട്ടു തുടങ്ങീട്ടു ചാതിപ്പിദ്ദ കുംഭവും.

"സ്ഫ്യ"മുമേരകയും പുല്ലുമില യഞ്ജനമെണ്ണയും
നൂലും മേക്ഷണവും പുല്ലും സ്രുവവും ഹവിയും പുനഃ.

പുല്ലും പ്രോക്ഷണിയോടാജ്യസ്ഥാലിയും ചെറുപൂളയും
ചന്ദനം ചാൺചമതയുമോരോന്നേ തൊട്ടു കൊള്ളുക.

പ്രോക്ഷിച്ചു തെക്കു നോക്കീട്ടു തെക്കോട്ടു മെഴുകീട്ടതിൽ
സ്ഫ്യം വെച്ചതിൽ കിഴക്കോട്ടു തെക്കഗ്രം വെയ്പിതേരകം.

ഉദകുംഭം പടിഞ്ഞാറും വെലിസ്സാധനവും പുനഃ
നെയ്യുണ്ടാക്കി സ്രുവം പിന്നെ മേക്ഷണം ചെയ്തുടച്ചഥ.

ഹവി തെക്കഭിഘാരിച്ചാൽ വലത്തിട്ടു വിളാകുക
കൂടിയാരാധനം മന്ത്രപരിഷേകം കഴിഞ്ഞഥ

ഒററച്ചമതയങ്ങിട്ടു മേക്ഷണം കൂട്ടി വാരിയാൽ
സോമായാദികളെക്കൊണ്ടു മൂന്നു ഹോമം കഴിഞ്ഞഥ.

ഉദ്ദേശിച്ചാൽ തളിച്ചങ്ങു തിയ്യിലിട്ടേക്ക മേക്ഷണം
ഇടത്തിട്ടു തെക്കുനോക്കി തിരിഞ്ഞിട്ടു വെലിക്കഥ.

സ്ഫ്യം കൊണ്ടതിലിടത്തൂടു കുത്തിക്കീറിത്തളിച്ചതു്
നീക്കിയേച്ചവിടെപ്പുല്ലു വിരിച്ചച്ചിച്ചു കൊള്ളുക.

പിത്രാദികളെ യാവാഹിച്ചേരകായാമിരുത്തുവൂ
അർച്ചിച്ചഴകതായ് പിണ്ഡമുരുട്ടിക്കൊൾക വേണ്ടതു്.

---

1. ആംവണ്ണം

[1]സ്രു.വം കൊണ്ടുപസ്തരിപ്പൂ പൂവട്ടകയിലേതിനാൽ
ഉദകുംഭത്തിലെ നീരാൽ പിണ്ഡം വെക്കുന്നൊടത്തഥ.

"മാർജ്ജയന്താം പിതര"യെന്നാദിയായിക്കൊടുപ്പിതു്
ദശഹോമിയെപ്പോലെ വെക്ക പിത്രാദി പിണ്ഡവും.

പേർ ചൊന്നാൽ പിന്നെ "യെചതപാ"മനയന്നിതിൽ മന്ത്രവും
നീർ കൊടുത്തത്ര "പിതരോ" മന്ത്രം തൊഴുതു ചൊല്ലുക.

പിണ്ഡമാറുവൊളം നേരം പിന്തിരിഞ്ഞത[2]ങ്ങിരുപ്പിതു്
"വ്യാവൃത്തഊഷ്മാ" യെന്നപ്പോൾ ചൊല്ലു മററൊരുവൻ പുനഃ

പുക ചോയെന്നു മറേറാരുമില്ലായ്കിൽ പതി ചൊല്ലുവൂ.
തെക്കുനോക്കി വലത്തിട്ടു മുകപ്പൂ കവ്യശേഷവും
"യെ സമാനാ [3]യെ സമാതാ" എന്നു രണ്ടൃക്കുകൊണ്ടതു്.
കളഞ്ഞു കയ്യു കഴുകിയിടത്തിട്ടഥ മാർജ്ജനം

ഉദകുംഭത്തിലെ നീരാൽ പിണ്ഡത്തിന്മേൽ കൊടുക്കതു്.
അഞ്ജനം പിന്നെയ"ഞ്ജന്താ"മെന്നു കൃട്ടിക്കൊടുപ്പിതു്
"അഭ്യഞ്ജന്താ"മെന്നു കൃട്ടിപ്പിന്നെയെണ്ണ കൊടുപ്പിതു്.
വാസ"സ്സെത്താനിവോ" മന്ത്രംകൊണ്ടും പിന്നെക്കൊടുപ്പിതു്

മുന്നിലും പിന്നിലും നീരുമഞ്ജനാദികൾ മൂന്നിനും
കൊടുത്തുനിന്നുപസ്ഥാനം ബ്രഹ്മാഞ്ജലി പിടിച്ചതിൽ.

"നമോവഃ പിതരോ" മന്ത്ര മാറുജാതി വിധിച്ചതും
വലങ്കാൽ മുന്നിൽ വെയ്ക്കുമ്പോൾ വലംകൈമേൽ [4]വരേണ്ടുവൂ

"[5]ഓം നവേട്ട"തിനീവണ്ണം മറേറതിന്നു പകർന്നിവ
ഇരുന്നിരക്ക "വീരമ്മേൽ" [6]എന്നെ മന്ത്രങ്ങൾ മൂന്നിനാൽ.

തലക്ക ചൊല്ലാം മൂന്നുടെ കൊടുത്തിട്ടുപാസിപ്പിതു്
[7]വിഷ്ടരത്തിങ്കലിന്നിങ്ങോട്ടാരാധിച്ചവിടുന്നഥ.

---

1. ഉപസ്തരിച്ചാൽ സ്രുവംകൊണ്ടാജ്യസ്ഥാലിയിലേതുമനെ
2. ങ്ങുരപ്പിതു്
3. യെ സജാതാ
4. വരപ്പെട്ടു
5. ഒററ പെട്ട
6. പിന്നെ
7. നിന്നങ്ങോ

"ഉത്തിഷ്ഠതാദി" മന്ത്രംകൊണ്ടുപാസിക്ക യഥാവലെ
"അനയാത്രമനം"കൊണ്ടു വേണ്ടു പോയ പിതൃക്കളെ

അതിന്നു മന്ത്രവും "യന്തു പിതരാദി"കൾ കൊള്ളുക.
"മനോന്വാദി"കൾ [1]മൂന്നും തം മനസ്സിങ്ങോട്ടു കൊള്ളുവാൻ

പണ്ടെപ്പോലെയുറപ്പിപ്പാൻ "പുനർന്നഃ പിതരോമനഃ[2]"
നൂലും പൂവ്വും കളഞ്ഞിട്ടു പിണ്ഡം പുല്ലൊട്ടുകൂടവെ.

എടുത്തു തീയ്യിലിട്ടേച്ചു വിഷ്ടരാഗ്രമഴിച്ചഥ
പാത്രങ്ങളെല്ലാമീരണ്ടു കൂട്ടിയങ്ങു കടത്തിയാൽ.[3]

വലത്തിട്ടു കോരിവാത്തു ഹോമശേഷം മുടിപ്പിതു്
പിന്നെ നിന്നിട്ടുപസ്ഥാനം ചെയ്വാൻ മന്ത്രം "പ്രജാപതെ."

"യദന്തരിക്ഷ"മെന്നൃക്കിൽ പദമൊന്നു കളഞ്ഞതും
ഏതെങ്കിൽ പതിനഞ്ചാമതിവിടെത്തരമല്ലതു്.

ദീക്ഷാത്തീകെട്ടതിൽ ചെ-
ന്നവിടെയിരുന്ന"പഹതാദി" മന്ത്രത്താൽ
നീരു തളിച്ചതിളക്കി-
ക്കാച്ചേണമടുത്തവണ്ണമൊരു ചമത.

കോരീട്ടു വെച്ചേച്ചഥ ചാണകം കൊ-
ണ്ടൊപ്പിക്കളഞ്ഞീടുക ഭസ്മമെല്ലാം.
വെള്ളം തൊടാതെ വിരവോടു തീയി-
ട്ടെരിച്ചിട്ടു കാച്ചിയതുള്ളവണ്ണം

മെഴുകീട്ടോമം ചെമ്മെ
ചാൺചമതയുമിട്ടയാശ്ച നൈ കൊണ്ടേ
"അഗ്നിർഹോതാ" പിന്നെ-
പ്പുത്തുളപോൽ "ബ്രാഹ്മണാദി ദശഹോതൻ"

മനോജ്യോതിയുമമ്മിന്ദാഹുതി രണ്ടും കഴിഞ്ഞഥ.
മഹാ വ്യാഹൃതിയെ"ന്നോം ഭൂഃസ്വാഹാ"യെന്നാദി മൂന്നതും

---

1. മൂന്നന്തർമന
2. നമഃ
3. ത്തുക

ഭൂഃസ്വാഹാദികൾ നാലും ചെയ്തോമശേഷം മുടിപ്പിതു്.
വാവിന്നാളോമകാലത്തും കെടുന്നാകിലുമിങ്ങിനെ

ഇമ്മൂന്നിലൊന്നിൽ കെട്ടുമാകിൽ വേണ്ടാ
തളിക്കയും കാച്ചുകയും വിശേഷാൽ

" അയാശ്ചയ "ന്നെ പുനരോമ" മഗ്നിർ "-
" ഹോതാദി " [1]യില്ലെന്നതിലുള്ള ഭേദം.

ഔപാസനമിടേണ്ടുമ്പോൾ പൂജിപ്പിതു ഗണേശ്വരം
വിച്ഛേദിച്ചതിനും പ്രായശ്ചിത്തം ചെയ്താചമിച്ചഥ.

ഇരുന്നുടൻ ബ്രഹ്മനെ വെച്ചു കത്തി-
ത്തളിച്ചു സംഭാരമൊരോന്നു കൂട്ടും.

"ഓ"മെന്ന മന്ത്രം പുനരേഴമണ്ണും
മരങ്ങളേഴും ക്രമമിങ്ങിനെ പോൽ[2]

മണലൂഷരവുമെലിത്തുര
മണ്ണും പുററു നീരോതമണ്ണുമപി.
പന്നി തുരന്നൊരു മണ്ണും
താമരയില മണ്ണിതേഴമൊന്നിലിട്ടു.

[3]അതിലെ കോഴിപ്പരലും
പുനരരയാലത്തിയും പലാശുമഥ.
വഖ്യംകതകം വഹ്നിയു-
മിടിവെട്ടിയമരവുമേഴമിട്ടതിനെ.[4]

ബ്രഹ്മൻ വക്കൽ കൊട്ടത്ത"ഗ്നി മാഹരിഷ്യാമി" ചൊല്ലുവൂ
അതിന്നുത്തരമായ് ച്ചൊൽവിത" ഗ്നിമാഹര"യെന്നവൻ.

[5]ഇമ്മന്ത്രങ്ങളിരണ്ടിന്നു "മോ"മെന്നാദിക്ക കൂട്ടുക.
മണൽ സംഭാരവും തീയ്യും മൂന്നും വ്യാഹൃതി കൊണ്ടിട്ടു

---

1. വേണ്ടിലതിലെന്നു
2. പേർ
3. കോഴിപ്പരലരയാലത്തിപലാശമെന്നിവകൾ നാലുമിട്ടു
4. മതിലിട്ടവൂ
5. ഇവ രണ്ടിന്നുമോമെന്നു കൂട്ടിക്കൊള്ളേണമാദിയിൽ

[1]ഹവിസ്സെന്നിയപൂവ്വത്തിൽ മന്ത്രം ചൊല്ലി വിളാകിയാൽ
ചതുർഗ്ഗ്രഹീതം ചെയ്തിട്ടു പ്ലാകിച്ചമതയിട്ടഥ.

നിന്നു നിറച്ചാൽ പിന്നെ
[2]പൂവ്വാഹൂതി ചെയ്തു "സപ്തതെ" മന്ത്രം.
പിന്നെയിരുന്നുദ്രേശി-
ച്ചഥ പൂർണ്ണാഹൂതി വരം കൊടുക്ക നടെ.

ചതുർഗ്ഗ്രഹീതം ചെയ്തിട്ടു നിന്നുകൊണ്ടു നിറച്ചഥ.
വല്ലാകിച്ചമതയിട്ടിട്ടു പൂർണ്ണാഹൂതിയുമെന്നുമാം

ഓരോ ചതുർഗ്ഗ്രഹീതംകൊണ്ടോമമോരോവകക്കിനി
നിറച്ചുകൊൾകയുംവേണം നടെ " തന്തുമതി "ത്രയം

" തന്തും തന്വന്നൽബുദ്ധ്യസ്വ "ത്രയസ്ത്രീംശത്തു മൂന്നിവ
അഭ്യാവത്തികള" ഗ്നേഭ്യാവത്തിന്നാഗ്നേ "പുനഃസഹ.

പിന്നെ മിന്ദാഹൂതി" യന്മേപുനരസി "യുമെന്നിവ
പിന്നെ വ്യാഹൃതി നാലെല്ലാം[3]നിന്നു മുദ്രേശമുണ്ടുപോൽ

കോരിവാത്തുമുടിക്കോമമത്തീ പണ്ടുള്ളതായ് വരും
അന്തിക്കൌപാസനം വേട്ടാൽ ഔപാസനവുമായതു്

കീഴിലെസ്സന്ധ്യയും ദർശപൂർണ്ണമാസങ്ങളും പുനഃ
[4]മുട്ടിപ്പോയവയെപ്പേരും ചെയ്തുകൊള്ളുക നന്നുപോൽ

ഗർഭമുണ്ടെന്നറിഞ്ഞുള്ള പൂയ പുംസവനത്തിനു്
നന്ദിചെയ്തിട്ടുപുണ്യാഹ" മോം പുംസവനദേവതാഃ "

ചാതിക്കേണം വിശേഷിച്ചു നാലുകുത്തു പിലാവില.
ഉപസ്ഥാനംതുടങ്ങീട്ടു പകപംചെയ്ക യഥാവലെ.

" മന്ത്രംപ്രജാപതെതന്വ "മെന്നാവത്തിച്ചുകൊള്ളുക.
" ഗർഭോഅസി "തുടങ്ങീട്ടു മൂന്നാജ്യാഹൂതിചെയ്തിതു്

---

1. അപൂവ്വമായ് തുടങ്ങീട്ടു
2. പൂർണ്ണാഹൂതി
3. ല്ലാററിന്നു
4. കണക്കൊത്തവയും കൂടി ചെയ്തുകൊള്ളുകിൽ

കൊരിവാൎന്നനെയ്യോട്ട ശേഷിപ്പിച്ചേക്ക പാത്രിയിൽ
പത്നിയെത്തീക്കു നേർവെച്ചു പിന്നിൽതാൻ നിന്നുകൊള്ളുക.

ചാതിച്ചപിലാവിലകൊ-
ണ്ടന്നെയ്യാലവർ തൊടാതവാറവള്ളെ
പ്രാശിപ്പിച്ചു പിലാവില
കത്തുമഴിച്ചതുകളഞ്ഞുകൈകഴുക.

നാലുകുറിട്ടു നെയ്യൊക്കെ പ്രാശിപ്പിക്കേണമിങ്ങിനെ
"അസ്മെദേവാസ "എന്നാദിഋക്കാലോരോന്നുമന്ത്രവും

സീമന്തംമുന്നിലെ ഗർഭെ നാലാം തിങ്കളിൽ നാന്ദിയും
നാലുകചെയ്തുപുണ്യാഹ"മോസ്ധാതാ പ്രീയതാ"മിതിൽ

യവംദർഭയുമെയ്യുൻമുള്ളത്തിക്കായിവ ചുട്ടുവാൻ
രണ്ടുവീണകളും വില്ലും കൂടിച്ചാതിച്ചുകൊള്ളുക.

"ധാതാദദാതു "വെന്നാദിരണ്ടൃക്കംപകപമന്ത്രമാം
ആജ്യാഹുതിക്കൊത്തു ശേഷം പന്തീരണ്ടൃക്കപോലവ.

[1]പത്നിയെത്തീക്കുനേർവെച്ചാലെടുപ്പിതുയവാദികൾ
"രാകാമെ "ന്നാദിനാലന്തം ചൊല്ലിത്തലയിൽ വെക്കതു്

"യവോസി "യെന്നമന്ത്രത്താൽ യവവും വെച്ചുകെട്ടുക
പണ്ടെസ്ഥാനത്തിരുന്നിട്ടുരണ്ടുപേരെ വലത്തഥ.

വെച്ചുവീണകൊടുത്തിട്ടു" ഗായതം " ചൊല്ലിയാലവർ
"സോമ "[2]ഏവാദിമന്ത്രത്തെ [3]ചൊല്ലിപ്പാടിക്ക വീണയിൽ

"അസൌ "എന്ന പദസ്ഥാനത്തടുത്തപുഴ ചൊല്ലുക.
അവൎക്കു ദാനവുംചെയ്തു വീണ [4]വേണിച്ചുകൊള്ളുക

വിഷ്ണുബലിവേണ്ടുമെട്ടാ-
ന്തിങ്ങളിലതുചെയ്ക പൂർവ്വപക്ഷത്തിൽ
രോഹിണിതാൻ ദ്വാദശിതാൻ
തിരുവോണംതാനതന്നിസപ്തമിതാൻ

---

1. തീയ്ക്കു മുമ്പിലിരുത്തിക്കൊണ്ടെ 2. എന്നാദി
3. പാടിച്ചൊല്ലിക്ക 4. മേടിച്ചു

നാന്ദിചെയ്തിട്ടുപുണ്യാഹം " സവിതാ പ്രീയതാം "പുനഃ
ഗായത്രിപകപവും ചോറൂൺകഴിവോളവുമിങ്ങിനെ

പാലും ശർക്കരയും നെയ്യുംകൂട്ടി വെച്ചോരു പായസാ
ത്തുകവാനതുവുംകൂടി ചാതിച്ചോമം തുടങ്ങുക

പിന്നെ പ്രണീത വെച്ചാൽ പോയ് കിഴക്കമെഴുകീട്ടതിൽ
പുല്ലിട്ടാവാഹനം മന്ത്രം " ഓം ഭൂഃ പുരുഷ "മെന്നഥ.

മുഖംമുടിഞ്ഞാലാവാഹിച്ചവിടെപ്പുല്ലുകൊണ്ടതിൽ
" ആപോഹിഷ്ഠാദി "മൂന്നൃക്കം " ഹിരണ്യാദികൾ "നാലപി

" പവമാനാദി "യോത്തൊക്കയോരോ ഋക്കിൽ തളിപ്പിതു്
"കേശവാദികൾ" പന്ത്രണ്ടുപേരുണ്ടിവിടെ വേണ്ടവ.

തർപ്പിക്ക" കേശവം തർപ്പയാമി "യെന്നാദിയായതു്.
ചന്ദനം പുഷ്പം നൽധൂപദീപമെന്നിവ കൊണ്ടതിൽ

പൂജിക്കേണം " കേശവായ നമ "യെന്നാദിയായഥ
പകപംചെയ്താൽപിന്നെ വേണ്ടുമാജ്യാഹുതികളാറുള

"വിഷ്ണോൎന്നുകം തദസ്യപ്രവരോമാത്രവിചക്രമെ "
" ത്രിദേവഃ പൃഥിവീം " പിന്നെ യോമശേഷം മുടിപ്പിതു്.

തുകൂപിന്നെ " ക്ഷേശവായ സ്വാഹാ " യെന്നാദിയായവ.
പായസത്തെ നിവേദിച്ചു പൂജിപ്പിതു യഥാവലെ.

നമസ്കാരം സ്തുതികളും വിഷ്ണുസൂക്തങ്ങൾകൊണ്ടവ
"ഓം ഭൂ"രാദ്യുദ്വസിച്ചേപ്പു ശേഷത്തെപ്പത്നിയുൺകതു്

തൈത്തിരീയത്തിലെ ജാതകർമ്മം പെരികെവേലപോൽ
എന്നാൽ പകിഴിയം കൊണ്ടുകൊണ്ടുപോരുന്നിതിന്നിതു്

ചൌളത്തോളം പകിഴിയം കൊൾകിലും പിഴയില്ലപോൽ.
പുത്രനെക്കൊണ്ടുപുടവ കൊടുത്തിട്ടു കുളിപ്പിതു്

പിന്നെ യഭ്യുദയശ്രാദ്ധം ചെയ്ക നാന്ദികണക്കിനെ
[1]അതു മുററത്തിരുന്നിട്ടു ചെയ്തുപോരുക തത്തഥാ

---

1. ഈ വരി ഗ്രന്ഥാന്തരത്തിൽ അധികമാകുന്നു

മന്ത്രമഭ്യുദയശ്രാദ്ധെ പെററകത്തങ്ങുചെന്നഥ
പെററവളെത്തൊടരാതെ
പൈതലെയുമെടുത്തു ദാനവുംചെയ്തു്
പൊന്നും തേനും നെയ്യും
കൂട്ടിയരച്ചതുകൊടുക്ക പൊൻകൊണ്ടേ
" പ്രതെ ദദാമി "ചൊൽമന്ത്രം പിന്നെക്കൈകഴകീട്ടഥ
പൊന്നുംകഴകി രണ്ടൂടെ വെറുതേയും കൊടുക്കുക.
പൊൻകഴകി വലംചെവിമേൽ
വെച്ചിട്ടുജപിക്ക പിന്നെ " മേധാംതെ "
പിന്നെ യിടംചെവിമേലും
പൊൻവെച്ചുജപിക്ക മന്ത്രമതുതന്നെ
തോളുരണ്ടിമ്മലും കൂടിത്തൊട്ടുമൂന്നുക്കു ചൊല്ലുക
"അശ്മോഭവേന്ദ്രശ്രേഷ്ഠാനി " പിന്നെ"അസ്മേപ്രിയംധിയഃ "
പേർ കല്പിച്ചേക്ക രക്ഷക്കു "ഹര" താൻ "ഹരി"യെന്നുതാൻ
തന്നെ നോക്കിത്തിരിച്ചിട്ടു മാറിലാമ്മാറണച്ചഥ.
മൂർദ്ധാവിങ്കൽ മുകർക്കും " ഗാദംഗാലെ"ന്നതു മന്ത്രവും
അമ്മ പോക്കൽ കൊടുത്താലങ്ങമ്മയപ്പൊന്നരച്ചതു്.
മുലമേൽ തേച്ചു മുലയും ചെറുക്കനെ കൊടുപ്പിതു്
മന്ത്രമെന്നിച്ചടങ്ങെല്ലാം പെണ്ണിനും വേണമിങ്ങിനെ.
പേക്ഷ നാന്ദീമുഖം ചെയ്തു് പുണ്യാഹം സവിതാ പുനഃ
ഹുതശേഷത്തിനങ്ങിട്ടു കൊള്ളേണമരയാൽ കുഴ.
കുത്തിത്തളിച്ചിട്ടാഘാരവാനായോമം തുടങ്ങുവൂ
" പ്രജാപതെ രയീണാ "മെന്നാജ്യാഹുതികളാറഥ
"നമോ"ന്തമായ ഗായത്രികൊണ്ടിട്ടു ഹുതശേഷവും
ഹോമം മുടിച്ചു രണ്ടാമതരപ്പുണ്യാഹമുണ്ടിതിൽ
സ്വസ്തികാലത്തിരുന്നിട്ടു ദാനം ചെയ്ക മുഹൂർത്തവും
പൈതലെത്താനെടുത്തിട്ടു കലശം തൊട്ടുനിന്നഥ.
"ഓ"മെന്നാൽ പേരു കൂട്ടീട്ടു "ശർമ്മണെ" സ്വസ്തിചൊല്ലുക
അമ്മ പൈതലെ വാങ്ങിട്ടു പിന്നെ " ഉദ്ധ്യാദി "ശേഷവും
മെല്ലെയും പാരവും പിന്നെ മുമ്മൂന്നുടെ വിളിപ്പിതു്.

മെല്ലെവെ സംസ്കൃതം കൊണ്ടും ഭാഷകൊണ്ടഥവാരവും
പെണ്ണിനോമമൊഴിഞ്ഞെല്ലാം വേണം നാന്ദീമുഖത്തിനു്
മന്ത്ര" മോം തൽസ "ദെന്നത്രെ കൊടുക്കുന്നാളൊഴിഞ്ഞതു്
സ്വസ്തിക്കു" ദായെ സ്വസ്തിയും ദേ " കൂട്ടീട്ടു വിളിക്കയും
പുണ്യാഹംപെണ്ണിനുംവേണമീരണ്ടതു മറക്കൊലാ
നക്ഷത്രഹോമമഥ നാന്ദിമുഖം കഴിഞ്ഞാൽ
നക്ഷത്രദേവതകൾ കൊണ്ടഥ പുണ്ണ്യാഹം
കുത്തിത്തളിച്ചു മണലിട്ടു തുടങ്ങിവേണ്ടും
പക്വങ്ങൾ മൂന്നുളയിതെന്നിയെ പൂർവ്വമാംപോൽ.
" അഗ്നിർമൂർദ്ധാ ഭുവോ " രണ്ടും മുന്നിലെ പക്വമന്ത്രമാം
നക്ഷത്രേഷ്ടിയിലന്നാൾക്കു മന്ത്രം ചൊല്ലിയതും പുനഃ
" അനുനോന്വിദനുമതെ " എന്നു മൂന്നാമതിന്നുമാം
അന്നാൾക്കു ചൊന്ന മന്ത്രം കൊണ്ടാജ്യാഹുതികൾ മുമ്പിനാൽ.
" പിന്നെ ച്ചന്ദ്രമസെ " എന്നഞ്ചിങ്ങിനെ മുമ്പിലേതിനു്
" ജുഷ്ടഭ്യ " എന്നതും വേണം. രണ്ടാമതു തുടങ്ങിയാൽ
ഒരാണ്ടു തികയും നാളിൽ പക്വമേഴുള പിന്നെയും.
" നവോ നവോ ഭവതി "യെന്നാദിയായോത്തുകൊണ്ടഥ
പക്വം പത്തും കഴിഞ്ഞാജ്യാഹുതി പണ്ടേവ ചെയ്തഥ.
" സംവത്സരായ " എന്നാദിയായോത്തിൽ ശേഷമുള്ളതും
സ്വിഷ്ടകൃത്തു തുടങ്ങീട്ടു ഹോമശേഷം മുടിപ്പിതു്.
തുടങ്ങുന്നാളൊഴിഞ്ഞില്ല നാന്ദീപുണ്യാഹമെന്നിവ
നാൾതന്നെ പക്വവുംതന്നെ ആജ്യാഹുതിയുമെന്നിവ.
പ്രത്യഞ്ജനമൊഴിഞ്ഞെല്ലാമിടത്തിട്ടു മകത്തിനു്
പുറപ്പാടിന്നു പേർപോലെ പക്വം കഴിവോളം പുനഃ
" ആജ്യാഹുതിസ്വസ്തി സൂക്ത "മോമശേഷം മുടിച്ചഥ.
ദാനം ചെയ്താൽ ചെറുക്കനെ താനെടുത്തു പുറപ്പെട്ടു
വിളക്കു മുന്നിലും വേണം പിന്നാലെ പോവിതമ്മയും.
" സ്വസ്തിസൂക്തം " ജപിക്കേണം വലങ്കാൽ മുന്നിൽ വെക്കയും
പ്ലാക്കൽ ചെന്നു വലംവെച്ചു പടിഞ്ഞാറെ ഇരുന്നഥ.

ത്രിവൃതാന്നമിട്ടു മന്ത്രമതിന്നും " സ്വസ്തി സൂക്ത "മെ
" ഓം ചിത്രിയാണി പ്രീയന്താ "മെന്നരപ്പുണ്ണിയാഹവും.

അരഞ്ഞാൾ പുണ്ണിയാഹത്തിലിടേണം കെട്ടുവൂ പുനഃ
വലം വെച്ചു പിലാവിന്മേൽ ചവിട്ടിച്ചങ്ങു പോവിതു്.

പെണ്ണിന്നും ക്രിയ ചെയ്യേണം തുകവാനില്ല മന്ത്രവും
ചെറുക്കനെന്നപോലെയാം പുണ്യാഹം ഹോമമില്ലതാൻ.

ഹോമം കഴിവോളം ചോറൂണിന്ന മിക്കതുമിങ്ങനെ
മന്ത്രമാജ്യാഹുതിക്കിട്ടു" ണ്ടഹമസ്മി " തുടങ്ങിയാൽ.

ചോററിന്നരപ്പുണ്ണിയാഹം ദേവതാ അന്നദേവത
എണ്ണതേച്ചു കുളിപ്പിച്ചിട്ടാടചാർത്തിയണിഞ്ഞഥ

മോതിരം കെട്ടി മടിയിൽ വെച്ചുകൊൾക കിടാവിനെ
പൊന്നു താൻ വെള്ളി താൻ പാത്രമതിലമ്മ വിളമ്പൂവൂ.

തൈരും തേനും നെയ്യും
നീരും കൂട്ടീട്ടു ചോറലിച്ചതിനാൽ
ഇടയിൽ കൈ കഴുകീട്ടാ-
രൂടെ ചോറുതേക്ക പൈതൽക്കു

" യാജാതാദിക "ളാറൃക്കും ക്രമത്താൽ മന്ത്രമായതും
"ഭൂർഭുവസ്സുവരവാ"മെന്നൊട്ടുക്കമെവയാറിനും

മുഹൂർത്തം കൊണ്ടു കൊള്ളേണ്ടതിവററിന്നിത്തരം ക്രിയാ.
ഹോമമന്ത്രവുമല്ലാതെതെല്ലാം പെണ്ണിന്നുമിങ്ങിനെ

—: * :—

ചൌളച്ചടങ്ങ്

അടുത്തവണ്ണം ചൌളത്തിന്നങ്ങു നാന്ദീമുഖം പുനഃ.
" ഓം കേശിനഃ പ്രീയന്താ "മെന്നിതിൽ പുണ്യാഹദേവത.

കുത്തിത്തളിച്ചിട്ടാഘാരവാനായോമം തുടങ്ങുക
വെന്നീരും പച്ച നീരും മൈർവാളും വേരുള്ള ദർഭയും

ചാതിക്കേണം വിശേഷിച്ചു ഹുതശേഷത്തിനത്തിയും
" പ്രകപം യെ കേശിനോനമന്ത്ര " എന്ന രണ്ടൃക്കുകൊണ്ടഥ.

ആജ്യാഹുതികളാ" രോഹപ്രോഷ്ഠ " മെന്നാദിയാറുള.
" നമോ ഹിരണ്യബാഹവെ " എന്നിട്ടു ഹുതശേഷവും

ദാനം മുഹൂർത്തവും ചെയ്താൽ വെന്നീർ തന്മുന്നിൽ വെച്ചഥ.
" ഉഷ്ണേന വായ "വെന്നിട്ടു പച്ച നീരതിൽ വീഴ്ത്തുവൂ.

വലം ചെവിക്കു മേൽഭാഗമന്നീരാലെ നനപ്പിതു്
മന്ത്രമുണ്ടാ 'വ ഉന്ദന്തു " പിന്നെ ദർഭയെടുത്തതു്.

" ഔഷധെ" എന്ന മന്ത്രം കൊണ്ടഗ്രം മേപ്പട്ടു വെപ്പിതു്
" ജ്യോക് ച സൂര്യം ദൃശെ " എന്നു മൈർവാൾ മുനയുഴിഞ്ഞഥ

വിലങ്ങുവെപ്പു പുല്ലിന്മേൽ " സ്വധിതെ മൈ"നമെന്നതു.
മുറിപ്പൂ ദർഭയും മൈരും കൂടിയെ നാവവൽ പുനഃ

" മാതെ കേശാ "നെന്നുചൊല്ലി [1]അക്കുററികൾ നനപ്പിതു്.
" തേഭ്യോ നിധാന "മെന്നെല്ലാമവ പുൽക്കടമേലിട്ടു

" ബലം തെ ' എന്ന മന്ത്രത്താൽ നീരാൽ കോരിയൊഴുക്കുവൂ.
തല നന്നായ് ചിരപ്പിച്ചു് വെപ്പിച്ചേക്ക കുടുമ്മയും

കുളിപ്പിച്ചാൽ കുടുമയും പിരിച്ചീറനൊഴിഞ്ഞഥ.
അലങ്കരിച്ചു സാമാന്യം പുണ്യാഹം ചെയ്തുകൊള്ളുവൂ

ഹോമം മന്ത്രവുമല്ലാതതെല്ലാം പെണ്ണിന്നുമിങ്ങിനെ.

കർണ്ണവേധച്ചടങ്ങ്

വെറും പുണ്യാഹവും ചെയ്തിട്ടൊരുനാൾ പൊഴുതുള്ളനാൾ
കാതു കുത്തു ചെറുക്കന്നും പെണ്ണിന്നും മംഗലക്രിയ
ചെറുക്കനില്ല പുണ്യാഹമുപനിച്ചിട്ടു കുത്തുകിൽ

—: *: —

ഉപനയനച്ചടങ്ങ്

കാലത്തെ ഉപനിക്കേണം ചെറുക്കനെ യഥാവലെ.
നാന്ദി ചെയ്തിട്ടു പുണ്യാഹ" മോ മിത്രഃ പ്രീയതാം " പുനഃ

1. അക്ഷർപ്പകരം

ചോറും കൊടുത്തു മററത്തു വെച്ചു ചൌളം കണക്കിനെ
മൈർ മുറിപ്പൂ മന്ത്രമില്ല പിന്നെ മൈർ കളയിച്ചഥ

കുടുമ വിരിച്ചു കുളിപ്പി-
ച്ചാടയുടുപ്പിച്ചു കാൽ മുഖം കഴുകി.
നടുമിററത്തു കിഴക്കെ
മെഴുകീട്ടക്ഷതവുമിട്ടു പുല്ലുമിട്ടു.

വിളക്കിന്നരികെ മുമ്പിലച്ച്ിപ്പിതു ഗണേശനെ.
അലങ്കരിച്ചു കൊള്ളേണം ചെറുക്കനെ യഥാവലെ

ദാനം മുഹൂർത്തവും ചെയ്തു ദാനം ചെയ്തിട്ടു പൂണന്തൽ.
വാങ്ങി ച്ചെറുക്കനെപ്പുല്ലിൽ നിർത്തിത്താൻനിന്നു പൂണന്തൽ

വലംകയ്യിവരെക്കൂടിപ്പിടിപ്പിച്ചു യഥാവലെ.
വലത്തെച്ചെവിയിൽ കേൾക്ക "പ്രണവം" ചൊല്ലുവൂ നടെ

യജ്ഞോപവീതം ചൊല്ലിച്ചു കൂടിച്ചൊല്ലിയിട്ടു പുനഃ.
അവനെക്കൈവിടാതെ താൻ സമർപ്പിക്ക ഗണേശപരം

ആചമിപ്പിച്ചുകത്തോട്ടു [1]പോയങ്ങോമം തുടങ്ങുവൂ.
ചെറുക്കൻ തൊട്ടുകൊള്ളേണം ദാനം ചെയ്തിട്ടു തീയിട്ടു

ഒരു ചാൺ ചമത വിശേഷാൽ
ചാതീപ്പൂ മാനുഷങ്ങൾ മേഖലയും
കൃഷ്ണാജിനവും ദണ്ഡും
പുടവയുമങ്ങമ്മികുഴവിയെന്നിവയും.

മുഖം മുടിഞ്ഞാൽ ദാനം ചെയ്തു ച്ചാൺചമത നെയ്യിലെ
നനച്ചിടീക്ക താൻകൂടി മന്ത്രം ചൊല്ലിച്ചു ചൊല്ലുവൂ.

" ആയുർദ്ദാദേവജരസമെ "ന്നൃക്കതിനു മന്ത്രവും
" അഗ്നയെ ഇദമെന്ന "ച്ചന്താനുദ്ദേശിച്ചുകൊള്ളുക

" ആയിഷ്യ മന്ത്രം താൻ ചൊല്ലി അമ്മിചവിട്ടിക്കമാണിയെ.
തീക്കു നേരെ നിറുത്തിക്കൊണ്ടാട ചാർത്തിക്ക മന്ത്രവും

1. കൊണ്ടേദയോമം

" യാഅകൃന്ത "ന്നിരുവരും കൂടിച്ചൊല്ലിയുടുപ്പിതു്
ആചമിപ്പിച്ചുകൊണ്ടന്നു മുന്നെപ്പോലെ നിറുത്തിയാൽ

" പരിധത്താദി "മൂന്നൃക്കും ചുററു തൊട്ടിട്ടു ചൊല്ലുവൂ.
" ഇയംദുരുക്താൽ " ചൊല്ലിച്ചുപിന്നെ മേഖലയങ്ങിടു.

പാശത്തിലൂടെ കോർത്തിട്ടു വലമെ മൂന്നു ചുററുക
" ഋതസ്യഗോപ്ത്രീ "എന്നൃക്കു ചുററുതൊട്ടു ജപിപ്പിതു്.

" പ്രാണാനാംഗ്രന്ഥി "ചൊല്ലീട്ടു കെട്ടു[1]പൊക്കൾക്കു നേർവരാ
മൂന്നുതാനഞ്ചുതാൻ കെട്ടു കെട്ടൊന്നാകിലുമാമതു്.

" മിത്രസ്യചക്ഷു "ചൊല്ലിച്ചുകൃഷ്ണാജിനമിടീച്ചഥ.
" സോമോസി "എന്നുചൊല്ലിച്ചു ദണ്ഡുംകയ്യിൽ കൊടുപ്പിതു്.

ഇടപ്പോകെന്നിയിങ്ങോട്ടു തിരിച്ചുംകൊണ്ടു കേൾപ്പിതു്
" കോനാമാസീ "യവൻ ചൊല്ലൂ തൻപേരുംകൂട്ടിയുത്തരം

" യസ്മിൻ ഭൂതംച "മന്ത്രത്താ[2]ലന്നെകയ്യുപിടിപ്പിതു്.
" ദേവേഭ്യസ്ത്വാദി"മന്ത്രത്താൽ ദേവകൾക്കു കൊടുത്തഥ.

[3]"ദേവേഭ്യസ്ത്വാദി"മന്ത്രത്താൽ കൈപിടിച്ചങ്ങു വാങ്ങുവൂ
മൂന്നിലും പേരുകൂട്ടീട്ടുശർമ്മനെന്നു[4]കൊടുക്കമാം.

ഇരുന്നിരുവരുംചൊല്ലി " പകാം യച്ഛന്ദസാമതെ "
യാജ്യക്കുമന്ത്രമച്ഛൻതാൻ പരിഹോമാദി ചെയ്തഥ

" ക്ഷത്രിയൈതാദി "മന്ത്രണ്ടുകൊണ്ടാജ്യാഹൂതി[4]ശേഷവും
ഹൂതശേഷം പലാശിൽപോൽ "നമോഅസ്ത്വാദി" മന്ത്രവും

അവിടെ മെഴുകിക്കൊണ്ടു സാവിത്രംവ്രതവും പുനഃ
പരിസ്തരിച്ചാൽ കുഴയും പൂവട്ടകയുമോടവും

കൊളുത്തിക്കാട്ടുവാൻ പുല്ലംചാതിച്ചിട്ടു തളിച്ചഥ.
നെയ്യുമുണ്ടാക്കിയാരാധ്യ മന്ത്രംചൊല്ലിവിളാകിയാൽ

കുഴ നെയ്യിൽ നനച്ചിട്ടു മാണിയുംതാനുമായതു്
ഓരോന്നോമിക്കമന്ത്രത്താൽ ഉദ്ദേശത്യാഗമച്ഛനെ

1. നാഭിക്കു
2. അവന്റെ കൈ
3. ദേവസ്യത്വാദി
4. ചെയ്തയും

“ അഗ്നേവ്രതപതേ ”എന്നാൽ സാവിത്രം വ്രതമന്നഥ.
“ ചരിഷ്യാമ്യാദി ”കൊള്ളുന്നാളഴിയുന്നാള“ ചാരിഷം ”

“ വായോവ്രതാദി”യും പിന്നെ നൈവാത്തോമം മുടിപ്പിത്തു്
ഇവ്വ്രതം മൂന്നുനാളേക്ക ചിലാവിച്ചേക്കളും പുനഃ

[1]നാലാന്നാൾ ദണ്ഡു ചാരുന്നാളെതിരെയഴിയാമിത്തു്.
അച്ഛന്റെ മുന്നിലമ്മാണി ക്രൂർച്ചം കൈക്കൊണ്ടുനിന്നഥ.

“ ക്രൂച്ച് ”യന്നാൽ അച്ഛനതു“ സുക്രൂച്ചം ” ചൊല്ലി വാങ്ങുവൂ
[2]ക്രൂച്ചത്തിൻ തലകീഴാക്കിത്തൻതലക്ക ചുഴററുവൂ.

വടക്കതലയാമ്മാറുതൻേറ പലകമേലിട്ട
“രാഷ്ട്രഭൃന്മന്ത്രവും” ചൊല്ലിയതിന്മേലങ്ങിരിക്കതാൻ

മാണി ചെന്നഭിവാദ്യംചെയ്തിരിപ്പൂ പുൽവിരിച്ചതിൽ.
കാൽതൊട്ടിരിക്കവെ ചൊല്ലൂ “ സാവിത്രീ ”യെന്നുമാണിതാൻ

ദാനംചെയ്തിട്ടുചൊല്ലിപ്പൂ പ്രണവത്തെ നടെപുനഃ
[3]പച്ഛമർദ്ധർച്ചവും പിന്നെ “ അനവാനവു ”മിങ്ങിനെ

മൂന്നുവ്യാഹൃതിവേറിട്ടുകൂട്ടിയോതിച്ചുകൊള്ളുവൂ
[4]സ്വാദ്ധ്യായത്തിൽ നടെ ചൊന്നവണ്ണമെ കണ്ടുകൊള്ളുക

പതിനൊന്നൊമ്പതേഴെന്നീക്രമം മുറിവു കാണ്മിതും.
“ വിസൃഷ്ട”മെന്നുചൊല്ലിച്ചാൽ വെറുതെ അഭിവാദ്യവും

പ്രാശിപ്പാൻ പണ്ടിരുന്നേടത്തിരുന്നിട്ടു ഹവിസ്സിനാൽ
നെയ്യുംകൂട്ടിയുരുട്ടീട്ടു “ശരീരം മെ വിചർഷണം ”

എന്നൃക്കചൊല്ലിച്ചവനെ പ്രാശിപ്പിക്ക യഥാവലെ.
വാപൂയിച്ചാചമിച്ചിട്ടുപസ്ഥാനം തുടങ്ങുവൂ

ആദിത്യനുള്ളദിക്കിങ്കലൊന്നുപ്പൂ വെറുതെ നടെ
കാത്തുംപിടിച്ചു “ഭയ”മെന്നൃക്കാൽനോക്കിക്ക സൂര്യനെ

---

1. ഈ വരി ഗ്രന്ഥാന്തരത്തിൽ അധികമാകുന്നു
2. ക്രൂർച്ചംതാൻ
3. പച്ഛാർദ്ധപച്ഛവും
4. ഈ വരി ഗ്രന്ഥാന്തരത്തിൽ അധികം കാണുന്നു

അകത്തുംചെന്നു പണ്ടേടത്തിരുന്നാൽ “ ബ്രഹ്മചാര്യസി ”
എന്നുചൊല്ലു നടെ പിന്നെ അതിന്റെ പൊരുളും ചൊല്ലുവൂ

പിച്ചപ്പാത്രം കൊടുക്കുമ്പോൾ “ മാതരം” [1]മന്ത്രമങ്ങവൻ
അമ്മെച്ചെന്നഭിവാദ്യംചെയ്തമ്മ ആശിസ്സു ചൊല്ലിയാൽ

“ ഭവതി! ഭിക്ഷാ ”മെന്നവൻ പിച്ചയുംപുക്ക[2]ചെന്നഥ.
“ഭൈക്ഷമിദ”മെന്നുചൊന്നാൽ “സുഭൈക്ഷം ”ചൊല്ലിവാങ്ങുവൂ

അതു തീക്കവടക്കോട്ടു മെഴുകീട്ടൊന്നിലങ്ങിട്ട.
ശ്രദ്ധാമേധകളാം രണ്ടു പെൺകോലത്തെ വരച്ചതിൽ

അർച്ചിച്ചരപ്പുണ്ണിയാഹം ശ്രദ്ധാമേധകൾ ദേവത
ഒന്നിൽ പൊൻവെച്ചുമൂടീട്ടു തൊടീപ്പിതതിലൊന്നിനെ

ദണ്ഡു ചാരുവൊളംപിന്നെ മാണിയായരിയുൺമിത്തു്
പലവട്ടവുമുണ്ണൊല്ലാ പലരോടുരിയാടൊലാ

വ്രതങ്ങളിലിളക്കേണ്ടുമതെല്ലാമങ്ങിളക്കിയും
അന്തിയാമ്പോഴുതുത്തന്തി മുടിച്ചാൽ നാന്ദിചെയ്തഥ

“ ഓമഗ്നിപ്രീയതാ ”മെന്നുപുണ്യാഹം ചെയ്തുകൊള്ളുവൂ
അത്തീയിൽ ചമതയിട്ടു ദണ്ഡു ചാരുവൊളം പുനഃ

നിത്യകർമ്മങ്ങൾചെയ്യിപ്പാൻ അച്ഛൻതാൻ വേണമന്നൊളം
മറുദേശത്തുപോകൊല്ലാ മൂന്നുനാളുപ്പുകൂട്ടൊലാ

നാലാന്നാളെതിരെ മുന്നെപ്പോലെ ചമത ഇട്ടഥ.
മാണി കച്ചയുടുത്തിട്ടു ദണ്ഡുമായ്യോക കൂടവെ

തീക്കോരു[3]“സുശ്രവോ”മന്ത്രം പലാശിനെ വലത്തിട്ട
പ്ലാശിൽ വടക്കെമെഴുകിത്തീയുമിട്ടഴിവൂവ്രതം

സ്ഥാലിരണ്ടും ചമതയും പുൽകളും കുഴയുംസ്രുവം
ഇവ ചാതിക്ക മന്ത്രത്താൽപ്പാകിച്ചമതയിട്ടഥ

മിന്ദാഹുതികളും ചെയ്താൽ കുഴചെയ്തുമുടിപ്പിത്തു്
“ സുശ്രവോമന്ത്ര ”വുംചൊല്ലിപ്ലാശിങ്കൽത്രിവൃതാന്നവും

---

1. ചൊല്ലിയാലവൻ
2. കൊണ്ടഥ
3. സുശ്രവഃപ്ലാശി വലംവെച്ചിട്ടിരുപ്പിതു്

“ സുശ്രവാപ്രീയതാ ”മെന്നിട്ടരപ്പുണ്യാഹമുണ്ടതിൽ
പ്ലാശിന്മേൽ ദണ്ഡുകൃഷ്ണാജിനവും മേഖല കച്ചയും
ആക്കിച്ചാലാചമിപ്പിച്ചിട്ടഥ മേഖലയങ്ങിട
കൃഷ്ണാജിനം ദണ്ഡുമെല്ലാം മന്ത്രത്താലെ[1]ധരിപ്പിത്തു്
എല്ലാനാളും പൂണനൂൽക്കുംമന്ത്രമുണ്ടിവ നാലിനും
“ യസ്യതെ ”എന്ന മന്ത്രത്താൽ തളിച്ചാടയെടുത്തതു്
ആചാൎയ്യനംകൊടുത്തിട്ടുവേണ്ടും ദക്ഷിണചെയ്യിത്തു്.

—:*:—

“ഉപാകൎമ്മ”ാടിമാസത്തിൽ വാവുന്നാൾപോൽ വെളുത്തതിൽ
പകപംകഴിവൊളം നാന്ദിതൊട്ടെല്ലാം പേർകണക്കിനെ
അഭവാദ്യംചെയ്തുവേണമെങ്ങും മാണികൾക്കൂടുവാൻ
ആജ്യാഹൂതിക്കു മന്ത്രങ്ങൾ “യാജ്ഞിക്യാ”ദികൾ നാലഥ.
പ്രജാപതിതുടങ്ങീട്ടു കാണ്ഡൎഷികളുമഞ്ചുള
സദസസ്പതി ഗായത്രിഋഗ്വേദാദികളെട്ടതും
പുൽപിടിച്ചിട്ടി“ ഷേതപാദി ”ഓത്തുമൂന്നുജപിപ്പിത്തു്.
മേലേതിൽ നാലുപദവും ചിലരുണ്ടുജപിപ്പിത്തു്
വേദാദിയും ജപിക്കുന്നോർ ചിലർചൊല്ലുവിസ്പഷ്ടവും
മാണിക്കൂടിജ്ജപിക്കേണം പുൽകളഞ്ഞിട്ടുടുത്തതും
ഹോമശേഷംമുടിച്ചിട്ടു ചൊല്ലേണം “ ബ്രഹ്മചാൎയ്യസി ”
ചെയ്തകൎമ്മത്തെയും പിന്നെയോത്തിളക്കുംപ്രകാരവും
ചൊല്ലേണം നിത്യകൎമ്മങ്ങൾ മററുമാണികൾവേണ്ടതും
ഇളക്കരുതുപാകൎമ്മമാണ്ടുതോറുമിവണ്ണമെ
തുടങ്ങുന്നാളൊഴിഞ്ഞില്ല നാന്ദിപുണ്യാഹമെന്നിവ
അപൂൎവ്വംകൊണ്ടു[2]കൊള്ളുന്നുപിന്നെയാണ്ടിൽവരുന്നിത്തു്
തുടങ്ങുന്നാളിലെപ്പോലെ വേണ്ടുന്നുപിന്നെയുള്ളതും
പലക്കും കൂടിയുംചെയ്യാം നടയത്തേതൊഴിഞ്ഞതു്
അപ്പോഴെകൊൾകഹോതാരം നാന്ദിപുണ്യാഹമിങ്ങിനെ

---

1. ധരിക്കുവെ 2. ചെയ്യുന്നോർ ചിലരാണ്ടിൽ

പിന്നെ മൈർ കളയിച്ചിട്ടു കുളിച്ചോമം തുടങ്ങുവൂ.
വിശേഷാൽ കുഴചാതിപ്പൂഹൂതശേഷം പലാശിലെ
അഭിവാദ്യംചെയ്തുകൂട്ടു മാണി ഗായത്രിപകപവും
“ യാജ്ഞികിഭ്യോദേവതാഭ്യ ”എന്നാലന്നാലിലും പുനഃ
പലവാകച്ചുതുൎത്ഥ്യന്തം വ്രതത്തിൽ പേരുകൂട്ടുവൂ.
വ്രതത്തിലൊന്നേ കാണ്ഡൎഷിഹോതാരത്തിൽ പ്രജാപതി
സദസസ്പതിതൊട്ടെല്ലാമിങ്ങിനെ പതിനഞ്ചുളാം
ആജ്യാഹൂതിയതും ചെയ്താൽകൂടീട്ടുകുഴചെയ്തതിൽ.
ദ്വിതീയ കൂട്ടിയൊന്നായിച്ചൊല്ലിപ്പൂ വ്രതനാമവും
കാണ്ഡാദിയോ“ ത്തിഷേതപാ ”എന്നോത്തുകൂടിജ്ജപിപ്പിത്തു്
സ്വിഷ്ടകൃത്തുതുടങ്ങീട്ടുഹോമശേഷം മുടിക്കയും
ഹൂതശേഷംപ്രാശനവുംവേണം ഗായത്രികൊണ്ടവ
ഇന്നാവ്രതംകൊണ്ടുതന്നുമതിന്റെകാലവുംപുനഃ
“ബ്രഹ്മചാൎയ്യസി”യുംമററും വേണ്ടുംകൎമ്മങ്ങൾചൊല്ലുവൂ.
ഹോതാരംകൊണ്ടിരിക്കുന്നാൾ ആറുമാസത്തിലിങ്ങകം
നല്ലോരുപൊഴുതുള്ളുന്നു മാണിക്കോത്തുതുടങ്ങുവൂ.
അഴിവാൻകാലമായാലതഴിവാനുമിവണ്ണമെ
നാന്ദിപുണ്യാഹവും ക്ഷൌരമോത്തുമിന്നാലുമില്ലതിൽ
മുഖംമുടിഞ്ഞാലപ്പോഴെമിന്ദാഹൂതികൾവേണമെ
കുഴയ്ക്കുചാരിഷം പിന്നെ “അഴിഞ്ഞു”എന്നുചൊൽകയും
കാലംകഴിഞ്ഞാലെല്ലാമങ്ങഴിയാം പലനാളിലും
മറെറല്ലാംകൊണ്ടൊടുക്കത്തു ശുക്രിയംകൊണ്ടുപോരുവൂ
വെളുത്തപക്ഷംസ്വാധ്യായമുത്തരായണവുംപുനഃ
നാളുകാൎത്തികകൊണ്ടുള്ളപതിന്നാലിലുമൊന്നിവ
നാലുമൊത്തുവരുന്നാളിൽ ശുക്രിയം കൊള്ളുവാൻ വിധി
പിറേറന്നാളൊഴിയും നാളും വേണമിദ്ദിവസങ്ങളും
രണ്ടിലൊന്നിനുടെ കാലം കൊള്ളാം മററുള്ളവററിനു്
രണ്ടാമതുപനിഷദമോരാണ്ടെക്കത്തുവും പുനഃ

വിശേഷദേവകൾ കാണ്ഡർഷിയൊത്തെ"ട്ടാം പ്രച്ഛ"മാദിയെ
ഗോദാനത്തിനുമന്ത്രത്താൽ മൈർമുറിച്ചു ചിരപ്പിതു്

കുടുമക്കൂടിക്കളവു പിന്നെക്കാണ്ഡർഷിയഗ്നിപോൽ
"ഉദ്ധന്യമാന"മെന്നോത്തു മഴിഞ്ഞാലപ്പൊഴെ പുനഃ

മന്ത്രത്താൽ മൈർമുറിക്കേണം വെപ്പിക്കേണം കുടുമ്മയു
ചിലർ ചാതിപ്പുരോമത്തിൽ മൈർ മുറിക്കുന്ന സാധനം

മററുള്ളവയഴിഞ്ഞാൽ മൈർ കളവാൻ വല്ല നാളുമാം.
ശുക്രിയത്തിനുകാണ്ഡർഷി സോമകാണ്ഡാദിയൊത്തഥ

"ആപ ഉന്ദന്തു" പകലെ ചെയ്യവാന്തരദീക്ഷയും
കിഴക്കുംതാൻ വടക്കുംതാൻ രണ്ടു പേരും പുറപ്പെട്ടു

അഭിവാദ്യമൊഴിഞ്ഞിട്ടു പുൽ തുടർന്നങ്ങിരുന്നഥ
കുത്തിത്തളിച്ചു തീയ്യിട്ടു തുടങ്ങി സ്ഥാലിരണ്ടപി

കുളത്തിക്കാട്ടുവാൻ പുല്ലും നാലത്തിക്കുഴ ചേലയും

വൈകംകതകിൽ ചമതക-
ളെൺചാണൊരു പാത്രവും പിലാവിലയും
ചാതിച്ചു തളിച്ചാല-
പ്പാത്രം തന്നിൽ പവിത്രമതുവെച്ചു.

നീരു വീത്തിയതിൽ പിന്നെ പവിത്രം വാങ്ങിയേച്ചതു്
തീത്തട്ടുമാറു വെച്ചതിൽ മുന്നെപ്പാവിലയങ്ങിട്ടു.

ഇരിവരുമതിനാൽ കോരി-
ക്കൈകഴകിപ്പുല്ലുക്കൂട്ടിയട്ടകമായ്
"ശാന്തിനമോ വാചേ"യെ-
ന്നോത്തു ജപിച്ചാൽ കളഞ്ഞു കൈകഴുക്കു!

നാലേടത്തു കിഴക്കഗ്രം കുറും പുല്ലു കിഴക്കിട്ടു.
തെക്കും വടക്കു മീരണ്ടും തെക്കേവററിന്നു തെക്കു[illegible]

പിതൃക്കൾക്കുമിരണ്ടേടത്തിട്ടു തെക്കഗ്രമായവ
വടക്കേതിൽ വടക്കൂട്ടും വടക്കഗ്രമിരണ്ടിട്ടു

മന്ത്രം "പ്രവർഗ്ഗ്യാദികൾ" പന്തിരണ്ടും
ചതുർത്ഥി കൂട്ടീട്ടവകല്പയാമി

ഓരോന്നു ചൊല്ലിച്ചു തൊടീക്കൊരോന്നെ
പുൽകൊണ്ടു പുല്ലിട്ടവ പണ്ടുപോലെ.

വടക്കോട്ടും കിഴക്കോട്ടു മൊട്ടുക്കും വരുമാറുപോൽ
നീവീതമിട്ടിട്ടേഴാമതെട്ടാമതുമവണ്ണമെ.

തെക്കഗ്രങ്ങൾക്കിടത്തിട്ടും വലത്തിട്ടതൊഴിഞ്ഞതും
കയ്യും കഴുകുവൂ പിന്നെയതു വേണ്ടി വരുന്നതിൽ

നെയ്യുണ്ടാക്കിത്തുടങ്ങീട്ടു മന്ത്രം ചൊല്ലിവിളാകിയാൽ
"മദന്തിനീ"രവൻ കയ്യിൽകോരിവീത്തിക്കൊടുത്തഥ

കൈ പിടിച്ചു വിളാകിച്ചു വൈകങ്കതകിനാൽ പുനഃ
"ഭൂസ്വാഹാ"ദികളെച്ചൊല്ലിച്ചിടീപ്പൂ നാലുചാണഥ.

കോരിവീത്തു നടെപ്പോലെ മാണികയ്യിൽ"മദന്തിനീർ"
താനുംക്കൂടിപ്പിടിച്ചിട്ടു മുന്നംകല്പിച്ചവണ്ണമെ

"പ്രവർഗ്ഗ്യം തപ്പ്യാമ്യാദി"മന്ത്രംചൊല്ലിച്ചു തർപ്പണം
കൂടീട്ടുകഴയോമാചെയ്തുദ്ദേശത്യാഗമർച്ചനെ

"പൃഥിവീസമിൽ"തൊട്ടുള്ള"സ്വാഹാ" എന്നവ മന്ത്രം
" അഗ്നേവ്രതാദി "വാക്യങ്ങളെട്ടും തൊഴുതുചൊല്ലുവൂ.

[1]"സമീല്യാവാച "മെന്നച്ഛൻചൊല്ലിയാൽ മാണിയപ്പൊഴെ
കണ്ണടച്ചുരിയാടായ്യൂ പിന്നെ മൂടലഴിപ്പൊളം.

ചിതസ്ഥമന്ത്രവും ചൊല്ലിക്കോടിപ്പുടവകൊണ്ടഥ.
മുഖവുംതലയുംക്കൂടി [2]മൂടിക്കെട്ടുക മാണിയെ

പിന്നെപ്പുരിചു"മദന്തി"
പ്പാകിച്ചമതകളുമിട്ടുതർപ്പണവും
മുന്നേപ്പോലേ" ശന്നോ-
വാതാദി "ജപിപ്പിതുത്തരാംശാന്തീം.

"മദന്തി"വാങ്ങി നെയ്യുംവാത്തോമശേഷം മുടിപ്പിതു്
ഉറങ്ങൊല്ലാ കിടക്കൊല്ലാ മാണിതാനന്നുരാത്രിയിൽ

1. സമ്മില്യ
2. അച്ഛൻ

ഉയരത്തുകയെറൊല്ലാ ഇറങ്ങൊല്ലാ കിണററിലും
വാഹനങ്ങളിലേറൊല്ലാ കട്ടിന്മേലും കിടക്കൊലാ,

സ്ത്രീശൂദ്രരോടുമിണ്ടൊല്ലാ മററുംകൂടപിടിക്കൊലാ
രാവുണ്ണൊല്ലാ അതോദവേണ്ടിൽ ചോറുപച്ച്യഗ്നിപെണ്ണവൂ;

കളിക്കൊല്ലാ ഇടയിലെ വാവുമഷ്ടമിയുംവരിൽ
ബൌധായനീയസ്സ്നാനംചെയ്യന്നാളുണ്മതുമില്ലപോൽ;

ചണ്ഡാലപതിതന്മാരെക്കാണൊല്ലാ മഴയേല്ക്കൊലാ
ചിലാവിക്കേണമിക്കർമ്മമിച്ചൊല്ലിയവയും പുനഃ.

പിറെറന്നാളെതിരേയും
ചമതയുമിട്ടാലിവണ്ണമേവേണ്ടു
“ അദിതേനപാദി ”കഴിഞ്ഞാൽ
മിന്ദാഹുതിചെയ്യു ശേഷവുംചെയ്‌വൂ.

നടയത്തേത്തുതർപ്പിച്ചാൽ പിന്നെ മൂടലഴിപ്പിതു്
“ വയസ്സുപണ്ണാ ”യെന്നച്ഛൻ അഴിച്ചിട്ടുതളിച്ചതു്

ആചാര്യനുകൊടുക്കേണം മാണി കണ്ണുതുറന്നഥ.
തീ നീരാദിത്യനും പൊന്നും ബ്രാഹ്മണൻ പശുവെന്നിവ

കാണേണം മുമ്പിലെ മൂന്നുമവശ്യവുമിളക്കൊലാ.
പ്ലാകിത്തുടങ്ങിപ്പിന്നേടം ഹോമശേഷം മുടിപ്പിതു്

ശുക്രിയത്തെയഴിഞ്ഞപ്പോൾതന്നെ പോയഴിവൂ ഇതും
പിറെറന്നാളക്കണക്കെപോൽ തർപ്പണം കഴിവോളവും

പിന്നെ“ ദ്യൌഃസമിൽ ”തൊട്ടുള്ളമന്ത്രത്താൽകുഴചെയ്യിതു്,
ഉപസ്ഥാനത്തിനാദിത്യവ്രതാദികളുമെട്ടുള

പ്ലാകിച്ചമതതൊട്ടെല്ലാം ഹോമശേഷം മുടിപ്പിതു്.
പിന്നെക്കുളിച്ചുപസ്ഥാനം ചെയ്യുകൊള്ളുക മാണിയാൽ

അട്ടത്തവണ്ണം വ്രതമോത്തുമെല്ലാം
കഴിഞ്ഞു തന്നാൽ മുറയും മുടിഞ്ഞു്
ഗുരുപ്രസാദം തടവി“ച്ചമാർത്തം”
വിധിച്ചനാളാറിലുമൊന്നുവേണ്ടു

ചമാവർത്തത്തിനാളന്നു അവന്മേൽ വെയിൽ തട്ടൊലാ
കാളത്തോൽകൊണ്ടു മേഞ്ഞൊരു ഗോശാലയിലിരുന്നതു്

കിഴക്കെക്കുററിൽ നടുവെ തീയിട്ടുംമാറുകൊള്ളുക
ഇത്രനാളും മറെറാരുത്തനെല്ലോ കർമ്മങ്ങൾ ചെയ്യതു്

ചമാവർത്തം തുടങ്ങീട്ടുതാൻ കർത്താവായ് തുടങ്ങുവൂ
നാന്ദിപുണ്യാഹവും രണ്ടു മുപനീതികണക്കിനെ

പിന്നെഹോമവുമവ്വണ്ണം തന്നെ അഗ്നി മുഖത്തൊളം
മാനുഷംമെത്തയണയുമതിന്മേൽ വിരിയും പുനഃ

മുളംകോൽ നാലു വെന്നീരും പച്ചനീർ മയിർവാളപി
ചാന്തും ചന്ദനവും ദണ്ഡും ചെരിപ്പും കുടമാലയും

കണ്ണാടിയഞ്ജനം കമ്പികോടിപ്പുടവ ഈരണ
പൊൻ പൊതിഞ്ഞു ചരട്ടിന്മേൽ കോർത്തുലന്തയുമെന്നിവ

ക്രുവളം ഹുതശേഷത്തിന്നൊന്നിത്രെ ഭേദമുള്ളുവൂ
അഭിവാദ്യം ചെയ്യു നിലത്തിരുന്നാചാര്യ ദക്ഷിണ

വടക്കു തലവെക്കും മാറഥ മെത്ത വിരിച്ചതിൽ
ഇരുന്നു ദാനവും ചെയ്യിട്ടിട്ടു ചമതമന്ത്രവും

“ഇമംസ്തോമ”വുമുദ്ദേശത്യാഗമുണ്ടു“ഗ്നായെ ഇദം”
“ത്രിയായുഷം” ചൊല്ലി നന്നായ് മെത്തമേലും കിടപ്പിതു്

ഒരുത്തന്റെ മുഖം നോക്കി “ശിവാമെ” എന്നു ചൊല്ലുവൂ
അവൻ വന്നു നനക്കേണം വലംഭാഗമിവൻ തല

“ക്ഷുരോനാമാസി” ചൊല്ലീട്ടു വാളുഴിഞ്ഞു കൊടുത്തഥ
ശീതികന്റെ മുഖം നോക്കിയാക്ഷുരേണാ“ദി” ചൊല്ലുവൂ

മീശ കക്ഷം തലയിലും വലത്തൂട ചിരച്ചഥ
ഇടത്തേക്കാൽ മേലിടത്തെ നഖത്തിന്മേലൊടുക്കവും

മയിരും നഖവും കൂടി വാങ്ങിയാലാചമിച്ചവ
“ഇമാനി” മന്ത്രവും ചൊല്ലിയൊരുത്തനു കൊടുപ്പിതു്

“ഇമാവിഷ്യാമി” മന്ത്രത്താൽ തന്മേഖലയഴിച്ചതും
“ഇമാംഹൃതപാദി” ചൊല്ലീട്ടു കൊടുപ്പൂ പണവും പുനഃ

“ഇദമഹ”മെന്നാൽ പേരും
ഗോത്രവുമവനുള്ളതോർത്തു പിഴയാതെ
കൂട്ടിച്ചൊല്ലീട്ടത്തി-
ക്കടെയവമൂടിക്കുളിച്ചു പോവിതവൻ

മുളയാലൊന്നിനെ നാവിൽ
തട്ടിച്ചതിനെക്കളഞ്ഞു കൈ കഴുകി
വളർവട്ടകയിലുമിഞ്ഞാൽ
മററുള്ളവ രണ്ടുകൊണ്ടുമവ്വണ്ണം

ആചമിച്ചിട്ടു മറേറതുകൊണ്ടുടൻ പല്ലുതേപ്പിതു്
കീഴെപ്പല്ലിലിടക്കിന്നുതുടങ്ങിച്ചുററുകൂട്ടുവൂ

“ അന്നാദ്യായാ[1]മി ”ചൊൽമന്ത്രംകളഞ്ഞിട്ടാചമിച്ചഥ.
വെന്നീരൊട്ടൊന്നിൽ വീത്തിച്ചാൽഅതിൽവീത്തുക പച്ചനീർ

“ദേവമാനുഷ”മന്ത്രത്താൽ “ആപോഹിഷ്ഠാദി”മൂന്നഥ.
“ഹിരണ്യവർണ്ണാദി”മൂന്നുമിതിനാൽ കോരിയാടുവൂ

പിന്നെക്കുളിച്ചുപസ്ഥാനമപ്പൊഴും വെയിൽതട്ടൊലാ
തീക്കുനേരെ പലകമേലായാട്ടാനമുഷ്ഷത്തവും

കയ്യിൽ ചാന്തു പുരട്ടീട്ടു വലങ്കയ്യുകമെ വരെ
മുക്കൽതലക്കുമേൽ മെപ്പട്ടതുകൊണ്ടുതെറിപ്പിതു്

അതിൽ മന്ത്രം“നമഃശാകം” പിന്നെയുംതേപ്പിതങ്ങിനെ
“അപ്സരാസപാദി”മന്ത്രത്താൽതലയിൽ തേക്ക മെയ്യിലും

പിന്നെക്കുറിയിട്ടു പിന്നെ മന്ത്രത്താലാട ചാത്തുവൂ
ആചമിച്ചിട്ടു മന്ത്രംകൊണ്ടുത്തരീയമിട്ടു പുനഃ

പിന്നെയിരുന്നാൽജ്ജുഹുവി-
ലിലന്തക്കുരു വെച്ചുകെട്ടിയൊരു സ്രുവം
നൈ വീത്തി നിറച്ചോമി-
പ്പാനിയമുദ്ദേശിക്കമന്ത്ര“മോഷധ്യൈ”
“വിശപാഉതാദി”മന്ത്രത്താൽ വെന്നീരിൽ കഴുകിപ്പുനഃ
കഴത്തിലതു“ പാശോസി ”യെന്നുചൊല്ലീട്ടു കെട്ടുവൂ.

---

1. യാദി

കുണ്ഡലങ്ങൾക്കുമവ്വണ്ണംതന്നെ ഹോമങ്ങളഞ്ചുള്ള
“ ആയുഷ്യ ”മെന്നതൊട്ടഞ്ചും ക്രമത്താൽ മന്ത്രമഞ്ചിനും

ഉദ്ദേശിക്ക“ ഹിരണ്യായഇദ”മെന്നഞ്ചുവട്ടവും
മന്ത്രത്താൽ കഴുകിപ്പിന്നെ വലത്തെക്കാതിലൊന്നിനെ

“ സ്വാഹാ” എന്നതുഴിഞ്ഞഞ്ചുമൊക്കെച്ചൊല്ലീട്ടു കെട്ടുവു
“ഉത്തുദിസ്ഥപാദി”മന്ത്രത്താൽ വലത്തോട്ടു തിരിക്കതു്

ഇടത്തേതിലുമവ്വണ്ണംതന്നെക്കെട്ടിത്തിരിച്ചഥ.
“ശുഭ്രകെ”എന്നു നാലന്തം ചൊല്ലീട്ടമ്മാല ചൂടുക

“യദാഞ്ജനാദി”മന്ത്രത്തെച്ചൊല്ലിക്കണ്ണെഴുതീടുവൂ
പകന്നു കാട്ടിച്ചെഞ്ചമ്മെ എഴുതു കണ്ണിരണ്ടിലും

“യന്മെമനാദി”മന്ത്രത്തെചൊല്ലിക്കണ്ണാടി കാണ്മിതു്
ബ്രഹ്മന്നിവ കൊടുക്കേണം മുൽപാടാംവണ്ണമേയതു്

വലങ്കാലിൽ “ദ്യൌരസി”യെന്നിടങ്കാലിൽ “പൃഥിവ്യസി”
ചെരിപ്പിട്ടാൽ “സഖാമാദി”കൊണ്ടു ദണ്ഡു പിടിപ്പിതു്

“ദിവ്യോസി”ചൊല്ലിക്കുടയുംപിടിച്ചേഴടി വെപ്പിതു്
വടക്കോട്ടഥ വെച്ചേപ്പൂ ദണ്ഡും കുട ചെരിപ്പവി

ആചമിച്ചങ്ങിരുന്നിട്ടു പകപംചെയ്‌വുയഥാവലെ
“ആവഹന്ത്യാദി”മൂന്നന്തം“സ്വാഹാ”എന്നതു കൂടവെ

ആവർത്തിച്ചതുചൊൽ മന്ത്രമുദ്ദേശിക്കണമിന്ദ്രനെ
“ആയാമംതു” തുടങ്ങീട്ടങ്ങാജ്യാഹുതികൾ ചെയ്യിതു്

ഹോമം മുടിഞ്ഞാൽ “തസ്മി”ന്നൊന്നിടുവൂ ഹുതശേഷവും
‘യഥാപ” എന്നൃക്കു ചൊല്ലി പ്രാശിച്ചാലാചമിച്ചഥ

ഇരുന്നാൽ മാറു തൊട്ടിട്ടു “പ്രതിവേശോസി” ചൊല്ലുവൂ
ഉണ്ടാൽ “വാവുയുവാ”നന്നു വളർവട്ടക വെപ്പിതു്

അസ്തമിച്ചാൽ പുറപ്പെട്ടങ്ങു ത്താലന്തി മുടിച്ചഥ
“ദേവീഷ്ഷഡുർവ്വീരെ”ന്നന്തംകൊണ്ടു ദിക്കുകൾ പത്തിനെ

നക്ഷത്രങ്ങളെ “മാഹാ
സ്മഹി”യെന്നഥ മാരധാമ ചന്ദ്രനെയും

നടുമുററത്തു പുറപ്പെ-
ട്ടിവകൊണ്ടീവണ്ണമുണ്ടുപസ്ഥാനം.

അഴിച്ചേക്കയുമാം പിന്നെ കാതിലേത്തുത്തരീയവും
അന്നാ०ം തുടങ്ങി മൂന്നാളും ചെററശ്രുദ്ധിയുമുണ്ടുപോൽ

ഒട്ടുകുറേ ഓതീടിൽ
ചെറിയ ഛമാവർത്തമെന്നതും ചൊല്ലാം
ഇതിലോമമപൂർവ്വം പോ-
ലതിയുജ്ജ്വഹവും ഹവിസ്സമിതിലില്ലെ.

ഛമാവർത്തത്തിലേതെല്ലാം ഛാതിപ്പൂ മററുവേണ്ടവ
മാനുഷത്തിൽ വിശേഷിച്ചു പററും പയറു കൂട്ടുക

“ഛക്ഷുഷി”ചെയ്താൽ പ്രണവം
വ്യാഹൃതി നാലവയുമഞ്ചു വാഹികളും.
“പുനരുജ്ജാ സഹരയ്യാ”
മിന്ദാഹൂതിരണ്ടുമെന്ന നാലിവയും

വ്യാഹൃതി നാലും മാഹാ-
വ്യാഹൃതി മൂന്നും പിന്നെയും വിയാഹൃതിയും
പ്രണവവുമിവ ഇരുപത്താ-
റോമമഥാചാര്യനുള്ള ദക്ഷിണയും

മന്ത്രത്താൽ ഛാൺഛമതയു-
മിട്ടാൽ മിററത്തിരുന്ന മൈർ കളവൂ.
കളവിത്തുമേഖലയെല്ലാം
നാവു വടിച്ചിട്ടു പല്ലു [1]തേച്ചുമിയ്യൂ.

പിന്നെക്കുളിച്ചുപസ്ഥാനം ചെയ്തു തീക്കലിരുന്നഥ.
ഭാനം മുഹൂർത്തവും ചെയ്തു വെറുതെ ഛാന്തു തേപ്പിതു്

മന്ത്രമെന്നിക്രമത്താലെ ചെയ്‌വൂ കുട പിടിപ്പോളം
ചെരിപ്പഴിച്ചാചമിച്ചു തീക്കൽ വന്നങ്ങിരിപ്പിതു്

ഒരുതളികയിലരിയിട്ടി-
ട്ടതിലെഴുത്തു വട്ടമാകെ മൂന്നു വര

1. തേച്ചുമിവൂ

തെക്കേതു “രഥന്തരമസി
ബൃഹദസി” എന്നിട്ടുടൻ വടക്കേതും

നടുവിൽ വരച്ചതു മൂന്നാ-
മതുതൊട്ടുവൂ“വാമദേവ്യമസി” എന്നു്.
പിന്നെ“അയംവാ”മെന്നും
മന്ത്രത്താൽ നീക്കിയങ്ങു കൈകഴുകു

“അനിലം”തൊട്ടിഹ“ധൃതിരിഹ”യെന്നുജപിപ്പിതു്
അച്ഛൻകൂർച്ചവുമായ്യന്ന “കൂർച്ച്”യെന്നതു ചൊല്ലിയാൽ

“സുകൂർച്ച”മെന്നുവാങ്ങീട്ടുമന്ത്രത്താലിട്ടിരിപ്പിതു്
പിന്നെയച്ഛനിവന്റെ കാൽ ചെഞ്ചെമ്മെ കഴുകീടുവൂ

[1](അച്ഛന്റെകയ്യിവൻപിന്നെമൺകൂട്ടിക്കഴുകീടുവൂ)
അതിന്മന്ത്രം[2]മയിമഹം പിന്നെത്താനാചമിപ്പിതു്

“മയീന്ദ്രിയം വീര്യ”മെന്നു[3]തന്നെ മാറു തൊട്ടുപുനഃ
അച്ഛൻനീർ[4]കൊണ്ടതുഅമ്മ“ആഗാ”ലെന്നതുവാങ്ങുവൂ

“പ്രാക്‌വേത്തവൈ” എന്നുചൊന്നാലച്ഛനൊന്നിൽപവിത്രവും
വെച്ചുതേൻതയിർപാൽനെയ്യുംനീരുംവീത്തീട്ടുകൂർച്ചവും

കീഴ്‌മേൽകൂട്ടീട്ടുകൊണ്ടന്നാലിവൻചൊല്ലു“സമാപതു”
“ആമആഗാ”ലെന്നിരണ്ടുകൈകൊണ്ടതിനെ വാങ്ങുവൂ

കരടിട്ടതിളക്കീട്ടു[5]“നേഷാവിധാദി”കൊണ്ടതു്
കള്ളഞ്ഞുകയ്യുംകഴുകിമുക്കൽപ്രാശിച്ചു കൊള്ളുവൂ

മന്ത്രം“പ്രാണഇദംതെ”എന്നഥ“സോമാസി”അന്നവും
ഇടയിൽകൈ നനക്കേണം ശേഷം“സോമോസി”കൊണ്ടഥ

പ്രാശിക്കതെന്നിയെശേഷംമററാർക്കാനുംകൊടുക്കിലാം
“ജഹിമെ”എന്നമന്ത്രത്താൽ നോക്കു പശുവിനെപ്പുനഃ

കൊടുപ്പൂ വയറക്കെട്ടു മന്ത്രത്താൽപിന്നെ നോക്കുവൂ
അതു“ഗൌരധേനു”വെന്നാദി“യോമുത്സൃജത”എന്നൊളം

1. ഈവരി ഗ്രന്ഥാന്തരത്തിൽമാത്രംകാണുന്നു
2. മന്ത്രമയിമഹഃ
3. തന്റെ
4. കൊണ്ടതുആമആഗാമെ
5. നേഷ്ഠാ

പിന്നെപ്രാശിക്ക രണ്ടുടെ[1] പിന്നെരണ്ടൂടെ മോരപി
[2]"ബ്രഹ്മതപംസ്സാതു"പോൽമന്ത്രമെല്ലാം കൈകഴകീടുവു

[3]ഉഴിഞ്ഞാചമിച്ചിട്ടു നൈവാത്ഥോമംമുടിപ്പിതു്
ഉണ്ടാലഴിച്ചുവെച്ചേക്കാം കാതിലേതുത്തരീയവും

വൈശ്വാനരിക്കു കാച്ചിക്കൊണ്ടതു മറെറാരിടത്തിട്ടു
പിന്നെപ്പക്വമൊഴിഞ്ഞെല്ലാംതാലീപാകംകണക്കിനെ

"അഥവൈശ്വാനരഃപൃഷ്ടോദിവി"എന്നവ പക്വവും
ഉദ്ദേശമ"ഗ്ന"യെവൈശ്വാനരാഃയോമം മുടിപ്പിതു്

പണ്ടേടംമെഴുകിക്കുത്തിത്തളിച്ചിട്ടു യഥാവലെ
കോരിക്കൊണ്ടൊന്നിട്ടുകൊള്ളു ചെയ്യിതാ"ഗ്രയണം"പുനഃ

പുത്തിരി തിനയും ചാമയു-
[4]മിത്തരമിരിവരാമൊരുത്തരാഗ്രയണാൽ
മുമ്പെഉൺകിൽതാൻഒരു
കർമ്മത്തിൽതാൻകലന്നുതാകിലിതെ

ദത്തിന്നു നാന്ദിപുണ്യാഹംവേളിശ്ശേഷംകണക്കിനെ
ചാതിക്ക[5]മാനുഷർ ക്രുറ മോതിരം കുണ്ഡലങ്ങളും

ജീവബ്രഹ്മനെയുംവെച്ചുവെക്ക പിന്നെപ്രണീതയും
അപ്പോഴെക്കു കൊടുക്കുന്നോർ പൈതലെക്കൂടിവെച്ചഥ

നാന്ദിചെയ്തിട്ടുസാമാന്യംപുണ്യാഹംചെയ്തുകൊണ്ടതു്
തീക്കങ്ങീശാന്തകോണത്തു പടിഞ്ഞാറോട്ടിരിപ്പവൻ

[6]കൊള്ളുന്നവർക്കു ദാനം ചെയ്തങ്ങു ചെന്നങ്ങിരുന്നഥ
"പുത്രംമെ ദേഹി" യെന്നാലങ്ങവർ ചൊല്ലു "ദദാമി"യും

1. ചോറം
2. ബ്രഹ്മതപശ്നാളിപോൽമന്ത്രമെല്ലാം
3. ഉമിച്ചങ്ങാചമിച്ചിട്ടു്
4 മിത്തരവു
5. മാനുഷക്കുറ
6. കൊള്ളുന്നവങ്കൽ

"ധർമ്മായതപാദി,, മന്ത്രത്താൽ കൊടുക്കുവർ ചെറുക്കനെ
[1](മന്ത്രത്താൽ കൈ പിടിക്കേണം കൊള്ളുന്നവർ ചെറുക്കനെ)

"ഗൃഹ്ണാമി"യെന്നുകൊള്ളുന്നോർ മന്ത്രത്തിൽകണ്ടുകൊള്ളുക
ചാതിച്ചു മാനുഷദ്രവ്യം കൊണ്ടന്നിങ്ങു ചെറുക്കനെ

നടുവെ വെച്ചു പുല്ലിട്ടു ഹോമശേഷം തുടങ്ങുവൂ
"പക്വം യസ്ത്വാഹൃദായമ്മൈ ശേഷം[2]പന്ത്രണ്ടിരുക്കളാം

ആജ്യാഹുതി വ്യാഹൃതിയുമഥ ഹോമം മുടിപ്പിതു്
കുണ്ഡലം മോതിരം ക്രുറ ഉത്തരീയവുമെന്നിവ

ആചാര്യന്നു കൊടുത്തിട്ടുവേണ്ടു ദക്ഷിണ ചെയ്‌വിതു്
ഈവണ്ണം കൊണ്ടവന്നത്ഥബന്ധം പിന്നെ[3] പ്പിറക്കിലും

പേരിട്ടൊന്നാകിലപ്പോഴെ ദാനം ചെയ്തിട്ടു പേരിടു.
അല്ലായ്കിൽ നല്ലനാൾ വേണ്ടുംവണ്ണം പേരിട്ടുകൊള്ളുക

മാണിക്കുടിയിരുന്നിട്ടു തുടങ്ങു വാഹികൾക്കഥ.
ഒററച്ചമതയങ്ങിട്ടാൽ പതിനേഴ സ്രുവാഹുതി

വ്യാഹൃതിനാലുമഹാവ്യാ-
ഹൃതിമൂന്നും വാഹിയഞ്ചു പുനരൂർജ്ജാ
സഹരയ്യാപിന്നെമഹാ
വ്യാഹൃതിയും ചെയ്തുഹോമവും മുടിവൂ.

പ്രണവവ്യാഹൃതിവാഹികൾ
പുനരൂർജ്ജാ സഹമഹാവ്യാഹൃതിയും
മിന്ദാഹുതിയും വ്യാഹൃതി
"ഓ"മെന്നിരുപത്തിരണ്ടിവണ്ണമുമാം

അഭ്യായുഷ്യ ചരുംചെയ്യാനപൂർവ്വം കൊണ്ടുകൊള്ളുവൂ.
കുമിഴ് ചമത[4]കൊള്ളേണ്ടുമിതിങ്കൽ [5]പതിനേഴ ചാൺ

ജുഹുവേണ്ടാ വിശേഷിച്ചിട്ടില ചാതിച്ചുകൊള്ളുവൂ.
മന്ത്രത്താൽ പരിഷേകം ചെയ്തുച്ചാൺ ചമതയൊന്നിടു

1. ഇതു് ഗ്രന്ഥാന്തരത്തിൽ അധികം
2 പന്ത്രണ്ടിരുക്കളാം
3. പിറപ്പിലും
4. കൊള്ളേണം
5. പതിനെട്ടു

പ്രണവവ്യാഹൃതി നാലും
ചെയ്താലച്ചമത ഇടുക പതിനാറും
മന്ത്ര''മപൈത്തു'' തുടങ്ങി-
ക്കൊൾകവിതൊടുക്കത്തിലേത്തുപസ്ഥാനം.

നെയ്യുമവ്വണ്ണമെ ചെയ്താൽ ഇല തന്മേന്നിൽ വെച്ചതിൽ
സ്രുവം കൊണ്ടൊന്നുപസ്തരിച്ചവിസ്സിട്ടു നനച്ചഥ.

[1](ഉപസ്തരിച്ച കൈകൊണ്ടു വാരിയോമമവണ്ണമെ
കടത്തിക്കൈ നനച്ചിട്ടു കെട്ടുപുല്ലു തളിച്ചിട്ടു).

നെയ്യുമവ്വണ്ണമെ പിന്നെ വ്യാഹൃതി പ്രണവങ്ങളും
ഹോമം മുടിച്ചു ''സമ്പാതം'' ജപിച്ചതു കൊടുപ്പിതു്.

ആയുഷ്യ ചരുചെയ്വാനും നാന്ദിചെയ്തു തുടങ്ങുവൂ
പുണ്യാഹ''മഗ്നിരായുഷ്മാൻ'' പിന്നെ യോമം തുടങ്ങുക.

ന്തറ്റിരുപത്താറു ചാൺ ചമതയു
മരിയുമൊരുരുളിയും വിശേഷമതിൽ
ഹുതശേഷത്തിനു കറുകയു-
മഥ ജീവബ്രഹ്മനും പ്രണീത പുനഃ

''പ്രാണായവോജുഷ്ട''മെന്നിട്ടരിയുംനിർവ്വപിച്ചഥ.
തളിപ്പു കയ്യിൽനീർകൊണ്ടു മന്ത്രം''പ്രോക്ഷാമി''യുള്ളതു്

വാരി മറ്റൊന്നിലിടുക നിർവ്വപിക്കുന്നചൊന്നതു്
മൂന്നുടെ നിർവ്വപിക്കേണം പ്രോക്ഷിക്കയുമവണ്ണമെ

അടുത്തവണ്ണം പാൽവീത്തിയവിടെവെക്ക ഹവിസ്സതു്
നെയ്യുണ്ടാക്കിത്തുടങ്ങീട്ടു പകപം മറ്റെ ഹവിസ്സിനാൽ

മന്ത്ര''മായുഷ്ടആയുർദായോബ്രഹ്മാദി''കൾകൊണ്ടഥ
ആജ്യാഹുതിക്ക ''സമ്പാതം'' തന്മേൽവെച്ച ഹവിസ്സിലെ

ഉദ്ദേശത്യാഗവും വേണ്ട''മീശാനാദി''കൾകൊണ്ടതു്
എട്ടും കഴിഞ്ഞാൽ വെറുതെഅച്ചാൺചമതയൊന്നിട്ടു
ഇങ്ങിനെയതൊടുങ്ങുമ്പോൾആയിരത്തെട്ടുളായ്‌വരും
ഹോമശേഷം മുടിച്ചിട്ടു ഹുതശേഷമിട്ടു പുനഃ

1. ഈ രണ്ടു വരികൾ ഗ്രന്ഥാന്തരത്തിൽ അധികം

''മാനോമഹന്ത''മെന്നാദിനാലന്തം മന്ത്രമായതു്
''സമ്പാത''മെന്നഹവിയാൽഉരുട്ടിക്കൊണ്ടു മെല്ലവെ

പ്രാശിപ്പാൻമന്ത്രമുണ്ടാ''യുരസി''എന്നാചമിച്ചഥ
''യതഇന്ദ്രാദി''നാലന്തംമാറുതൊട്ടു ജപിപ്പിതു്

ഹോമംകണക്കിനെ കീറി നെല്ലുമിട്ടഥ പുല്ലിട്ടു
ചുറ്റിദ്ധൂപിച്ചുകുടവും പ്രോക്ഷിച്ചങ്ങു കമഴ്ത്തുക

''ഗായത്രി''കൊണ്ടുകലശം പൂജിപ്പിതുയഥാവലെ
''ദശപുഷ്പ''മിടീച്ചിട്ടു നീർകൊണ്ടതു നിറക്കയും

പവിത്രംവെച്ചു നീർവീത്തുംപോലെവെച്ചു നിറപ്പിതു്
പല്ലവം ഫലവും പൊന്നുമെല്ലാം ''ഗായത്രി''കൊണ്ടിട്ടു

പരിസ്തരിച്ചുപൂജിച്ചാൽ നാലുംകൂട്ടിയഥാവലെ
പൂവുംചന്ദനവും നെല്ലുമരിയും ഫലവും പുനഃ

നീരും കറുകയും കൂട്ടി ''വ്യാഹൃതിപ്രണവ''ങ്ങളാൽ
കലശത്തിലിട്ടു തൊട്ടു''ശംനോദേവി''ജപിപ്പിതു്

''പച്ഛാദി''മൂന്നുഗായത്രി പിന്നെ വേദാദി നാലഥ
''കൃണുഷപാജ''എന്നോത്തിൽ''ഭാമാ''എന്നോളവുംപുനഃ

ആറാംപ്രശ്നത്തിലി''ന്ദ്രംപോയതസപസ്തിമഹാൻപുനഃ''
''സജോഷാഇവ''നാലൃക്കും''ഉയദേവാദി''കളഞ്ചുള

''അഗ്നയെ''എന്നുതൊട്ടഞ്ചു''മായുഷ്മത്ത''കളഞ്ചതും
[1]''ആശ്ശൂർമ്മാഗ്നെമനപ''എന്ന''ഥയാംകല്പയന്തി''യും
''ഇന്ദ്രോദധീചസൂര്യോഹം താസൂര്യാഥവിപശ്ചിതെ''
''തപസാപിനമോവാചെശന്നആപ''ഇവൊമ്പതും

തളിക്കുന്നവ നാലൃക്കും ശേഷം പുണ്യാഹമങ്ങൊളം
''പുനാതുയന്നാൽതച്ഛംയോന്നമോബ്രഹ്മണ''എന്നതും

അതു മൂന്നുരുവും വേണം പ്രണവം കൊണ്ടെടുപ്പിതു്
മൂന്നുവട്ടമൊഴുക്കേണം പവിത്രം കൈപ്പിടിച്ചതു്

1. ആശ്ശൂർമമാഗ്നേർമനപഹി

മന്ത്രംവ്യാഹൃതി"ദേവസ്യത്വാദി"കൊണ്ടുമവണ്ണമെ
ഇങ്ങിനെ ശാന്തി നീരാട്ട മഹാവ്യാധികൾ പോയിട്ടും

പാപം പററററുപോയ് പുണ്യമുണ്ടാവാൻ നന്നിതേററവും
ഗ്രഹശാന്തി തുടങ്ങുന്നാൾ ചെയ്തു നാന്ദീമുഖം പുനഃ

"ഓംഗ്രഹാ" എന്ന പുണ്യാഹം പിന്നെ ഹോമം തുടങ്ങുവു
ആദിത്യാദിഗ്രഹങ്ങൾക്ക ഹവിസ്സൊമ്പതിനൊമ്പതു്

വെറുതെ വെക്ക മുന്നേതു് പിന്നെ ശക്കര ഇട്ടതു്
പിന്നെ നെയ്‌വീഴ്‌ത്തിയും നെയ്യും പാലും വീത്തീട്ടു വെച്ചതും

([1]പാൽ വീത്തിവെച്ചതും പിന്നെ തയിർ വീത്തിട്ടു വെച്ചതും)
എള്ളുഴുന്നും പൊടിയതും കൂട്ടിയിട്ടിട്ടു വെച്ചതും

പുഴുങ്ങിയടയും മഞ്ഞൾ പാലും വീത്തീട്ടു വെച്ചതും
ഇച്ചൊല്ലിയവയെപ്പേരും കൂട്ടിവെച്ചു ഹവിസ്സിവ

അവ്വണ്ണമെ ചമതയും വിശേഷിച്ചൊമ്പതുണ്ടിതിൽ
നൂറെറട്ടതാനങ്ങിരുപത്തെട്ടു താൻ ചെയ്തുകൊൾകവ

"ആസത്യേന" തുടങ്ങീട്ടു ക്രമത്താൽ മന്ത്രമൊമ്പതും

ചമത എരിക്ക കരിങ്ങാലിയു-
മത്തി പലാശു വലിയ കടലാടി
അരയാൽ വന്നിയുമഥ മുമ്മൂന്നായ്
കറുക വേരോടെ കുശയും

ആദിത്യനംഗാരകനങ്ങു ശുക്രനും
സോമൻ ബുധൻ പിന്നെയുടൻ ബൃഹസ്പതി

ശനൈശ്ചരൻ രാഹുവുമൊന്നു കേതുവും
ക്രമംവിടൊല്ലാ മുടിവോളമൊന്നിനും.

ചാതിച്ചെല്ലാം തളിച്ചിട്ടു ജീവബ്രഹ്മനെ വെപ്പിതു്
മുഖം മുടിഞ്ഞാൽ ചമത പകപവും നെയ്യുമെന്നിവ

മൂന്നിനു മെണ്ണമൊക്കേണമുദ്ദേശിക്കേണമേവയും
സ്വിഷ്ടകൃത്തിന്നുരുട്ടുമ്പോൾ എല്ലാററാലുമെടുത്തതു്

---

1. ഈ വരി ഗ്രന്ഥാന്തരത്തിൽ അധികം

ഒന്നായുരുട്ടിക്കൊള്ളേണം മന്ത്ര"മയ്യമണം" പുനഃ
സോമം രാജാനമുദ്ദേശത്യാഗം സാമാന്യ മുള്ളതെ

ഹോമം മുടിച്ചു തീക്കങ്ങു കിഴക്കിടുക പത്മവും
നവഖണ്ഡത്തിൽ നടുവിൽ തെക്കും പിന്നെക്കിഴക്കഥ

തെൻകിഴക്കീശകോണത്തും വടക്കും വരുണമ്മലും
അതിന്നു തെക്കും വായവ്യകോണിലും ക്രമമിങ്ങിനെ

വട്ടം മുക്കോണമയ്യ്ക്കോണം പിന്നെ നാല്ക്കോണമമ്പഥ
കിഴക്കമേക്കായ് നീണ്ടോരു നാല്ക്കോണം കുലവില്ലപി

മുറം കൊടിമരം മൂന്നും വടക്കോട്ടു തിരിച്ചിവ
കട്ടും ചുവപ്പു മുന്നേവ രണ്ടും രണ്ടും വെളുപ്പഥ

രണ്ടുമഞ്ഞൾ നിറം പിന്നെ മറെറ മൂന്നും കറുപ്പുപോൽ
പത്മത്തിൻ നിറമായുള്ള പൂകൊണ്ടു പൂജ വേണ്ടുവു

കുറുംപല്ലിട്ടു പൂജിച്ചിട്ടാവാഹിക്ക യഥാവലെ
തന്മന്ത്രാന്തത്തി"ലോ"മെന്നാൽ തമ്പേർ കൂട്ടീട്ടു മന്ത്രവും

ഒമ്പതേടത്തു മാവാഹിച്ചെല്ലാടത്തും തളിപ്പിതു്
"ആപോ"മൂന്നുംഹിരണ്യാദി ഇരുപത്തൊന്നിറുക്കിനാൽ

"നമോന്ത"മായിട്ടാവാഹമന്ത്രത്താൽ പൂജയുംപുനഃ
"സ്വാഹാന്ത"മായിത്തുകേണം തൻെറതൻെറ ഹവിസ്സിനാൽ

പിന്നെയർച്ചിച്ചുമന്ത്രത്താൽ സ്തുതിതീർത്ഥംതെളിച്ചഥ
നമസ്കരിച്ചിട്ടെല്ലാമെ ക്രമത്താലുദ്വാസിപ്പിതു്

പിന്നെത്തീക്കലിരി"ന്നാപോ"മൂന്നുകൊണ്ടും തളിപ്പിതു്
തീയ്യുംപൂളിട്ടുവീതേപ്പു ഹവിശ്ശേഷമൊരോന്നിനാൽ

ഓരോരുത്തരെ ഊട്ടീട്ടു വേണ്ടുംദക്ഷിണചെയ്യിതു്
കുരാൽപശു ചുവന്നോരുകാളയും വെള്ളി ശംഖപി

പൊന്നും പുടവയും പിന്നെക്കറുത്തപശുവാടപി
ആനയും ക്രമമൊന്നിന്നുമൊരിടത്തുമയക്കൊലാ

പിന്നെ ദക്ഷിണയുംചെയ്യിതാചാര്യന്നും യഥാവലെ
ഇച്ചൊന്നവണ്ണംപൂജിച്ചാൽ ഗ്രഹങ്ങൾ തെളിയും തുലോം

പകരംകൊള്ളാമിതിലൊ-
ന്നതകാശ്ശിലവിസ്സിനങ്ങൾ ശുദ്ധഹവിഃ
ഷമതക്കങ്ങൾ പലാശും
ദാനത്തിന്ന പൊന്നുമെന്നു ചൊല്ലുന്നു

ഒരുപകപം കിഴക്കാദിയവദിച്ചിട്ടു ചെയ്യിതു്
പടിഞ്ഞാറാദി മററുള്ളതെപ്പേരുമവദിപ്പിതു്

ആദിത്യൻെറ ഹവിസ്സൊക്കെക്കിഴക്കാദ്യവദിപ്പിതു്
എന്നുമൊമ്പതിനുംമുമ്പിൽ കിഴക്കാദ്യവദിപ്പിതു്

എന്നുമോരോത്തരോരോരോ പക്ഷഭേദങ്ങൾചൊല്ലുവർ
ഗ്രഹപ്പിഴകളിൽ ചെയ്യിതുപനീതിക്കവശ്യവും

കോപ്പില്ല മുഴുവൻചെയ്യാനെങ്കിലാദിത്യനും പുനഃ
പിഴച്ചവററിനും ചെയ്യിതങ്ങിനേയുമിളക്കൊലാ

—

സർപ്പബലിച്ചടങ്ങു്

സർപ്പബലിക്കു ചടങ്ങും
ചൊല്ലുന്നേൻ കേളിയുള്ളവണ്ണം ഞാൻ
അഷ്ടദ്രവ്യം കുരുതിയു-
മുണ്ടാക്കിക്കൊൾവിതഷ്ടഗന്ധമപി

നാനാവർണ്ണങ്ങളാം പൂവ്വും കുറുമ്പുല്ലു മുളാക്കുക
അപ്പം ശക്കരക്കൂട്ടീട്ടും കൂടാതേയുമുളാക്കവു

ഹവിസ്സു പാലുവീത്തീട്ടും വെറുതെയുമിരണ്ടതും
അരിവറുത്തും വറത്തുപൊടിച്ചും പൊടി നെയ്യിലെ

കുഴച്ചുപിന്നെ മലരു"മഷ്ടദ്രവ്യ"ങ്ങളിങ്ങിനെ
അകിൽകൊട്ടം മുരംമാഞ്ചി രാമച്ചമിരുവേലിയും

കർപ്പൂരവും ചന്ദനവു"മഷ്ടഗന്ധ"ങ്ങളിങ്ങിനെ
നാന്ദിപുണ്യാഹ"മോംസർപ്പാഃപ്രീയന്താ"മെന്നു ചെയ്തു്

മെഴുകിക്കുരുതീയഷ്ടഗന്ധംകൊണ്ടു തളിച്ചതിൽ
ആറാറിൽനടുവെ നാലും കൂടി സ്വസ്തികമിട്ടഥ

തെക്കും വടക്കുമീരണ്ടൊന്നാക്കു അതിനടുത്തവ
ആറാറിൻെറ പുറത്തീരണ്ടുണ്ടാക്കു നാലുദിക്കിലും.

സ്വസ്തികത്തിന്നു പുറമെ ഖണ്ഡം മുപ്പത്തുമെട്ടുമാം
ഇങ്ങിനെ പത്മമുണ്ടാക്കിക്കുറുമ്പുല്ലിട്ടു കൊള്ളുവൂ.

സ്വസ്തികത്തിങ്കലെ പൂജാ"ശ്രീപഞ്ചാക്ഷരി"കൊണ്ടുപോൽ
പുറത്തുള്ളവയെല്ലാമങ്ങതിൻെറ പരിവാരമാം.

സ്വസ്തികത്തിന്നു തെക്കുട്ടു കിഴക്കിന്നാദി മൂന്നിനും
"നമോ അസ്തു" തുടങ്ങീട്ടു പടിഞ്ഞാറിന്നുമാമിതു്.

പടിഞ്ഞാറിന്നു "സപ്പേഭ്യ" എന്നുതൊട്ടു വടക്കപി
"ജ്വരാദി"യവററിന്നു പുറമെ രണ്ടുപത്തിലും.

കിഴക്കാദി വലത്തൂടതീശാന്തമേലൊട്ടുക്കവും
സ്വസ്തികത്തിൽ കിഴക്കേവ മേൽ പടിഞ്ഞാറു കീഴുമാം.

"സമീചീ"നാമതൊട്ടാറു മറെറ [1]ഖണ്ഡങ്ങളാറിലും
[2](ഹേതവോനാമ തൊട്ടാറും മറേറ ഖണ്ഡങ്ങളാറിലും.)

"നമോന്ത"മായിപ്പൂജിച്ചാൽ നിവേദിക്കങ്ങു ദേവനു
"സ്വാഹാന്ത"മായിത്തൂകേണ്ടു മഷ്ടദ്രവ്യങ്ങൾ കൊണ്ടഥ.

നിവേദ്യത്തെ സ്സമർപ്പിച്ചു പൂജിപ്പിതു യഥാവലെ
തണ്ണീരമൃതു ന്നൂറും പാൽ പഴം വെള്ളരി വെററില.

നിവേദിച്ചിട്ടുപസ്ഥാന "മിദം സർപ്പാദി"കൊണ്ടഥ
ആരാധിച്ചുദ്വസിച്ചേപ്പു സന്തതിക്കിതു നന്നുപോൽ.

കുരുതിയുമഷ്ടദ്രവ്യം
പല നിറമാം പൂവ്വുമഷ്ടഗന്ധമപി.
ഇവ കൂടാതേ കാൺമു-
ണ്ടെന്നാൽ അവയില്ല എന്നിളക്കൊല്ല.

—:*:—

പുനരുപനയന[3]മയത്തേ-
നതിനഗ്നിമുഖം മുടിച്ചു ചെഞ്ചെമ്മെ.

---

1. ക്രമത്താലാറു ദിക്കിലും
2. ഈ വരി ഗ്രന്ഥാന്തരത്തിൽ അധികം
3. മതെന്നാ

ചമത "പുനസ്ത്വാദിത്യാ"
എന്നിട്ടുവാൻ ബ്രഹ്മചാരി കൂട്ടേണം.

ഉദ്ദേശത്യാഗമച്ഛൻ താ"നഗ്നയെ ഇദ"മെന്നതു്
സ്രുവാഹുതി "പുനസ്ത്വാ" എന്നഥ മിന്ദാഹുതീ പുനഃ

" സപ്തതെ" എന്ന പകപം ചെയ്തുദ്ദേശത്യാഗമഗ്നയെ
"യേനദേവാപവിത്രേണ പ്രാജാപത്യം" പവിത്രവും.

" ഇന്ദ്രഃ സുനീതി"യുംമൂന്നുമാജ്യാഹുതിയതെന്നിയെ
അപൂർവ്വംകൊണ്ടുമാമാജ്യാഹുതി വ്യാഹൃതി കൊണ്ടുമാം.

പൂണൂലൊന്നിട്ടുകൊള്ളേണം മുമ്പെ അച്ഛനിടീക്കിലാം
മേഖലാദികളും മററുമെല്ലാം പണ്ടേതു കൊള്ളുക.

പലാശിലയിൽ നൈ വീത്തി പലരും കൂടിയായൊളം
ഗായത്രിയും ജപിച്ചന്നേ കൊട്ടപ്പൂ നന്നതെത്രയും.

മാണിതാൻ നീരിൽ നിന്നന്തിതൊഴേണം പുനരായൊളം
അച്ഛൻെറ യെച്ഛിലുണ്ണെന്നും ചൊല്ലീട്ടുണ്ടതു ചെയ്കിലാം.

അപകീത്തിക്ക പൂർവ്വംകൊണ്ടോമം ഗായത്രി പകപവും
"കാമാവകീർണ്ണാദി" രണ്ടുകൊണ്ടാജ്യാഹുതിയും പുനഃ

കൂടിനിന്നിട്ടുപസ്ഥാനം "സമാസിഞ്ചതു" മൂന്നരു
ഇരുന്നു പുൽതുടന്നിട്ടു ഹോമശേഷം മുടിപ്പിതു്

ബ്രഹ്മചാരിക്കിതെങ്ങെന്നും സ്ത്രീസംഗതിയകപ്പെട്ടിൽ
"ഗായത്രി"കൊണ്ടു വേണ്ടുന്നതെല്ലാമെ ചെയ്തുകൊള്ളുക

മരിപ്പാൻ കാലമായെന്നുതോന്നിയാൽ മെഴകീട്ടതിൽ
മണൽതെക്കഗ്രമായ് പുല്ലുമിട്ടിടത്തു കിടത്തുക

"ആയുഷഃപ്രാണ"മെന്നോത്തീ രണ്ടു"സന്തനു"ചൊല്ലിയും
"സംജ്ഞാനാദി"കളീരെട്ടും പൂർവ്വം ദേവാദിരണ്ടുചെവ

വലത്തെച്ചെവിയിൽ ചൊല്ലീട്ടിടത്തേതിലുമങ്ങിനെ
പ്രാണൻപോയാൽ പൊൻനുറുങ്ങു വായിലിട്ടേച്ചുമൂടുക

സംസ്കാരത്തിന്നു വേണ്ടുന്നതെല്ലാമുണ്ടാക്കിയാൽ പുനഃ
ഒരുത്തൻ കൈവിടാതെകണ്ടെല്ലാരും പോയ്ക്കുളിപ്പിതു്

പിഴിഞ്ഞുടുത്തിട്ടെല്ലാമെ പുണ്യാഹം കഴിവോളവും
മലശോധനയുംചെയ്തു ശൌചിപ്പിക്ക യഥാവലെ

കോണമുടുത്തിക്കാലും
മുഖവുംകഴകിച്ചു മണ്ണു മഞ്ഞളിവ
തേച്ചുകുളിപ്പിച്ചഴകിൽ
തങ്ങളിടത്തിട്ടു ചുററി മേൽപുടവ

പവിത്രമിട്ടാലഥ ചന്ദനം പൂ-
വെള്ളക്ഷതം കൂട്ടിയ നീരുകൊണ്ടു
കാല്ക്കൽതുടങ്ങീട്ടു തലക്കലോളം
"ചിത്തിസ്രുഗെ"ന്നോത്തു ജപിച്ചു വീത്തു

ജ്യേഷ്ഠനെത്തൊട്ടുമറേറവൻകൂടിച്ചൊല്ലുക മന്ത്രവും
ഇടത്തിൽകീറിയുള്ളോരു കോടിക്കോണമുടുത്തിയാൽ

കാൽ മുഖം കഴകിക്കണ്ണുമെഴുതിക്കുറിയിട്ടഥ
പൂച്ചൂട്ടു ഗോപി നന്നേററം കുറി മേത്തോന്നി പൂവിനും

അത്തിത്തല്പത്തിന്മേൽ
കാല്ക്കൽ കരയായിരിക്ക കോടിയതിൽ
തല തെക്കമ്മാറുകിട-
ത്തുകശേഷം കോടികൊണ്ടു മൂടുവിതു്

എടുപ്പാനെല്ലുമൂടീടുവോളം പൂണൂൽ നിവീതമെ
മറെറപ്പേരുമിടത്തിട്ടെ പുൽ കയററാൽ മുറുക്കുക

തീയും ദ്രവ്യങ്ങളുംകൊണ്ടുപോവൂ പുലയൊഴിഞ്ഞവർ
ശവം മുററത്തഗ്നികോണിൽവെച്ചു വാത ചുഴററുക

പുല്ലിൽവെച്ചു ഇടത്തോട്ടു പരിസ്തരണമെങ്ങുമെ
ചുററും വേണ്ടയിടത്തൂടായഗ്നികോണിൽ തുടങ്ങുവൂ

ക്രിയ തെക്കോട്ടു മറെറല്ലാം വടക്കന്നു തുടങ്ങുവൂ
വാതെക്കു മന്ത്രം "വാതാസ്ത്വെ"വെച്ചേറെ മൂന്നുചുററിനും

പ്ലാശിലത്തൊന്നിൽ നീർകൂട്ടിവീത്തി മെല്ലെന്നു വീയുവൂ
അനുജൻ മുൻനടന്നിട്ടു മുക്കൽ പരിഹരിക്കുതു്

ചിതിക്കഞ്ഞ പടിഞ്ഞാറുകൊണ്ടേ വെച്ചിട്ടുമിങ്ങിനെ
[1]വാതവുംചുററിയാൽക്കൂട്ടു പൃഷദാജ്യം യഥാവലെ

തൈരും തേനും നെയ്യും
കൂട്ടീട്ടതിലെള്ളുമിട്ടടച്ചേപ്പു
ചിലരക്ഷതവുമിടുന്നോർ
പാൽ കൂടിക്കൂട്ടുമതിനു മററുചിലർ

കുത്തിത്തളിച്ചു തീയിട്ടു നെയ്യുണ്ടാക്കീട്ടു കൂട്ടുകിൽ
അകത്തുവെച്ചു നെയ്യോടുകൂടിപ്പൂയ്യഗ്നി ചെയ്യവ

ചാൺ ചമതയുമിട്ടവിടെ
വ്യാഹൃതിയും ചെയ്യയെന്നു മററുചിലർ
ഔപാസനമല്ലാഞ്ഞാൽ
അതുവേണ്ടാ [2]ചിതചമതക്കതീവണ്ണം

കുഴിച്ചുമൺകളഞ്ഞിട്ടു തടിഃമലിന്നെടുത്തതും
കളഞ്ഞുകയ്യുംകഴുകി വെട്ടി മററൊന്നു കൂട്ടുക

കുററിനാട്ടി പുൽകയറുചുററു ന്നുലിപ്പൊഴാകിലാം
"അപേത"മന്ത്രവുംചൊല്ലി പ്ലാശിലത്തൊത്തു കൊണ്ടഥ

ചിതിയും നിലവും കൂടിയടിച്ചതു കളഞ്ഞഥ
കയ്യുംകഴുകിയാൽ മേലെ മന്ത്രംചൊല്ലിത്തളിപ്പിതു്

"അപസർപ്പാദി"മന്ത്രത്താൽ കുഴിയിൽ പൊന്നിട്ടു പുനഃ
അതിൽമൂന്നു കുഴിച്ചിട്ടു "യമായാ"ദികൾ മൂന്നിനാൽ

എള്ളുമക്ഷതവുംകൂട്ടിച്ചെമ്മെ മൂന്നിലുമങ്ങിട്ടു
ശേഷം കയററകത്തൊക്കയിട്ടു മന്ത്രാ യഥാ പിതാ

അടുത്തവണ്ണം ചിതഃമൽവെച്ചു വാത ചുഴററുക
നടെ ചൂററീല ന്നുലെങ്കിലതുവും ചുററുവൂ പുനഃ

മൂക്കിൽ കണ്ണിൽ ചെവിയിലും വായിലും പൊൻനുറുങ്ങിട്ടു
പൊന്നേതുമുതകീലായ്കിൽ എഴു നൈത്തുള്ളികൊണ്ടുമാം

"ഇദംതെ"മന്ത്രവുംചൊല്ലി പൃഷദാജ്യം കൊടുപ്പിതു്
മരിച്ചവരുടെ പേരും കൂട്ടു സംബുദ്ധികൊണ്ടതിൽ

1. വാതയും 2. ചിതചമക്കതീവണ്ണം

"അസ്മാത"മെന്നും "വസുഭ്യ"എന്നും മൂന്നുടെയിങ്ങിനെ
നടയത്തേതിനെക്കൊണ്ടുതന്നെ പോരായ്കയില്ലതും

ഇതു താന്താൻ കൊടുക്കേണമെല്ലാരും കൂടിയുള്ളവർ
ജ്യേഷ്ഠൻപിന്നെക്കൊടുക്കേണം കൂടാതവനുവേണ്ടിയും

പുൽകൊണ്ടുതൊട്ടുകൊണ്ടിട്ടു ഹോതൃന്യാസമതിങ്ങിനെ
"ചിത്തിസ്സ്രുഗാസി"എന്നുള്ള പത്തും മൂക്കുകളിൽ ക്രമാൽ

വായിൽ "പൃഥിവിഹോതാ-
സീ"[1]നാലുംപുൽകളഞ്ഞു കൈകഴുകു
മററൊരു പുൽകൊണ്ടു"അഗ്നിർ
ഹോതാ"ദികൾ കണ്ണു രണ്ടിൽ വെവ്വേറെ

"സൂര്യംതെചക്ഷു" എന്നാറും വെവ്വേറെ ചെവി രണ്ടിലും
"മഹാഹവിർഹോതാസീ" ലെന്നാറും തോൾക്കുഴിരണ്ടിലും

ന്യാസത്തിന്നു വലത്തേതു നടെപ്പിന്നെ ഇടത്തഥ
"ധാരാനുമന്ത്രണം"മൂന്നു ചുററുവേണമതിങ്ങിനെ

നിറക്കുടമിടന്തോൾമേൽ വെക്ക മക്കളിൽ മൂത്തവൻ
മററവൻ പിന്നിലിന്നൊന്നു മെല്ലെക്കുത്തിത്തുളക്കതു്

എല്ലാരുംകൂടി മന്ത്രത്താൽ ചുഴന്നാലൊന്നു കൊത്തുവൂ.
പിന്നെ ച്ചുഴന്നു കൊത്തീട്ടു മൂന്നാമതുമവണ്ണമെ

ക്രമത്താൽ മൂന്നിനും മന്ത്ര"മിമാ"ആദികൾ മൂന്നുള.
കൊത്തേണ്ടുന്നു കുടത്തിന്മേൽ മേലെ മേലെ പുനഃ പുനഃ

തടിമേൽ കൂട്ടി വീണിട്ടു നീർ തെറിക്കേണമങ്ങതു്.
നിറക്കുടം പിന്നിലിട്ടു മക്കൾ പരിഹരിക്കതും

ഏതേനും പച്ചയും തൊട്ടാൽ പൃഷദാജ്യം കണക്കിനെ.
ഓട്ടിലെ നീർ കൊടുക്കേണം "ദിവിജാതാദി" മന്ത്രവും

പശുവും ബ്രാഹ്മണനെയും കാണ്മു പൊൻതൊടിൽ നന്നുപോൽ
അനസ്തരണി നീർവീത്തു കറുത്ത പശുപോലതു്.

പ്രേതത്തിന്റെ മുഖം മൂടിപ്പിന്നെ വാത ചുഴററുവൂ
[1]"ഭ്രരാദിചൊല്ലിത്തീയിട്ടു മുറം കൊണ്ടതു വീയുവൂ.

1. ഭൂതാദി

"അഗ്നിസ്സേനാദി" രണ്ടോത്തും വീയുവാൻ മന്ത്രവും പുനഃ
നട്ട വെന്ത മുറിഞ്ഞാലൊന്നുതത്തുപസ്ഥാനമിങ്ങിനെ.

"വാചസ്പതെ" തുടങ്ങീട്ടു ശേഷന്യാസമൊഴിഞ്ഞവ
ആറന്തം പിന്നെ "വാശ്ശേഷാതാബ്രാഹ്മണാ"ദികൾ കൊണ്ടഥ.

വെന്താൽ പ്രദക്ഷിണം ചെയ്തു നമസ്കൃത്യ യഥാവലെ
"അയംഘലമ്മാദി" മന്ത്രംകൊണ്ടുപസ്ഥാനം കഴിഞ്ഞഥ.

വിരിയ വലത്തിട്ടനുജന
മുമ്പായ്പോരുക തിരിഞ്ഞു നോക്കാതെ.
ബ്രാഹ്മണർ പുലയില്ലാത്തവർ
ഗോത്രമിരണ്ടായിരിക്കുമവർ വഴിയിൽ.

നില്ക്കു പലാശിൽ കുഴയും
കൈക്കൊണ്ടതവർ "മാവതരത" ചൊല്ലേണം.
മാറു നിലത്തോടേല്ക്കും-
മാറു "നപുന"രെന്നുചൊല്ലി നുഴകതിൽ.

പ്രദക്ഷിണം ചെയ്തു നമസ്കരിച്ചി-
ട്ടനുജ്ഞയും കൊണ്ടവരോടു പിന്നെ.
ഉടൻ കുളിച്ചിട്ടു പിഴിഞ്ഞുടാതെ
തുടങ്ങുകെന്നാലുദകക്രിയക്കു്

ശീതികൻെറ ചടങ്ങത്രെ മിക്കതും പത്തു നാളിലും
മരിച്ചവരുടെ ഗോത്രം പേരും കൂട്ടീട്ടു ചൊല്ലുവൂ.

"ഏതത്ത ഉദകം" മന്ത്രമാൺ പെണ്ണെന്നുണ്ടു ഭേദവും
സംബുദ്ധിയോത്തുകൊള്ളേണം ഗോത്രം പേരിവ രണ്ടിനും.

"സന്തപാ സിഞ്ചാമി" മന്ത്രത്താൽ മണ്ണുതേച്ചു കുളിച്ചഥ
പിഴിഞ്ഞുടുക്കേണമപ്പോഴൊന്നുപ്പൂ വെറുതെ പുനഃ.

ആദിത്യനെ യുപസ്ഥാനം മന്ത്ര"മുദ്യ്യ"മുക്കപോൽ
പിന്നെ "പ്രതിയുതാ"ദ്യേന നീർ തെററീട്ടു കരേറുവൂ

അനുജക്രമമേകം വിട്ടിങ്ങു പോന്നാചമിച്ചഥ.
ചാണകം പൊന്നു നീർ തിയ്യും കടുകെള്ളും തൊട്ടു പുനഃ

മരിച്ചകത്തുമുല്ലാടോരോന്നതിനെ വിടേണ്ടുവൂ.
എള്ളുമക്ഷതവും നീരും കൂട്ടീട്ടു വിതറൂ പുനഃ

"സ്വപസ്ത്യസ്തു"വെന്നതിൽ മന്ത്രം വിളക്കും വെച്ചു തീയിട്ടു.
പത്തു നാളും കെടൊല്ലാ പോൽ നിത്യം നന്നായ് തളിക്കുകൊ

പകൽ പോരികിലപ്പോലെ വെയിലിട്ടു തുടങ്ങുവൂ.
മുററത്തു പണ്ടു വെച്ചേടത്താവൂ വെലി തുടങ്ങുവാൻ

വെലിക്കു മന്ത്രമില്ലേതും പത്തു നാൾ കഴിവോളവും.
ഉദകക്രിയയും കൊട്ടുവെലിയും പത്തു നാളിലും

അന്തിക്കേ തെതിരെത്തേതുമുണ്ടാമീരണ്ടോരിക്കലെ.
തങ്കലെ കുടിയൊന്നേറും ചുട്ടനാളുദകക്രിയ.

വെലിക്കുററി പറച്ചിട്ടു പത്താം നാൾ മാററുടപ്പിതു്
[1]അന്ന പട്ടിണി പിറേറന്നാൾ തുടങ്ങീട്ടണൊരിക്കലെ.

ഉപ്പും ക്ഷാരങ്ങളും പററാ ചിലർ നൈ കൂട്ടുവുണ്ടുപോൽ
അന്നു മൈർ കളവൂ പത്തുനാളകത്തതവശ്യവും.

പിറേറന്നാളുദയം പാർത്തു കുളിച്ചാൽ വെക്ക പിണ്ഡവും
അനുസ്മരണി കല്പിച്ചതൊരുത്തന്നു കൊടുത്തഥ.

യമഗാനം ചെയ്തു രണ്ടാമതാചമിച്ചു ദശാഹവും
പ്രായശ്ചിത്തവുമായോളം ചെയ്താൽ വെലി തുടങ്ങുവൂ.

പ്രായശ്ചിത്തം വലത്തിട്ടു കിഴക്കും നോക്കിവേണ്ടുവൂ
തെക്കു നോക്കിയിടത്തിട്ടു വെലി മറേറതു വേണ്ടുതാം

കീറിപ്പുല്ലു തളിച്ചങ്ങു കളഞ്ഞാൽ കൈ നനച്ചഥ.
മണലിട്ടു പരത്തീട്ടു കീറിയാലുമവണ്ണമെ

പുൽ വിരിച്ചു തലക്കലങ്ങാരാധിച്ചിട്ടു നീരഥ.
ചന്ദനം പിന്നെ നീർ പൂവ്വും നീരും മുമ്മൂന്നവണ്ണമെ

എള്ളും ചന്ദനവും പൂവ്വും നീരു കൂട്ടിയെടുത്തഥ.
കൂർച്ചമുണ്ടാകിലതുവും കൂട്ടിക്കൊണ്ടു യഥാവലെ

[2]ആവാഹിച്ചൊമ്പതുടേ നീർ കൊടുത്താച്ചന്ദനാദിയും.
"ഏകോദ്ദിഷ്ടാ"ദിമന്ത്രത്താലേകോദ്ദിഷ്ടം കഴിഞ്ഞഥ

---

1. മൂന്നാം
2. ആവാഹിച്ചാൽ നടെപ്പോലെ നീർ തുടങ്ങിക്കൊടുപ്പിതു്

"അയമോദന"മന്ത്രത്താൽ പിണ്ഡം തൈരങ്ങതിന്നലെ.
തലക്കൽ നീർ കൊടുത്തങ്ങു [1]തിരിഞ്ഞിങ്ങു തിരിഞ്ഞഥ

തലക്കൽ നീരും പിണ്ഡത്തിലഞ്ജനാദികളും പുനഃ.
ഇല കോട്ടിയതിൽ പാലും മററുമെപ്പേരുമാക്കിയാൽ

"ഊർജപസ്വതി" ജപിച്ചിട്ടതിടത്തൂട്ട തലോടവ്വ.
ഇടത്തൂട്ടത്തു മൂന്നുടെ പിണ്ഡം ചുഴലെ വീത്തുക

താന്താൻ നീരു കൊടുത്തങ്ങു തിരിഞ്ഞിങ്ങു തിരിഞ്ഞഥ.
എല്ലാരും നീർ തുടങ്ങീട്ടു കൊടുപ്പിതു യഥാവലെ

പിണ്ഡം ദക്ഷിണയും ചെയ്താൽ ഉദപസിച്ചേക്ക മൂത്തവൻ.
ആവാഹിച്ചാൽ നീർ തുടങ്ങി കൊടുക്കുന്നതുവും പുനഃ

പിണ്ഡവും തയിരും നീരും തിരിഞ്ഞാൽ നീർ കൊടുപ്പതും.
താന്താൻ വേണമൊടുക്കത്തെ നീർ തുടങ്ങിക്കൊടുപ്പതും

മററെല്ലാം ജ്യേഷ്ഠനെത്തൊട്ടുകൊള്ളു ചൊല്ലുക മന്ത്രവും
പിണ്ഡം [2]പുറത്തു വെച്ചേച്ചു കുളിച്ചാൽ പുണ്ണിയാഹവും

അന്നേത്തുടങ്ങീട്ടോരാണ്ടും വെയിലും വേണമിങ്ങിനെ.
[3]നിച്ചച്ചാത്തവുമൂട്ടീട്ടു ശേഷം കൊണ്ടാകിലിങ്ങിനെ

നാലാന്നാളെല്ലു മൂടേണ്ടു അഞ്ചാറനാളരുതങ്ങതു്.
ചുടലക്കു പടിഞ്ഞാറു തീയിട്ടോമ മപൂർവ്വമെ

ഹവിസ്സും ജുഹൂവും വേണ്ടാ വടക്കാകിലുമാമതു്
ക്രുട്ടിച്ചാതിക്കിലാം ശാഖ പാലും ചമതയത്തിയെ

ഇടത്തിട്ടും വലത്തിട്ടുമാംപോലോമമിതെങ്കിലും
മിന്ദാഹൂതികൾ ചെയ്യേണം വലത്തിട്ടതു നിർണ്ണയം.

പിന്നെ വേണ്ടതിടത്തിട്ടു മൂന്നുണ്ട"വസ്ത്രജാതികൾ"
ഹോമം മുടിച്ചു "ലോകാഗ്നി"യാക്കേണ്ടാ കൊള്ളുിയൊന്നിടും.

ശ്മശാനത്തിലിടത്തിട്ടു പാലിൽ നീർ ക്രുട്ടിയാലതു്
ശാഖകൊണ്ടു തളിച്ചിട്ടു തീയു രണ്ടു കെടുക്കവെ

---

1. തിരിഞ്ഞിട്ടു
2. വെച്ചാൽ പോയ്
3. നിച്ചച്ചാത്തം=നിത്യശ്രാദ്ധം

"യന്തെ അഗ്നി"തുടങ്ങീട്ടഞ്ചൃക്കുകൊണ്ടു തളിച്ചഥ.
ആറാമതും തളിക്കേണം "യന്തെ" എന്നതുകൊണ്ടുമാം

വെണ്ണീറടിപ്പു തെക്കോട്ടു ശാഖയങ്ങു കളഞ്ഞിടും.
അത്തിതാൻ പ്ലാശുതാൻതന്നെ കൊൾകിലാം ശാഖ വേണ്ടതു്

കഴത്തിന്നു മരയ്ക്കും നേരടയാള(ങ്ങൾ) കുത്തുക.
വെവ്വേറെ മൂന്നുളായ്ക്കൊള്ളു കൊടിലും കുത്തുപാളയും

ശ്മശാനത്തിൽ ചവിട്ടായ്വാനോരോ കല്ലിട്ടു കൊള്ളുവൂ.
പാളച്ചെരിപ്പിടും കാൽമേൽ കെട്ടിക്കൊള്ളേണമേവരും.

കെട്ടു വഴതിനങ്ങായും വലക്കൈമേലവണ്ണമെ
തലക്കലൊദിയായ്ക്കൊള്ളു ചിലർക്കാദി! വടക്കുപോൽ

കണ്ണടച്ചു കൊടിൽകൊണ്ടെടുത്തിട്ടു
കുത്തുപാളകളിൽ മൂന്നിലും ക്രമാൽ

ആറുവട്ടമതിന്നുള്ളമന്ത്ര"മു-
ത്തിഷ്ഠ"യെന്നതു "മിദംതഏക"വും

"പരഊത തൃതീയേന" രണ്ടും നടുവിലേതിലും
"സംവേശനപ്രിയോ"രണ്ടും പിന്നെ മറേറതിലൊന്നുമാം

മന്ത്രക്രമംകൊണ്ടോരോന്നു മൂന്നിലുംവെച്ചു പിന്നെയും
ഓരോന്നോരോന്നിലാമെന്നു പക്ഷഭേദങ്ങളുണ്ടുപോൽ

മൂന്നുക്രുറെല്ലുമെപ്പേരും മൂന്നിലാകെപ്പെരുക്കിയാൽ.
കുഴിമൂടി നിരത്തീട്ടു പലവിത്തു വിതക്കതിൽ

ഫലം നട്ടു നനച്ചെല്ലു നീർകൊണ്ടു കഴകീട്ടഥ.
ഗോമൂത്രംകൊണ്ടു പാൽകൊണ്ടും ചെഞ്ചെമ്മേ കഴകീടുക

പൂവ്വും ചന്ദനവും നെല്ലുമരി പുല്ലെള്ളുമെന്നിവ.
പച്ചക്കലത്തിലങ്ങിട്ടു കോടികൊണ്ടു പൊതിഞ്ഞതിൽ

കാൽക്കലേതു തുടങ്ങീട്ടെല്ലൊക്കയിട്ടാലടച്ചതു്.
നന്നായ്കെട്ടി നിവീതത്തിൽ പൂണുനൂലിട്ടെടുക്കതു്

"ഉത്തിഷ്ഠപ്രേഹി"പോൽ മന്ത്രം കൊണ്ടുവെച്ചാലിടത്തിട്ടു
നന്നായുത്തമവൃത്തത്തിൽ കീഴാമ്മാറു കുഴിച്ചതിൽ.

കത്തിത്തളിച്ചു മണലും പുല്ലും പൊന്നക്ഷതം പുനഃ
എള്ളും ചന്ദനവും പൂവ്വുമിട്ടെടുത്തങ്ങു വെക്കതിൽ.

"പൃഥിവ്യാസ്ത്വാദി"പോൽ മന്ത്രം പേരൊടുക്കത്തു കൂട്ടുക
നീവീതം വേണമപ്പോഴുമെന്നുണ്ടു ചിലർ ചൊല്ലുവൂ

പരിസ്തരിച്ചു മേൽ പുല്ലുമക്ഷതാദിയുമിട്ടഥ
മൂടു പിന്നെപ്പിലാത്തെങ്ങെന്നിത്തരം ഫലദാനവും

നമസ്കരിച്ചുപോരുമ്പോൾ കടപ്പു പുഴ മൂന്നതു്
മന്ത്ര"മശ്മന്വതീയ്യൈ"രണ്ട്യൃക്കും രണ്ടിനും ക്രമാൽ

"യാരാഷ്ട്രാന്മന്ത്ര"വും ചൊല്ലിപ്പാശിൻശാഖകൾ നുഴവൂ
ഇതിന്നടുത്തതായിട്ടന്നൊന്നേറു മുദകക്രിയ

"ധാതാപുനാതു"മൺ തേപ്പാനുപസ്ഥാനവുമുദ്വയം
കുളിച്ചുപോമ്പോൾ മന്ത്രത്താൽ നീർതെററിപ്പോകയുംപുനഃ

ഇതു പുലപോയിട്ടാകിൽ
പകിഴിയന്നവിധിച്ച ദിവസമേയാവൂ
ഉദകാദികൾ പുണ്യാഹവു-
മന്നു വിശേഷിച്ചു മാസവും വേണം

ശുദ്ധമായിക്കുളിച്ചിട്ടു നിത്യം വെലിയിടേണമെ
മരിച്ചപക്കമൂട്ടേണം മാസം പന്ത്രണ്ടു തിങ്ങളും

ത്രൈപക്ഷം നാല്പതാംനാൾക്കു പിറേറന്നാൾ മാസമൊന്നതും
പിന്നെ നൂറെറഴപത്തൊന്നാംനാളിൽ ഷണ്മാസമൂട്ടുക

മുന്നൂററുനാല്പത്താറാംനാളൂട്ടു സംവത്സരം പുനഃ
മുന്നൂററുപതാംനാൾക്കു പിററന്നാളിൽ സപിണ്ഡിയും

മാസം ചാത്തം സപിണ്ഡിക്കും വടക്കെക്രിയയുംപുനഃ
ഏകോദ്ദിഷ്ടമതിൽ പ്രേതശബ്ദം മന്ത്രത്തിലെങ്ങുമെ

അതേകവചനംതാനും പിന്നെപ്പെണ്ണിനുമാണിനും
വിശേഷങ്ങളുമുണ്ടെന്നാലതെല്ലാമോർത്തു കൊള്ളുക

സ്വധയും വപയും വേണ്ടാ ചാത്തം മാസമിരണ്ടിനും
നന്നായോതിപ്പടിക്കേണമെന്നാൽ മന്ത്രങ്ങളൊക്കവെ

ബൌധായനീയസ്നാനം ചെയ്താചമിച്ചു യഥാവലെ
അപൂർവ്വവിധികൊണ്ടോമമിടത്തിട്ടു തുടങ്ങുവു

ഹവിസ്സും ജുഹൂവും വേണ്ടാ വിശേഷിച്ചത്തിമേക്ഷണം
ചാതിക്കേണം വെലിപ്പുല്ലുമിലയും പ്രേതകവ്യവും

തെക്കുവെച്ചഭിഘാരിച്ചാൽ കൂട്ടിക്കൊൾക തിലോദകം
സ്ഥലശുദ്ധികഴിഞ്ഞാവാഹിച്ചാൽ പിന്നെയൊരുത്തനെ

"ഏകോദ്ദിഷ്ടാദി"മന്ത്രത്താൽ പ്രേതമാക്കി ക്ഷണിച്ചഥ
യഥാവലെ ഇരുത്തീട്ടു കൊടുപ്പിതു തിലോദകം

അടുത്തവണ്ണം പേർകൂട്ടി "തൃപ്തിരസ്ത്വിതി"മന്ത്രവും
മററുമെല്ലാം കൊടുത്തിട്ടു രണ്ടാമതു തിലോദകം

ഇലയുംവെച്ചുപസ്തരിച്ചെള്ളുമിട്ടങ്ങു ചെന്നഥ
ഹോമശേഷംതുടങ്ങീട്ടു മന്ത്രംചൊല്ലി വിളാകിയാൽ

ഇലയൊന്നിൽ സ്രുവംകൊണ്ടുപസ്തരിച്ചിട്ടു കവ്യവും
ഇട്ടാലുമങ്ങുപസ്തീര്യ്യ മേക്ഷണം കൂട്ടി വാരിയാൽ

അടുത്തവണ്ണം പ്രേതാദിമന്ത്രാം കൊണ്ടോമമൊന്നഥ
ഉദ്ദേശിച്ചാൽ മേക്ഷണത്തെത്തളിച്ചിട്ടേച്ചു പിന്നെയും

കവ്യത്താൽ മറെറാരിലയിൽ അടുക്കുംവണ്ണമിട്ടതിൽ
ഹോമശേഷത്തെയുംകൂട്ടി "പൃഥിവീതെ" തുടങ്ങുക

അനുദേശനമന്ത്രം പേർകൂട്ടിക്കൊണ്ടുപതിഷ്ഠതു
"പ്രാണാദി"യും "ബ്രഹ്മണി"യും "മധുവാതാ"ദിയെപ്പുനഃ

സ്വധക്കുപകരം തൃപ്തിരന്നയാത്ര കഴിഞ്ഞഥ
തീക്കു തെക്കോട്ടുമെഴുകി ചെമ്മെ വെലിയുമങ്ങിട്ടു

മാസപിണ്ഡംവെച്ചു നീരും കൊടുത്താൽ നിത്യപിണ്ഡവും
[1]പിണ്ഡംപുറത്തു കാക്കക്കു പിതൃക്കൾ വരുമങ്ങനെ

ഓരാണ്ടേക്കു കണക്കുള്ള വെലിയിട്ടാൽ സപിണ്ഡിയും
ബൌധായനീയസ്നാനം ചെയ്താചമിച്ചു തുടങ്ങുക

1. പിണ്ഡത്തെ വെയ്ക്കുക

അഷ്ടകാപാർവ്വണം മാസിശ്രാദ്ധവും ദശമെഹനി
ബഹുദ്രിഷ്ടം സപിണ്ഡിക്കതെക്കെ ക്രിയയതും പുനഃ

ഇവററിങ്കൽ ബഹുത്വംപോൽ മന്ത്രത്തിൽ പിതൃശബ്ദവും
കിഴക്കുനോക്കിച്ചെയ്യേണം പ്രായശ്ചിത്തമതായൊളം

തെക്കുംവടക്കും രണ്ടായിക്കൂട്ടി കൂടിയതിൽ ക്രിയാ
ദശമെടഹനിയെപ്പോലെ തെക്കെ ക്രിയകൾമിക്കതും

മാസംപോലെ വടക്കേതുമിക്കതും രണ്ടുമിങ്ങിനെ
സ്വധയും നമയും വേണം മന്ത്രങ്ങളി(വ)രണ്ടിനും

ആഘാരവാനായ് തീയിട്ടു തെക്കെയോമം തുടങ്ങവൂ
അതെല്ലാമഭിഘാരിച്ചാൽ വടക്കോമം തുടങ്ങവൂ

അതുമങ്ങഭിഘാരിച്ചാൽ വിശ്വദേവകളെ ക്ഷണം
ക്ഷണിപ്പാൻ മന്ത്രമെപ്പേരും സപണ്ഡീകരണാദിപോൽ

ദേവകൾക്കനുദേശിച്ചാൽ തെക്കുകൂട്ടു തിലോദകം
വടക്കുംകൂട്ടിയാൽ തെക്കെ സ്ഥലശുദ്ധി തുടങ്ങവൂ

ആവാഹിച്ചാൽ വടക്കേതിൽ സ്ഥലശുദ്ധി കഴിഞ്ഞഥ
ആവാഹിച്ചാൽ ക്ഷണിക്കേണം പിതൃക്കളെ യഥാവലെ

പ്രേതത്തേയും ക്ഷണിച്ചെല്ലാമിരുത്തീട്ടു തിലോദകം
തെക്കെക്കൊടുത്തു പൂജിച്ചു രണ്ടാമതു തിലോദകം

അവ്വണ്ണമെ വടക്കെല്ലാം സ്വധ കൂട്ടിത്തിലോദകം
അഗ്നൌകഴിഞ്ഞാൽ തെക്കോമമതിൻെറ സ്വിഷ്ടകൃത്തൊളം

വടക്കുമോമശേഷം ചെയ്യൊററച്ചമത ഇട്ടഥ
"ഭൂസ്വാഹാദി"കളെക്കൊണ്ടു നാലുവേണ്ടു സ്രുവാഹുതി

അടുത്തവണ്ണം "പ്രേതാദി"മന്ത്രത്താൽ പ്രേതഹോമവും
"അഗ്നയെ കവ്യ" മന്ത്രത്താൽ സ്വിഷ്ടകൃത്തഗ്നികോണിലും

മേക്ഷണത്തെത്തളിച്ചിട്ടാൽ തെക്കെല്ലാമനുദേശനം
തിലോദകത്തിൻ മന്ത്രത്താൽ വടക്കുമനുദേശനം

കുടുക്കുനീർത്തുടങ്ങീട്ടങ്ങൊത്തു കേൾവിച്ചുകൂടിയാൽ
വെവ്വേറെ "മധുവാതാദി"യെല്ലാം സംക്ഷാളനത്തൊളം

തിലോദകങ്ങൾ തെക്കേതും വടക്കേതും കൊടുത്തവ
രണ്ടും രക്ഷിച്ചു തെക്കങ്ങു ദക്ഷിണാദികൾ ചെയ്‌വിതു

തെക്കെ സ്വധ കഴിഞ്ഞിട്ടു വടക്കെ വെലിയങ്ങിടു
മാസദക്ഷിണയും ചെയ്തിട്ടൊരോ[1]പിണ്ഡങ്ങൾ വെപ്പിതു

ഒടുക്കത്തുദപസിക്കേണ്ടാ പിന്നെയും പ്രേതദക്ഷിണ
മാതാമഹന്നു ദാനം ചെയ്തുക്ഷയ്യാദി വടക്കപി

പ്രേതാദിയാമെടുക്കുമ്പോൾ മററു പിത്രാദിയാകിലാം
ഒടുക്കം ദേവകൾക്കെല്ലാമെടുത്താൽ ശേഷവും പുനഃ

അനുയാത്ര കഴിഞ്ഞിട്ടു മാതൃഹോമാദി പിണ്ഡവും
എല്ലാരും കൂടി മന്ത്രത്താൽ വെക്കുന്നതൊരു പിണ്ഡമെ

എന്നാലുമവിടെ തങ്ങൾ തങ്ങൾക്കവ്വണ്ണമായ് വരു
"തതാദി" ശബ്ദമവ്വണ്ണം മന്ത്രത്തിൽ കണ്ടുകൊള്ളുവൂ

ആൺമരിച്ച സപിണ്ഡിക്കു അവൻെറ അച്ഛനാദിയാം
സ്ത്രീ സപിണ്ഡിക്കവളുടെ ഭർത്താവാദിയവണ്ണമെ

ഭർത്താവിൻെറ സപിണ്ഡിക്കും മുമ്പെ ചെയ്‌വിതുമില്ലതു

സാമാന്യമച്ഛനു സപിണ്ഡി ചെയ്തേ
ചെയ്യാവുതെ മക്കളുടെ സപിണ്ഡി
അച്ഛനു ദീക്ഷിച്ച സപിണ്ഡി വേണ്ടും
മുത്തച്ഛനല്ലന്നതിനെങ്ങിനെ പോൽ

അച്ഛൻെറ ദീക്ഷ വീടേണ്ടും മുത്തച്ഛൻ ചത്ത ദീക്ഷയിൽ
ഒന്നിനെക്കൊണ്ടൊരുത്തനു ശേഷക്രിയകളില്ലയാം

എങ്ങാനും പോയവൻ ചത്തു സംശയിച്ചിട്ടുകേൾക്കിലോ
അവർക്കൂട്ടം പിതൃക്കളിലെങ്കിലപ്പൊഴിതെങ്ങിനെ

മററുമിത്തരമുണ്ടാകിൽ സങ്കടം കേട്ടു കൊള്ളുക
അവകാശങ്ങളോർത്തിട്ടു മഹൽ പിണ്ഡങ്ങൾ വെപ്പിതു

മററും വിശേഷിച്ചോക്കേണം പേർക്കൂട്ടുന്നതിനെങ്ങുമെ
ചതുർവ്വിംശതി പിണ്ഡങ്ങൾ വെച്ചാൽ ദാനങ്ങൾ ചെയ്തഥ

1. കിണ്ണങ്ങൾ

തിലോദകം വടക്കേതുകൊണ്ടു പോന്നിട്ടു തങ്ങളിൽ
തൊടാതെ വെക്ക തെക്കേതിന്നരികെ രണ്ടുമൊക്കവെ

വലം കൈകൊണ്ടു തൊട്ടിട്ടു " മധുവാതാദി " ചൊല്ലുക
വടക്കേതിനെയെപ്പേരും തെക്കിരുന്നതിൽ വീത്തുക

ഉദകം പിണ്ഡവും രണ്ടുമിടത്തൂടല്ല കൂട്ടുവൂ
" സംഗച്ഛദ്ധ്വം " തുടങ്ങീട്ടു നാലു തന്മന്ത്രമായതു്

ജീവനൊന്നിക്ക മാറൊത്തു നന്നായ് ക്കൂട്ടിയടച്ചതു്
ആരാധിച്ചു മലത്തീട്ടു മാജ്ജിപ്പൂ [1]ദാനവും പുനഃ

താന്താൻ വെച്ചുള്ള പിണ്ഡത്തെ താന്താനെ കൊണ്ടുപോരിക
([2]അമ്മവെച്ചതു ഉണ്ടാകിൽ മൂത്തവൻ കൊണ്ടുപോരിക)

ശരീരം കൂട്ടമാറൊത്തു നടെവെച്ചതിനോടവ
" സമാനോ മന്ത്ര "യെന്നാദി നാലന്തംകൊണ്ടു കൂട്ടുക

തെക്ക തെക്കോട്ടു നീക്കീട്ടതൊക്കെ യൊന്നായ് ചമച്ചഥ
"യെസമാനാദി " നാലന്തംകൊണ്ടുപസ്ഥാനവും പുനഃ

" ഊജ്ജം വഹന്തി " തൊട്ടെല്ലാം പിണ്ഡം മുററത്തു വെപ്പിതു്
പിന്നെ വ്യാഹൃതിയും ചെയ്തു വടക്കോമം മുടിപ്പിതു്

മുന്നമെ മാതൃഹോമത്തിൻ മുന്നിലാകിലുമാമതു്
പിന്നെത്തീക്കലിരുന്നിട്ടു തെക്കെയോമം മുടിപ്പിതു്

പിന്നെക്കുളിച്ചു" ഷ്ടകയാം " ദാനവും ചെയ്തു കൊള്ളുക
അന്നാളിൽ ദീക്ഷ മറെറാന്നുണ്ടെങ്കിലും ബ്രഹ്മചാരിയും

വേണ്ടീലഷ്ടക മേലാണ്ടിൽ തുടങ്ങിച്ചാത്തമൂട്ടുക
മരിച്ച തിങ്ങളും നാളും കൊൾക പക്കവുമാമതു്

ദാനമാകിലുമിക്കമ്മം ചെയ്താൽ പ്രേതം പിതൃക്കളാം
പിന്നെയും ചാത്തമൂട്ടുന്നാൾ പ്രേതമാക്കീട്ടു ചെയ്‌വിതു്

ചുടുവാൻ ഞായമുള്ളോരെ വേണ്ടുംവണ്ണം ചുടായ്കതാൻ
ശവം കിട്ടായ്കതാൻ വന്നാലെങ്ങിനെയതു വേണ്ടുവൂ

1. ചന്ദനം
2. ഇതു ഗ്രന്ഥാന്തരത്തിൽ അധികം

പ്ലാശുകൊണ്ടു ശരീരത്തെ നന്നായ് കെട്ടേണമിങ്ങിനെ
പ്ലാശിൻെറ ഇല തോത്തോടെ ഉണ്ടാക്കിക്കൊൾക വേണ്ടതു്

ഞരമ്പു നില്ക്കവെ ഒട്ടൊട്ടിലയുരിക്കളഞ്ഞതിൽ
തലക്കൽ നാല്പതും കൈക്കൽ ഓരോന്നിന്നമ്പതമ്പതും

അതിനാൽ പത്തെടുത്തിട്ടു വിരലീരഞ്ചിനും പുനഃ
പത്തുകൊൾക കഴുത്തിന്നു പിന്നെ മുപ്പതുമാറിനും

വയററിന്നങ്ങിരുപതുമെട്ടു ലിംഗത്തിനും പുനഃ
ഊരാറണ്ടതിനോരോരോ തുടകൾക്കമ്പതമ്പതു്

പത്തുമഞ്ചു മുഴങ്കാൽക്കു കീഴേടത്തിനൊരോന്നിനെ
വിരലീരഞ്ചിനീരഞ്ചും മുന്നൂററുപതിങ്ങിനെ

ഒരാളുള്ളൊരു ദണ്ഡിന്മേൽ ദർഭപ്പുൽകൊണ്ടു കെട്ടുക
നെല്ലരച്ചിട്ടു തേക്കേണം എന്നുണ്ടു ചിലർ ചൊല്ലുവൂ

ഇങ്ങിനെ കെട്ടിയുണ്ടാക്കി നിലത്തും കൊൾകടുത്തവർ
പിന്നെ[1]ത്തൽ ചരണംകൊണ്ടു സംസ്കാരാദികൾ ചെയ്തിതു്

മൂടിക്കളകതപ്പോഴെ ചെഞ്ചെമ്മെ വെന്തുകൂടിയാൽ
ഉദക ക്രിയ തൊട്ടെല്ലാംവേണം പിന്നെ യഥാവലെ

പേററിന്നു [2]കറപെട്ടിട്ടുചാകിൽ പുലയൊഴിഞ്ഞവർ
ശവത്തെ ശുദ്ധമാക്കേണം അതിൻെറ [3]കമ്മമെങ്ങിനെ

കുശനീർ കുശവെണ്ണീറും, ചാണകം പുററുമണ്ണുപോൽ
ഗോമൂത്ര മിവയെല്ലാമങ്ങൊരു പാത്രത്തിലാക്കുവൂ

ശവത്തെ മാററുടുപ്പിച്ചു കുളിപ്പിച്ചു യഥാവലെ
മാററുടുത്തു കുളിക്കേണം താനുമേഴുടെ ഇങ്ങിനെ

രണ്ടു പാത്രത്തിലായ്ക്കൊള്ളു കുശനീരതിലൊന്നിനാൽ
പിന്നെ മറെറാരുവൻ ചെമ്പുകൊണ്ടു കോരിയൊടുക്കുവൂ

മന്ത്രമുണ്ട" ഗ്നാ ആയുംഷി " പിന്നെ " അഗ്നേപവസ്വ "യും
"അഗ്നേ പാവക" മൂന്നാമതിങ്ങിനെയതു പിന്നെയും

1. താൻ
2. കറ പേടിച്ചു
3. ക്രിയ

മറേറ്റു ചെമ്പിലാക്കീട്ടും മററൊരുത്തൻ തളിപ്പിതു്
മന്ത്രം പകിഴി എന്നുള്ള പുണ്യാഹമുതകായ്കിലോ
മറൊന്നുമാം ദർക്കൊള്ളാം കുശയില്ലായ്കിലും പുനഃ
തൊട്ടവൻ മാററുടുക്കേണം കുളിച്ചാൽ പുണ്യാഹവും
എല്ലാവരും നനച്ചങ്ങു കുളിച്ചത്തീ തൊട്ടു പുനഃ
നെയ്യും പ്രാശിച്ചുകൊള്ളേണമെന്നാൽ ദോഷങ്ങൾ പോയിടും
പുലയുള്ളവർതാൻ തീണ്ടായിരുന്നോർതാൻ മരിക്കിലും
എത്രനാളെക്കശ്ശുദ്ധിയുണ്ടത്ര [1]നാളെക്കിവണ്ണമെ
കുളിപ്പിച്ചുകുശനീരാൽ വേണ്ടതും ചെയ്തുകൊള്ളുക
പുലയുള്ളതറിഞ്ഞിട്ടു ചാകിലയിതുവേണ്ടുവു
ശവംകീഴ്ജാതിതാൻ [2]നായ്താൻ കാക്കതാൻ തൊട്ടുപോകിവും
ഇങ്ങിനെ ശുദ്ധമാക്കിച്ചു സംസ്കരിക്കുളു വേണ്ടവർ
ഗർഭമുള്ളവർചത്താകിൽ കീറിപ്പിള്ള എടുത്തുപോൽ
ചുടേണ്ടു ജീവനുണ്ടാകിലതു രക്ഷിച്ചുകൊള്ളുവാൻ
വൈദ്യൻമരുന്നും പിള്ളക്കു പാൽകൊടുപ്പാനൊരുത്തിയും
കൂടിയുണ്ടായിരിക്കേണം പിന്നെ യെല്ലാം തുടങ്ങുവൂ
എടുത്തു ചിതമേൽ വെയ്ക്കുംമുമ്പെ വയറു കീറുവു
വൈദ്യൻചൊല്ലീട്ടു നാഭിക്കുകീഴിടത്തെന്നു കേൾപ്പിതും
"ഹിരണ്യഗർഭഃ" സമ്മന്ത്രം ചൊല്ലിപ്പൊൻകൊണ്ടു കീറുക
ചരതിച്ചിട്ടു കീറേണം മൈർവാൾകൊണ്ടു യഥാവലെ
"ജീവതാമാദി"മന്ത്രത്താൽ പിന്നെപ്പൈതലെ നോക്കുക
എടുപ്പാൻ ബ്രഹ്മയജ്ഞാനമിലയിൽ പൊന്നുവെച്ചതിൽ
കിടത്തു ജീവനുണ്ടാകിൽ കുളിപ്പിച്ചു മുതിന്നഥ
"യസ്തെസ്തനാദി"മന്ത്രത്താൽ കൊടുപ്പിച്ചു നടെ മുല
വയററിൽ പൊന്നു വെച്ചിട്ടു മുപ്പത്തൊന്നു സ്രുവാഹുതി
"ശതയുധായാദി"യഞ്ചു"മപ്രയാസാദി"യും പുനഃ

1. വട്ടമി
2. എതാൻകാൺകതാൻ

"പ്രാണായപൂഷ്ണേ" എന്നോത്തിരണ്ടിനീരേഴമിങ്ങിനെ
പൊൻവാങ്ങി പൃഷദാജ്യത്താലൊട്ടുവീത്തു വയററിലും
പ്രജക്കു ജീവനില്ലായ്കിൽ മുന്നെപ്പോലെ വയററിലെ
കിടത്തിമൂടിച്ചിതിമേൽ വെക്കെന്നു ചിലർ ചൊല്ലുവൂ
കുഴിച്ചുമെഴുകിക്കുത്തിത്തളിച്ചു മണലിട്ടതിൽ
പല്ലിട്ടുവെച്ചു ചാപ്പിള്ളെ മൂടിയേക്കെന്നുപോൽ ചിലർ
അവിടന്നങ്ങുപോംമുന്നെ ചാകിലും ചെയ്തിതിങ്ങിനെ
സൂചിയും നൂലുമുണ്ടാക്കി വയററിൻതൊലി തുന്നുക
എന്നാൽ ചിലരതിന്നങ്ങു മന്ത്രവും ചിലർ ചൊല്ലിയാൽ
"ഗായത്രിദ്വിപദായാദി" ഇങ്ങിനെ പല പക്ഷമാം
എല്ലാം പ്രമാണഭൃതന്മാർ ചൊല്ലീട്ടെ പക്ഷഭേദവും
എന്നാലവററിലേതാനും കൊണ്ടാൽ പിഴയുമില്ലപോൽ
എന്നാലും കേട്ടുകൊള്ളേണമന്നന്നറിവുള്ളോരൊടു്
ഒന്നിനും സംശയംവന്നാൽ എന്നുണ്ടുപനിഷത്തിലും
ശേഷക്രിയകൾ വേണ്ടായ്കിൽ [1]നാറാണവെലി ചെയ്കതു്
നാല്പതാം നാൾ കഴിഞ്ഞേററ് വൈകാതെ ചെയ്തുകൊള്ളുക
കൃഷ്ണദ്വാദശി മദ്ധ്യാഹ്നകാലത്തുള്ളന്നു ചെയ്തിതു്
തലനാൾകയ്യരെക്കൊണ്ടു മൂടിക്ക ചുടലക്കളം
കയ്യരെല്ലോ നടെ ചുട്ടതെന്നാലവരിതും പുനഃ
പിണ്ഡംവെക്കേണ്ടവൻ മൈരുംകളഞ്ഞിട്ടു കുളിപ്പിതു്
പുണ്യാഹവുംചെയ്തു ബൌധായനീയസ്നാനവും പുനഃ
പ്രാജാപത്യം കൃച്ഛ്റമായവണ്ണം ചെയ്ക യഥാവലെ ॰
പഞ്ചഗവ്യത്തെയും പ്രാശിച്ചന്നാളുപവസിപ്പിതു്
ക്ഷണിച്ചേക്കണമൂണിന്നു പതിമ്മൂവരെ ഏഴമാം
മണ്ഡപം പണിചെയ്യിച്ചു മുളയിട്ടിട്ടുമാമിത്
കുണ്ഡമുണ്ടാക്കിയാൽ തന്ത്രി സ്ഥലശുദ്ധി തുടങ്ങുവൂ

1. നാറാണവെലി-നാരായണബലി

ചൊല്ലുന്നേൻ നല്ല തന്ത്രത്തെച്ചൊല്ലുന്നേൻ വൈദികത്തെ ഞാൻ
വൈദികക്രിയയെപ്പേരും പിണ്ഡകർത്താക്കൾ തങ്ങളെ

തന്ത്രി കർമ്മങ്ങൾ ചെയ്യുമ്പോൾ ഇരിക്കേണം വലത്തവർ
തന്ത്രത്തിലെ വൈദികമാം മന്ത്രം കൂട്ടിട്ടുചൊല്ലുവൂ

സ്ഥലശുദ്ധി കഴിഞ്ഞഗ്നിജനനം വൈഷ്ണവം പുനഃ
പിണ്ഡകർത്താക്കൾകൂടീട്ടു വിളക്കുംവെച്ചു പൂജയും

ഒന്നുത്തിരുവരുംകൂടി "ഉദ്വയം"കൊണ്ടുസൂര്യനെ
ഉപസ്ഥാനം പിന്നെ രാവും പൂജിക്കേണം വിളക്കുകൾ

പദ്മവുംതീർത്തു രക്ഷിച്ചുകൊൾക തീയും വിളക്കപി
ഒന്നിന്നപായമുണ്ടാകിൽ പരിതഃസങ്കടം പുനഃ

പിറെറന്നാൾ പിണ്ഡകർത്താക്കൾ ചെയ്ക ബോധായനീയകം
തലെന്നാൾ ചെയ്തതില്ലായ്കിൽ ചെയ്ക നാന്ദിമുഖം പുനഃ

മണ്ഡപത്തിലിരുന്നിട്ടു പുണ്യാഹം വിഷ്ണുദേവത
സപിണ്ഡിസ്ഥാനമെന്നാലുമതിൽ പ്രേതത്തിനോമവും

തിലോദകാദിയും മററു മന്ത്രവും വേണ്ടതില്ലപോൽ
പിന്നെ പ്രേതമൊഴിഞ്ഞെല്ലാം കിഴക്കുംനോക്കിയിക്രിയ

വലത്തിട്ടു വലത്തൂട്ടു ചെയ്വൂ ദൈവികമാകയാൽ
പത്മത്തിന്നു പടിഞ്ഞാറു തീയിട്ടോമം തുടങ്ങുവൂ

ആഘാരവാനായോമത്തിൽ പണ്ടു ചൊല്ലിയതൊമ്പതും
വിശേഷിച്ചിലയും പുല്ലു ചാതിപ്പു ദേവഹവ്യവും

പത്മത്തിൻനടുവെ പീഠം വിരിച്ചേച്ചങ്ങു തേവരെ
അഭിഷേകംചെയ്തുകൊണ്ടന്നൊഴനള്ളിക്ക തന്ത്രിയും

പ്രണീത വെച്ചാൽ ദേവന്റെ അരികെ ചെന്നിരിപ്പിതു്
തന്ത്രി വൈഷ്ണവമായ് പീഠപൂജ ചെയ്വൂ കുറഞ്ഞതു്

ഹോമശേഷം പ്രതിഷ്ഠാഭിഘാരണത്തോളവും പുനഃ
ദേവങ്കൽ ചെന്നിരുവരും കൂടിയാവാഹനത്തിന്

പ്രണവം മൂന്നുരുച്ചൊല്ലി "സഹസ്രാദി" യഥാവലെ
നാലന്ത"മോംഭൂഃപുരുഷ"മെന്നു നാലുമിവണ്ണമെ

ആവാഹിച്ചു ചുരുക്കീട്ടു പൂജിപ്പൂ തന്ത്രി താനഥ
നിവേദിച്ചിട്ടു പൂജിച്ചാൽ പുഷ്പാഞ്ജലി കഴിഞ്ഞഥ

നിർമ്മാല്യം കളവാൻകൂടിച്ചൊല്ലേണം " ഭൂർഭുവഃസ്വഃ "
വിസ്തരിച്ചഥ പൂജിപ്പൂ സ്നാനം വീത്തിത്തളിപ്പിതു്

ദേവന്നിരുവരുംകൂടി പുൽകൊണ്ടേ[1]വം ച തത്വവും
"സഹസ്ര ശിരസം ദേവ"മെന്നോത്തുമോരോ [2]ഇരിക്കിനാൽ

പൂവും ചാർത്തീട്ടു തർപ്പിപ്പൂ പുൽകൂട്ടി"ക്കേശവാദികൾ"
പിന്നെപ്പരിധി വെച്ചോമശേഷമഗ്നിമുഖത്തോളം

പിന്നെ വസ്ത്രാദി പൂജക്കു വലത്തെ ചെന്നിരിപ്പിതു്
പിന്നെത്തീക്കൽ ചെന്നിരുന്നു പാകം ചെയ്ക യഥാവലെ

" വിഷ്ണോന്നുകം പരൊ "മന്ത്രമുദ്ദേശിപ്പിതു വിഷ്ണവെ
"സഹസ്രശീർഷ"മെന്നോത്തും "കേശവായാ"ദിയും പുനഃ

ഇങ്ങിനെ ഇരുപത്താറു കൊണ്ടാജ്യാഹുതി ചെയ്തിതു്
പിന്നെപ്പായസവും മററും നിവേദിക്കുന്നു ദേവനു്

"ദേവസ്യത്വാദി" ചൊല്ലീട്ടു് "വിഷ്ണവെ"എന്നു [3]ചൊല്ലിയാൽ
"നാരായണായ ചരു"മെന്നതിന്റെ ശേഷമായ്‌വരും

"നിവേദയാമി"യും കൂട്ടി രണ്ടു പേരും ജപിച്ചഥ
"പ്രാണായാദിക "ളെത്തന്ത്രിതാനേ കൂട്ടിട്ടു പിന്നെയും

"സ്വാഹാന്ത " മായിച്ചൊല്ലേണം " ഓം ഭൂരാ"ദികളേഴഥ
"തർപ്പയാമ്യന്ത" മായേഴും തർപ്പിക്കേണം യഥാവലെ

[4]വിളക്കിരണ്ടുമപ്പോഴും പൂജിക്കേണം നിവേദ്യവും
കിഴക്കുനോക്കി പത്മത്തിൽ തെക്കെ കൂട്ടു തിലോദകം

[5]സ്വധാപിതൃ പ്രേതശബ്ദമില്ല മന്ത്രത്തിലെങ്ങുമെ
"ചതുർവ്വിംശതി"യിൽ കൂടിയുണ്ടുതാൻ സ്വിഷ്ടകൃത്തിലും

"പ്രേത"ശബ്ദം കളഞ്ഞിട്ടു "നാരായണ"പദം പരം
എപ്പേരുമേകവചനം താനും "നമയു"മുണ്ടിതിൽ

---

1. പഞ്ചതത്വവും
2. ഇരിക്കുക
3. പിന്നെയും
4. വിളക്കു
5. സ്വാഹാ

ചൂല്ലിംഗവും വിഭക്തിയുമെല്ലാമൂഹിച്ചു കൊള്ളുക
അഗ്നികോണിൽ തുടങ്ങീട്ടു വലത്തോട്ടില വെപ്പിതു്

പടിഞ്ഞാറു തുടങ്ങിത്തെൻ കിഴക്കോളവു മാകിലാം
ഇങ്ങിനെ കണ്ടു ഭൂശുദ്ധി ചെയ്താവാഹിച്ചു കൊള്ളുക

ക്ഷണം നാരായണബലിശ്രാദ്ധെ "നാരായണായ" പോൽ
അടുത്തവണ്ണമെ പിന്നെ എല്ലാരേയുമിരുത്തുക

പ്രേതത്തെ ആചമിപ്പിച്ചു വലത്തെ വെച്ചുകൊള്ളുക
തിലോദകാദി എല്ലാമേ കൊടുക്കു [1]പന്തിരണ്ടിലും

"നാരായണ സ്തൃപ്യത" യെന്നതിൻെറ മന്ത്രമായതു്
"സങ്കല്പ സിദ്ധിരസ്തു"വെന്നങ്ങു പന്ത്രണ്ടിനോടഥ

"അസ്തു"വെന്ന പദം മുമ്പായിവരും ചൊല്ലുവൂ പുനഃ
അഗ്നൌ ചോതിച്ചനുജ്ഞയും കൊണ്ടു തീക്കലിരുന്നഥ

ഇലയിൽ ദേവഹവ്യത്താൽ ഇട്ടുപസ്തീര്യ്യ ഹോമവും
"ചതുർവ്വിംശതി"യും പിന്നെ സ്വിഷ്ടകൃത്തീശ കോണിലും

"നാരായണായ സ്വാഹാ"യെന്നിവററിൻെറ ഒരുക്കവും
"പൃഥിവീ" മന്ത്രവും ചൊല്ലിക്കയ്യും കഴുകിയാലഥ

ഈരാറിലയിലും നീക്കു നാന്ദികർമ്മം കണക്കിനെ
"നാരായണായ സ്വാഹാ"യെന്നനുദേശന മന്ത്രവും

പിന്നെ പ്രേതത്തിനും പ്രേതകവ്യം കൊണ്ടു വിളമ്പുക
വേണ്ടാ മാതാമഹം പിന്നെ പന്ത്രണ്ടിന്നും കുടക്കനീർ

പ്രേതത്തിങ്കലിടത്തിട്ടിട്ടെല്ലാം പിന്നെ വലത്തിട്ടു
കിഴക്കു നോക്കി ബ്രഹ്മണി ചൊല്ലിയാൽ "വിഷ്ണു സൂക്തവും"

"സഹസ്രാദി"യിരണ്ടോത്തും ജപിപ്പിതു യഥാവലെ
തന്ത്രിയപ്പോൾ തലേന്നാളെത്തീയിലങ്ങധി വാസവും

സമ്പാതം കൂട്ടിയുണ്ടാക്കി വൈശ്വദേവമതിങ്കലെ
ദേവങ്കലും വിളക്കിന്നും നിവേദ്യത്തെ വിടുപ്പിതു്

അവരുണ്ടാലിങ്ങു നോക്കി "മധുവാതാദി" ശേഷവും
"നാരായണഃ പ്രീയതാം"പോൽ സ്വധക്കു പകരം പുനഃ

1. പന്തി രണ്ടിനും

അന്നയാത്ര കഴിഞ്ഞിട്ടു പിണ്ഡത്തിന്നു തുടങ്ങുവൂ
തീക്കുതെക്കെ കിഴക്കോട്ടു തിരിഞ്ഞിട്ടതുവും പുനഃ

മെഴുകിപ്പുൽ വിരിച്ചിട്ടു നീർകൊടുത്തു തുടങ്ങുവൂ
പിണ്ഡം കിഴക്കു "വിശ്വേഭ്യോ ദേവേഭ്യോ നമ"യെന്നതു്

തെമ്പടിഞ്ഞാറു "സാദ്ധ്യേഭ്യോ നമ" എന്നിട്ടു വെപ്പിതു്
"മരുത്ഭ്യോ നമ" എന്നിട്ടു വെക്കേണം വായു കോണിലും

പിന്നെ സ്വചരണം കൊണ്ടേ പ്രേതത്തിൻ വെലി ദക്ഷിണ
പിണ്ഡവും മററുമെല്ലാമെ ചെയ്താലുദ്വസിയായ്കതു്

ഇങ്ങു വന്നിട്ടു മറേറതിൽ തെക്കെ പഴുതിൽ മൂന്നഥ
പടിഞ്ഞാറെപ്പഴുതിലും മൂന്നുരണ്ടു വടക്കപി

"വിഷ്ണുന്നാരായണഃ" പിന്നെ"ബ്രഹ്മണ്യോ ബ്രാഹ്മണ പ്രിയഃ"
"യജ്ഞേശ്വരോ യജ്ഞപുരുഷ" ഇങ്ങിനെ ഇരു മൂന്നിവ

പിന്നെ രണ്ടുള" യജ്ഞാത്മാ " " സർവ്വാത്മാ " എന്നുമിങ്ങനെ
മന്ത്രം ചതുർത്ഥി കൂട്ടീട്ടു " നമോ "യെന്നതൊടുക്കവും

"സർവ്വാൻ പിതൄൻ സ"മെന്നാലങ്ങ"ധിഗച്ഛതിയഃ സ്വധാ"
"തസ്മൈ നാരായണായ" എന്നൊരുമിച്ചിട്ടു ചൊല്ലിയാൽ

"നമ"യെന്നതുവും കൂട്ടു മന്ത്രം നടുവിലേതിനു്
ഈശാന്തന്മേൽ തുടങ്ങീട്ടു ചതുർവ്വിംശതിയും പുനഃ

"നാരായണായ നമോ" എന്നാവററിൻെറ ഒടുക്കവും
ചതുർവ്വിംശതി മുല്പാടെന്നുണ്ടുപോലൊരു പക്ഷവും

വലത്തിട്ടിവയെപ്പേരും പിന്നെ ദാനങ്ങളായൊളം
നടുവെ വെച്ച പിണ്ഡത്തിൽ പ്രേതപിണ്ഡങ്ങൾ കൂട്ടുക

"വിഷ്ണുസായൂജ്യ" മെന്നോർത്തു കൊണ്ടെല്ലാരും യഥാവലെ
"വേദാന്ത വിജ്ഞാനാ"ദ്യന്തം നാലും ചൊല്ലീട്ടു കൂട്ടുക

ഒന്നാക്കു തന്ത്രി പൂജിച്ചാൽ ഒക്കവെ പിണ്ഡശക്തിയെ
ദേവങ്കലുദ്വസിച്ചേച്ചാൽ ദാനം ചെയ്യേണമായൊളം

പിണ്ഡം പുറത്തു വെച്ചോമശേഷം സ്വിഷ്ടകൃദാദിയും
വൈദികത്തിൻ ചടങ്ങിന്നു വേണ്ടും ദക്ഷിണയും പുനഃ

ദേവന്റെ മുമ്പിലാമ്മാറു രണ്ടു പേരുമിരുന്നഥ
ഗണ്ഡൂഷാദികൾ സമ്പാതസ്പർശവും തന്ത്രി ചെയ്‌വിതു

ക്രിയാശേഷം മുടിച്ചെല്ലാമുപാസിച്ചാൽ ക്രിയാഫലം
പിണ്ഡകർത്താക്കൾ കൈകൊണ്ടു വേണ്ടും ദക്ഷിണ ചെയ്യിത്

അടുത്തവണ്ണമെല്ലാൎക്കു മൊക്കച്ചോറും കൊടുപ്പിതു്
ഇങ്ങിനെ ചെയ്ത കൎമ്മത്താലവൎക്കും ഗതിയുണ്ടുപോൽ

മന്ത്രമോതിപ്പടിക്കേണം തന്ത്രമിച്ചൊന്നതെങ്കിലും
ഗുരുക്ഷോഭം വരായ്‌വാനങ്ങൊരിക്കൽ കേട്ടു കൊള്ളുക

ഫലവും വെലി കൂട്ടുമ്പോൾ മുമ്പുപിമ്പെങ്ങിലങ്കിലോ
അച്ഛന്നു മുമ്പിലമ്മക്കു രണ്ടാമതിതു നിൎണ്ണയം

അപ്പന്നു പിന്നെ മൂന്നാമതാചാരം മലനാട്ടിലെ
നാലാമതു മകന്നെന്നും ഭാൎയ്യക്കെന്നും പിണക്കളെ്

അവ രണ്ടും കഴിഞ്ഞിട്ടു തന്നുടപ്പിറവിക്കുപോൽ
പിന്നെ അച്ഛച്ഛനച്ഛമ്മക്കമ്മാത്തേതുമവണ്ണമെ

മുമ്പിന്നു തക്കവണ്ണം തന്നുടപ്പിറവി കൂട്ടുകിൽ
അപ്പമ്മാർ ഭാൎയ്യമാർ മക്കളിവററിന്നു മവണ്ണമെ

മററും ബലാബലം പാൎത്തീടണംപിന്നൊത്തവണ്ണമെ
കണ്ടുകൊൾകൎത്ഥസംബന്ധം ലോക[1]വൃത്തികളും പുനഃ

മഹത്തുക്കൾ പൊറുക്കേണം മഹൽപിഴ [2]കിടക്കിലും
ഭൂമിദേവി പൊറുക്കുന്നോളാമിഷാദി ജുഗുപ്സിതം

ഒക്കവെ ദോഷമെന്നാല്യ മിക്രിയക്കുതകീടുമെ
എന്നാൽ മാലോകരെ നിങ്ങൾ നന്നായ്‌കൊൾക നമോസ്തു വഃ

ദുൎജ്ജനങ്ങൾ പിഴച്ചാലുമിജ്ജനം കൊൾകയില്ലതു്
വിജ്വരോപി പിണങ്ങൊല്ലാ സജ്ജനത്തൊടൊരിക്കലും

പട്ടി പാഴിൽ കുരക്കുമ്പോൾ ഞെട്ടുവീലമൃതാംശു താൻ
മഴക്കാർ വരിഷിച്ചെററു വഴക്കും പൂർണ്ണനാകിലും

1. വൃത്താന്തവും
2. പിഴക്കിലും

ഭാഷ വ്യാകരണത്തോടു ചേരാതേയുമിരിക്കുമെ
അതിന്നു തുണയായുള്ള സംസ്കൃതങ്ങളുമങ്ങനെ

[1]ഒക്കത്തെക്കെന്നു ചൊല്ലുമ്പോൾ ഒക്ക ഹ്രസ്വങ്ങളല്ലയോ
രാജാവിനൊടൊക്ക വന്ന പട കാണെന്നുമില്ലയോ

എന്നൊട്ടും പൂവിരന്നാളക്കന്യാപ്പെണ്ണെന്നു ചൊല്ലുവൃ
നിയൊന്നൊരായ്കതെന്നാലും "വെല"യത്രെ നമുക്കിതു്

അമരത ഗതവാനെന്നാ-
നൊരു കവി പതിഗരുവു കുറുവലുരെന്നാൻ
കരുതുകിലിനിയുമുളാമി-
ത്തരമോരോ സൽകവീന്ദ്രഭാഷയാം

മൂവേഴു്ടെ മുടിക്ഷിതീന്ദ്രകുലമെ മുന്നം മുടിച്ചിടുവാ-
നാവിർഭൂതമപൂൎവ്വധാമ പരമം ബ്രാഹ്മം ജയിച്ചീടുക

വാമെ വസുധനധാന്യശാലി മലനാ"ടെട്ടെട്ടു സംഖ്യാവതാം"
"ഗ്രാമാണാം നിലയം ജയിക്ക"നിതരാമാകല്പഭൂതം ക്ഷിതൌ

അരിയ മഖഹവിർഗന്ധങ്ങളെക്കൊണ്ടജസ്രം
സുരഭിതഭുവനാന്തം ക്ഷാന്തഭൂദേവകാന്തം

പരശുധരമുനീന്ദ്രം തന്നുടെ ശാസനത്താൽ
പെരിയ "പെരുമനഗ്രാമം ജയിച്ചീട്ടു"കെന്നും.

വേദംവേദാംഗമുച്ചൈഃ സ്മൃതി പുനരുപവേ-
ദാംഗവും ധൎമ്മശാസ്ത്രം
വേദാന്തം മററുമോരോതരമിതമിയലും
വിദ്യകൈക്കൊണ്ടുദാരാഃ

വ്യാസാദീനാം കപോലെ പുളകനിരശനൈ-
രുത്തമാംഗേപി കമ്പം
നാസാഗ്രെ തർജ്ജനീം കണ്ണിണയിൽ മുകുളതാം
തനുതെ യദ്ദ്വിജേന്ദ്രാഃ ।

1. മക്കത്തെക്കണ്ടു്

ചൊൽകൊണ്ടീടു"മിരട്ടയപ്പ"നരികെ മാടത്തിലപ്പൻപുരോ
മുക്കണ്ണൻമിഴിയിൽ പിറന്നിതമെഴും മേച്ചേറ"വമന്നമ്മയും"
അക്ഷീണദ്യുതി വെൽവുതാക നിതരാം മററു"രകാ" ചേന്നേഴും
"ദുർഗ്ഗാദേവി"യുമമ്പിലത്തിരുവലക്കയ്യൂര"മന്നയ്യനും"

പാരിടങ്ങളിലിണങ്ങിന കീത്തിപൂ-
ണ്ടാരിയൂക്കള മുലാവിന ദൈവതം
ചാരുതാരിൽ മകരം വെങ്കുളിർകൊങ്കയിൽ
ചേരുമിന്ദ്രമണി വാഴ്ക നീളെനാൾ

നൺ പെടാതൊരു ബൃഹസ്പതി തൻപദം
കമ്പിടുന്ന സഭ എന്ന കണക്കിനെ
അമ്പലത്തിലമരും ഗുരുസന്നിധൌ
ശ്രുംഭത്തു ദ്വിജകുലം കലിതോദയം.

പൂവാണാരിപുരന്ധ്രിപൂവലടിയിൽ ചേരും പരാഗോല്ക്കര-
ശ്രീവായിന്ന ശിഖാഭിരാമശിശുകം നിന്നോഷവിദ്യോദയം
താവിടുന്നാപകീത്തി പാരെഴമിടക്കുന്നിത്തലം ചേന്നഭ്ര-
ദേവാനാം കുലമേററവും"വിജയതാം"നീണാൾ നിരൂഢാത്മനാം

ഏഷാമഭീഷ്ടം മുഴവൻകൊടുപ്പാ-
നാഷാഢമാസെ മുകിലെന്ന പോലെ
ഏഷാ കനിഞ്ഞക്ഷസമക്ഷമാസ്തെ
താഴാത കാരുണ്യരസേന ഗൌരീ

കുന്നിൻെറ മങ്ക കുളുർ കൊങ്കയുമംഗജാരൌ
വാർകോലുമാഴിമകരം ഭ്രമിയുമംബുജാക്ഷെ
പാങ്കാന ധാതരി മനോഹരവാണിമാത്ര
മാകിന്നതമ്പിനൊടു മൂലമപി ക്രിയാണാം

വാട്ടംവരാതെ ധനധാന്യസമൃദ്ധികൈക്കൊ-
ണ്ടാഢ്യൈ തഴച്ച സുഹൃദൌ സകലേഷുഃ യഷാം
ആട്ടിത്തിരട്ടിവരുമാപദി നാകഭാജാം
മൌഢ്യത്തിലീശ മുരവൈരികളെന്ന പോലെ.

വൃത്ത്യാ വിളങ്ങീടിന വിദ്യകൊണ്ടും
നിത്യം നിറയ്ക്കുന്ന വിനീതികൊണ്ടും

വന്ദ്യൌ കിരാങ്ങാടിതി ഭാസുരൌ യൌ
ചന്ദ്രാംശുമന്താവിവ ദീപ്തിജാലൈഃ
വിദ്വാൻ വിനീതോ നിറമാന്നലാവൃ
വൃത്തേന നാരായണനാമധേയഃ
തദ്വംശഭാജോജനി "നീലകണ്ഠാ-"
ദ്രീന്ദ്രജാപാദപരാഗരാഗീ.

അത്യാദരത്താലചലേന്ദ്രപുത്രീം
നിത്യാമവൻ നിത്യവചോ വിലാസൈഃ
ഭക്ത്യാ പുകണ്ണാനതുകൊണ്ടുതന്നെ
പുത്രോപി ജജ്ഞെ സ "ജയന്ത"നാമാ.

അത്യന്തമൂഢനവനെങ്കിലുമംബികായാം
ഭക്തോ ഗുരുക്തികരണെ നിപുണസ്വഭാവഃ
യസ്യായമമ്പു തടവീടിന ഭാവഹൃദ്യോ
വിദ്യോപദേശ ഗുരു "ശങ്കര"നാമധേയഃ

കേരളങ്ങളിലിണങ്ങിന ഭാഷകൊ-
ണ്ടാരചയ്യ ചെറുതങ്ങവനിങ്ങിനെ
"കേരളീ"തി ലളിതം നിറമാന്നെഴും
പേരുമിട്ടതു പലക്കുപകാരമാം

സൈഷാ ചാരുമുഖീ സതീ മൃദുപദന്യാസാ സുബോധാ മൃദ-
ന്നാനാകമ്മപരായണാ സഹചരീ ധമ്മേ സുവൃത്തോത്തമാ
ആലോകെ ലളിതാത്മനാം രുചികരീ ഭാഷാവിശേഷോദിതാ
വിപ്രാണാം ഹൃദയംഗമാ വിജയതാം വണ്ണോജ്വലാ"കേരളീ"

"സമാപ്തം"

—: * :—

Rathnam Press, Madras.